THE MALANKARA SABHA

# മലങ്കരസഭ

The Official Media of Malankara Orthodox Syrian Church

ജൂലൈ 2015


Rs : 15


ഓഗസ്റ്റ് 15



സ്വാതന്ത്ര്യ ദിനാശംസകൾ

Digital India




# പതിനഞ്ചു നോമ്പാചരണവും

## വിശുദ്ധ ദൈവമാതാവിന്റെ


# വാങ്ങിപ്പു പെരുന്നാളും

**2015 ആഗസ്റ്റ് 1 മുതൽ 15 വരെ**

അഭി. ഡോ. യൂഹാനോൻ ക്രിസോസ്റ്റമോസ്, അഭി. ഏബ്രഹാം മാർ എപ്പിഫാനിയോസ്,
അഭി. ഡോ. ഏബ്രഹാം മാർ സെറാഫിം എന്നീ മെത്രാപ്പോലീത്താമാരുടെ
മഹനീയ നേതൃത്വത്തിൽ.

- സന്ധ്യാ നമസ്ക്കാരം
- ഗാനശുശ്രൂഷ
- തിരുവചന ശുശ്രൂഷ
- മദ്ധ്യസ്ഥ പ്രാർത്ഥന
- നിരണം ഭദ്രാസന സുവിശേഷ സംഘം ധ്യാനം
- അഭയം പ്രാർത്ഥനാ സംഗമം
- നിരണം ഭദ്രാസന മർത്തമറിയം സമ്മേളനം
- മരിയൻ പുരസ്ക്കാര വിതരണം
- ഭക്തിനിർഭരമായ പ്രദക്ഷിണം
- വി. മൂന്നിന്മേൽ കുർബ്ബാന
- പുഴുക്കുനേർച്ച

Kallooppara Valiyapally, St. Mary’s Pilgrim Centre, Kallooppara P.O.
Tiruvalla, Pathanamthitta, Ph: 0469-2677211, www.kalloopparachurch.com



# മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 7, പുസ്തകം 72, ജൂലൈ 2015

**5** മഹാപുരോഹിത സന്ദേശം

**6** എഡിറ്റോറിയൽ
- ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡിജിറ്റൽ ഇന്ത്യ..

**8** സൗമ്യൻ...ശക്തൻ
വാർഷികം
- ഡോ. മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ

**10** വി. പത്രോസിന്റെ രണ്ടാം ലേഖനം
വേദപഠനം
- ഫാ. മാത്യു വർഗീസ്

**12** വിഷം ചീറ്റുന്ന സീരിയലുകൾ
നേർവഴി
- മ്യൂസ് മേരി വർഗ്ഗീസ്

**14** സാറാ ചാക്കോ
അനുസ്മരണം
- അഡ്വ. ജെയ്സി കരിങ്ങാട്ടിൽ

**20** ശമര്യ സ്ത്രീയും....
നിരീക്ഷണം
- ജോൺ ഡി. കുന്നത്ത്

**22** മിര്യാം...
പ്രഭാഷണം
- ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

**32** ദൈവീകരണം-2
വേദശാസ്ത്രം
- ഫാ. ഡോ. ഒ. തോമസ്

**34** നിശ്ചയ ദാർഢ്യത്തോടെ..
അതിഥി-മെറിൻ ജോസഫ് IPS
- ഫാ. ദീപു ഫിലിപ്പ്

വേദമൊഴികൾ, സമ്യഗ് ദർശനം, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ, 5-ജി,



ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ഓഗസ്റ്റ് 15-ന്

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

www.malankarasabhaonline.in

# BRIEFLY

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഓഗസ്റ്റ് 3 മുതൽ 8വരെ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ

INAMS ദേശീയ സമ്മേളനം ഒക്ടോബർ 21 മുതൽ 24 വരെ നാഗ്പൂർ സെമിനാരിയിൽ.

ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ജൂലൈ 29 മുതൽ ഓഗസ്റ്റ് 2 വരെ പഴയ സെമിനാരിയിൽ ക്യാമ്പ് നടക്കും. കൂടുതൽ വിവരങ്ങൾക്ക്: 9495538317

കുവൈറ്റ് ഓർത്തഡോക്സ് കുടുംബ സംഗമം ജൂലൈ 25-ന് ശനിയാഴ്ച 10 മുതൽ സ്തേഫാനോസ് മാർ തേവോദോസിയോസ് മിഷൻ സെന്ററിൽ നടത്തും. കൂടുതൽ വിവരങ്ങൾക്ക് : 9496873951

അബുദാബി ഇടവക കുടുംബ സംഗമം ജൂലൈ 23-ന് പഴയ സെമിനാരിയിൽ.

മർത്തമറിയം വനിതാ സമാജ ദിനം ഓഗസ്റ്റ് 15-ന് ആഘോഷിക്കും.

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

മലങ്കരസഭ

10 ജൂലൈ 2015

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

*മാനേജിംഗ് എഡിറ്റർ*
ഫാ. ദീപു ഫിലിപ്പ്
Mob:- 9 4 4 6996224

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9 4 4 6707276

*സർക്കുലേഷൻ മാനേജർ*
കെ. എ. ജോൺ
Mob:- 9744648617

*അംഗങ്ങൾ*
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

*Cover & Graphic Designing:-*
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

## വരിസംഖ്യ

ഇന്ത്യയിൽ

ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

# ഗുരുമൊഴി



– സഖറിയാ മാർ അന്തോനിയോസ്
മെത്രാപ്പോലീത്താ

മാധ്യമങ്ങളുടെ വളർച്ച ശക്തമാകുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. മാധ്യമങ്ങൾക്ക് സമൂഹത്തിലുള്ള സ്ഥാനം തള്ളിക്കളയുവാൻ കഴിയുകയില്ല. ആഗോള തലത്തിലുള്ള വിവിധ സംഭവങ്ങൾ കാണുവാനും കേൾക്കുവാനും വായിക്കുവാനും ഇതുവഴി സാധിക്കും. മാധ്യമങ്ങളിൽ നിന്നും പല കാര്യങ്ങൾ പഠിക്കുവാനുണ്ട്.

ടെലിവിഷനിൽ ഡിസ്ക്കവറി ചാനൽ കാണുമ്പോൾ മൃഗങ്ങൾ ഇര തേടുന്നത് കാണാം. ഒരു മൃഗത്തെ ലക്ഷ്യമാക്കി പിന്നാലെ ഓടുന്ന മൃഗത്തിന്റെ ഓട്ടം ആകർഷകമാണ്. ലക്ഷ്യമാക്കിയ മൃഗത്തിന്റെ പിന്നാലെ ഓടി അതിനെ ഇരയായി പിടിച്ചെടുക്കുന്നത് കണ്ടിട്ടുണ്ട്. ഒരു ലക്ഷ്യത്തിനായി ഏതു പ്രതിസന്ധിയേയും അതിജീവിച്ച് ഓടുന്ന കാഴ്ചയിൽ നിന്നും ഒരു ലക്ഷ്യത്തിലേക്കുള്ള ഓട്ടത്തിന്റെ ജാഗ്രതയും തീവ്രതയും ഏകാഗ്രതയും വെളിപ്പെടുത്തുന്നു.

വിവിധങ്ങളായ മാധ്യമ ചാനലുകൾ ഉണ്ടെങ്കിലും അതിലെ നന്മകളെ തിരിച്ചറിയുവാൻ കഴിയണം. നാം വിമർശനപൂർവ്വം മാധ്യമ കാഴ്ചകളെ തിരിച്ചറിയുവാൻ പ്രാപ്തമാകണം. മാധ്യമങ്ങളുടെ അതിസാന്നിധ്യവും കാഴ്ചയും വായനാശീലത്തേയും ഏകാഗ്രതയേയും നഷ്ടമാക്കുന്നുണ്ട്. ചാനലുകളിലെ കാഴ്ചകൾ കണ്ട്, കേട്ട് പോകുന്നതിനാൽ വേണ്ടത്ര വായനാശീലം വളർന്നുവരുന്നില്ല.

പുതിയ തലമുറയിൽപ്പെട്ട കുട്ടികൾ ഇന്ന് ഡിജിറ്റൽ സംസ്ക്കാരത്തിലാണ് ജീവിക്കുന്നത്. ഡിജിറ്റൽ ലേണിങ്ങ് പഠനത്തിന്റെ ഭാഗമായി. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇതിനെ നിഷേധിക്കുവാൻ കഴിയില്ല. പ്രോത്സാഹിപ്പിക്കുന്നതിൽ തെറ്റില്ല. മാധ്യമങ്ങളുടെയും നവീന സാങ്കേതിക വിദ്യകളുടെയും സാധ്യതകൾ വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ അതിന്റെ സ്വാധീനം കൊണ്ട് വ്യക്തി സ്വാതന്ത്ര്യം നഷ്ടപ്പെടുകയാണ്. ഏതു സോപ്പ്, ഏത് പേസ്റ്റ്, ഉപയോഗിക്കണമെന്ന് നിശ്ചയിക്കുന്നതും തെരഞ്ഞെടുക്കുവാൻ പ്രേരിപ്പിക്കുന്നതും മാധ്യമങ്ങളാണ്. വ്യക്തി ജീവിതത്തിൽപ്പോലും സ്വന്തമായ തെരഞ്ഞെടുപ്പുകൾക്കുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു.

ഇത്തരം സാഹചര്യത്തിൽ ശരിയായ പാതയിൽ മാധ്യമങ്ങളെ കാണുവാൻ മാതാപിതാക്കൾ മക്കളെ പരിശീലിപ്പിക്കണം. മാധ്യമ ബോധനം വീട്ടിൽ ആരംഭിക്കണം. ഒരാളുടെ സ്വഭാവ രൂപീകരണം ശക്തിപ്പെടുന്നത് ഭവനത്തിനുള്ളിലാണ്. എന്നാൽ അതിന്റെ പ്രാരംഭം അമ്മയുടെ ഗർഭാശയത്തിൽ തന്നെ ആരംഭിക്കുന്നു. അമ്മയുടെ ഗർഭത്തിൽ വളരുന്ന ശിശുവിൽ അമ്മയുടെ സ്വഭാവം സ്പഷ്ടമായി പ്രതിഫലിക്കും എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

മാധ്യമങ്ങളെ ഒഴിവാക്കി പുതിയ തലമുറയെ, മുതിർന്ന തലമുറ സ്വീകരിച്ചാൽ ('ന്യൂജനറേഷൻ') പഴയതലമുറ ഒഴിവാക്കപ്പെടും. അതിനാൽ പുതിയ തലമുറയെ ശരിയായ ദിശയിലേക്ക് നയിക്കുവാനുള്ള ഉത്തരവാദിത്തം മാതാപിതാക്കൾക്കും വൈദികർക്കും സഭയ്ക്കും ഉണ്ട്.

വീടുകളിൽ സംഭാഷണം വീണ്ടെടുക്കണം. മൊബൈൽ ഫോൺ, ടാബ്, ടെലിവിഷൻ എന്നിവ എല്ലാം ശക്തിപ്പെടുന്നതിനാൽ കുടുംബസംഭാഷണം പോലും നഷ്ടമായിരിക്കുകയാണ്. ഭവനങ്ങളിലെ സംഭാഷണം നിലച്ചത് അത്യാധുനിക മൊബൈൽ ഫോണിന്റെ വരവാണ്. അതിനാൽ കുടുംബ സംഭാഷണം വീണ്ടെടുക്കാൻ പ്രത്യേകമായ ശ്രദ്ധയും താല്പര്യവും കുടുംബാംഗങ്ങൾക്ക് ഉണ്ടാകണം. മാതാപിതാക്കളും മക്കളും തമ്മിൽ കുടുംബ സംഭാഷണം വീണ്ടെടുക്കുവാൻ കഴിയണം. നിശ്ചിത സമയമെങ്കിലും ടെക്നോളജി switch off ചെയ്തിട്ട് കുടുംബ സംഭാഷണവും കൂട്ടായ്മയും പുനഃക്രമീകരിക്കുവാൻ കഴിയണം. മാധ്യമ സ്വാധീനത്തെ വിമർശനാത്മകമായി ഉൾക്കൊള്ളുവാൻ ഏവർക്കും സാധിക്കണം.

■





# മഹാപുരോഹിത സന്ദേശം

ദിവ്യബോധനം പദ്ധതി മലങ്കര ഓർത്തഡോക്സ് സഭ ആരംഭിച്ചിട്ട് മൂന്നു പതിറ്റാണ്ടായി. ഇത്രമാത്രം അതു വളരുവാനും സഭയുടെ അടിസ്ഥാനപരമായ വിശ്വാസ സത്യങ്ങൾ ഊട്ടി ഉറപ്പിക്കുവാനും തക്കവണ്ണമുള്ള 'മലങ്കരസഭയുടെ അമ്പാസിഡേഴ്സ്' എന്നു പറയത്തക്കവണ്ണമുള്ള വലിയ സമൂഹത്തെ വാർത്തെടുക്കുവാൻ ദിവ്യബോധനം പദ്ധതി വഴി സാധ്യമായി

ആത്മായ സഹോദരങ്ങൾക്ക് സഭയെക്കുറിച്ചും വേദശാസ്ത്രത്തെക്കുറിച്ചും പഠിക്കുവൻ വേദി എവിടെ എന്നു ചോദിച്ച ഒരു കാലം ഉണ്ടായിരുന്നു. സൺഡേസ്ക്കൂളിൽ പഠിച്ചതിലുപരിയായ കാര്യങ്ങൾ സഭയുടെ ചരിത്ര വിശ്വാസ സത്യങ്ങൾ ജനങ്ങൾക്ക് പകർന്നു നൽകുവാൻ കഴിയുന്ന നൂതന പദ്ധതിയായി ദിവ്യബോധനം ആവിഷ്ക്കരിച്ചു. ഇതിൽ വൈദിക സെമിനാരിയുടെ പങ്ക് വളരെ വലുതാണ്. ഈ പദ്ധതിമൂലം വിശ്വാസികൾ സഭയുടെ വേദപ്രബോധനങ്ങളിലും വിശ്വാസ സത്യങ്ങളിലും അടിയുറച്ചു വളരുവാൻ കഴിയുന്നു. മലങ്കര സഭയുടെ ആരാധനയേയും വിശ്വാസ ആചാര അനുഷ്ഠാനങ്ങളെയും ആഴത്തിൽ മനസിലാക്കി ജീവിക്കുവാൻ, വിശ്വാസികളെ പ്രബുദ്ധമാക്കുന്ന ആത്മീയ പ്രബോധനമാണ് ദിവ്യബോധനം. ഒരു കാലത്ത് സഭയിൽ ഉന്നത വിദ്യാഭ്യാസമുള്ളവരും പൊതു സ്ഥാനത്തു നിന്നവരും സഭയിൽ കൊഴിഞ്ഞു പോകാറില്ലായിരുന്നു. എന്നാൽ ആധുനിക കാലഘട്ടങ്ങളിൽ വിശ്വാസികൾ കൊഴിഞ്ഞുപോകുന്നുണ്ട്. അത് തിരിച്ചറിഞ്ഞ് അവരെ സഭയുടെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ തക്കവണ്ണം ദിവ്യബോധനം പഠിച്ചവർ മാർഗ്ഗം പകരണം. സഭയുടെ വിശ്വാസം, ചരിത്രം, വേദശാസ്ത്രം, ആധുനിക സഭ നേരിടുന്ന വെല്ലുവിളികൾ എന്നിവയ്ക്ക് കൃത്യമായ നിർവ്വചനം നൽകി സാധാരണക്കാർക്ക് മനസ്സിലാക്കുന്ന രീതിയിൽ പ്രബോധിപ്പിക്കുവാനുള്ള ഉത്തരവാദിത്തം നമുക്ക് ഉണ്ട്. ദിവ്യബോധനം പഠിച്ചവർക്ക് ഇക്കാര്യത്തിൽ വലിയ കാര്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയും.

ദിവ്യബോധനം ആദ്ധ്യാത്മിക സംഘടനയ്ക്ക് ഉപരി ഒരു അക്കാദമിക് പരിശീലനമാണ്. അറിവ് നേടുകയും അറിവ് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുകയും ചെയ്തുകൊണ്ട് സഭയുടെ അടിസ്ഥാനം ഉറപ്പാക്കുന്ന പ്രസ്ഥാനമാണിത്. അതിനാൽ ദിവ്യബോധനം പദ്ധതി എല്ലാ ഇടവകകളിലും ഭദ്രാസനങ്ങളിലും ഏറ്റവും ഭംഗിയായി, ഊർജ്ജസ്വലമായി പ്രവർത്തിക്കുവാനുള്ള പദ്ധതികൾ ഉണ്ടാകണം. സഭയുടെ പ്രതിസന്ധികൾ എങ്ങനെ അതിജീവിക്കുവാൻ കഴിയുമെന്നതിനുള്ളതിന്റെ ഉത്തരവും ഈ പഠന പദ്ധതിയിൽ കൂടി മനസ്സിലാക്കുവാൻ കഴിയും എന്നു വിചാരിക്കുന്നു.

'ദിവ്യബോധനം' എന്ന പേരു തന്നെ വളരെ ആകർഷകവും നൂതനവുമാണ്. സഭയുടെ ദൈവശാസ്ത്രവും വേദശാസ്ത്രവും താല്പര്യത്തോടെ മനസ്സിലാക്കി പുതിയ തലമുറയ്ക്ക് അത് പകർന്നു കൊടുത്ത് ദൈവസ്നേഹത്തിലും സഭാ സ്നേഹത്തിലും അവരെ വളർത്തിയെടുക്കുവാൻ ദിവ്യബോധനം എന്ന അത്മായ ദൈവശാസ്ത്ര പഠന പദ്ധതിക്ക് സാധിച്ചു എന്നത് അത്യന്തം അഭിമാനകരമായ വസ്തുതയാണ്. ഇതിനോടകം കേരളത്തിനകത്തും വെളിയിലുമായി അനേകർ ദിവ്യബോധന പദ്ധതിയിൽ ഉൾപ്പെട്ട സർട്ടിഫിക്കേറ്റ്, ഡിപ്ലോമാ, ഡിഗ്രി, തിരുവചന ഭാഷ്യപഠനം എന്നീ കോഴ്സുകളിൽ ചേർന്ന് പഠനം പൂർത്തീകരിച്ചിട്ടുണ്ട്. കോഴ്സുകൾ പൂർത്തിയാക്കുന്നവർ  പരിശുദ്ധ സഭയുടെ വളർച്ചയ്ക്കും കെട്ടുപണിക്കുമായി തങ്ങളുടെ അറിവുകളെ പ്രയോജനപ്പെടുത്തണം. സഭാമക്കൾ ഓരോരുത്തരും ഈ പദ്ധതിയിൽ ഭാഗഭാക്കാകുവാൻ പ്രത്യേകം ഉത്സാഹിക്കണം.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

*(ദിവ്യബോധനം കോൺവൊക്കേഷനിൽ പഴയ സെമിനാരിയിൽ നടത്തിയ അനുഗ്രഹ പ്രഭാഷണം 27-6-2015)*

## EDITORIAL

# ഡിജിറ്റൽ ഇന്ത്യ




## E-LITERACY FOR DIGITAL INDIA

### ഡിജിറ്റൽ ഇന്ത്യ:

**നന്മയും തിന്മയും തിരിച്ചറിയുവാൻ ക്രിയാത്മക സംവാദങ്ങൾ സഭയിലും സമൂഹത്തിലും ഉണ്ടാകണം.**

‘ ഇന്ത്യയെ ഡിജിറ്റൽ സങ്കേതങ്ങൾ വഴി ശാക്തീകരിക്കുന്ന രാഷ്ട്രമാക്കുകയാണ് എന്റെ ലക്ഷ്യം.

– പ്രധാനമന്ത്രി നരേന്ദ്രമോദി

* * *

ദിവസവും ഉണരുമ്പോൾ മനസിൽ സ്വയം
പറയേണ്ട അഞ്ചു വരികൾ:
ഞാൻ പെർഫക്റ്റ് ആണ്. എനിക്ക് അത് ചെയ്യാൻ
സാധിക്കും. ദൈവം എപ്പോഴും എന്നോട് കൂടെ ഉണ്ട്.
ഞാനായിരിക്കും എപ്പോഴും വിജയി.
ഇന്നാണ് എന്റെ ദിവസം.

– മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം

* * *

സാമ്പത്തികമായി ആഗോള കമ്പോള വ്യവസ്ഥിതിയുടെ അവിഭാജ്യ ഘടകമായ ഇന്ത്യക്ക് ബാഹ്യ സമ്മർദ്ദത്തെ ചെറുക്കാൻ സാമ്പത്തികമായോ സൈനികമായോ ശക്തിയില്ല. സമൂഹത്തിൽ നീതി വർദ്ധിക്കണം. എല്ലാവർക്കും നീതി ലഭിക്കും എന്ന ബോധ്യം പൊതു സമൂഹത്തിന് ഉണ്ടാകണം.

– ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ’

* * *

ഇന്ത്യൻ ജനതയെ നവ സാങ്കേതിക വിദ്യയുമായി ബന്ധിച്ച് ‘ഡിജിറ്റൽ ഇന്ത്യ’ (Digital India) സൃഷ്ടിക്കുന്ന പദ്ധതി സർക്കാർ പ്രഖ്യാപിച്ചു. 2014 ഓഗസ്റ്റ് 21-ന് ആരംഭിച്ച ഡിജിറ്റൽ ഇന്ത്യാ പഞ്ചവത്സര പദ്ധതി 2019-ൽ സമാപിക്കുമ്പോൾ അഴിമതി രഹിതവും സുതാര്യവുമായ ഭരണ സംവിധാനമാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. ഇൻഫർമേഷൻ ടെക്നോളജിയുടെ അനന്ത സാധ്യതകൾ ഫലപ്രദമായി വിനിയോഗിച്ച് ഇന്ത്യൻ ജനതയെ ടെക്നോളജിയുമായി അഭേദ്യമായി ബന്ധിപ്പിക്കും. ഇതിനായി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ആകർഷിക്കുന്ന പദ്ധതികൾക്കാണ് പ്രാമുഖ്യം. *മെയ്ക്ക് ഇൻ ഇന്ത്യയും* (Make In India), *ഡിസൈൻ ഇൻ ഇന്ത്യയും* (Design In India) ശക്തിപ്പെട്ടെങ്കിൽ മാത്രമേ ഡിജിറ്റൽ ഇന്ത്യ യാഥാർത്ഥമാകൂ എന്നും സർക്കാർ മുൻകൂട്ടി പ്രവചിച്ചിട്ടുണ്ട്.

മനുഷ്യജീവിതം, സംസ്ക്കാരം, സാമൂഹ്യ ബന്ധങ്ങൾ എന്നിവയെല്ലാം പൊളിച്ചെഴുതുന്ന ഈ പദ്ധതിയിൽ വിദ്യാഭ്യാസം, ആരോഗ്യം, കാർഷിക രംഗം, സുരക്ഷാ സംവിധാനങ്ങൾ, ബാങ്കിംഗ്, നീതി നിർവ്വഹണം, പ്ലാനിംഗ്, സൈബർ സുരക്ഷ എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജി ആധിപത്യം പുലർത്തുന്ന ‘ഡിജിറ്റൽ ഇന്ത്യയിൽ’ നഗരങ്ങളും രണ്ടര ലക്ഷത്തോളം ഗ്രാമങ്ങളും ‘ഡിജിറ്റൽ ഹൈവേയിൽ’ പരസ്പരം ബന്ധിപ്പിക്കും. ഇന്ത്യയെ 2019-ഓടെ നെറ്റ്‌വർക്കിംഗ് സമൂഹമാക്കിത്തീർക്കുകയാണ് ലക്ഷ്യം. ‘ഡിജിറ്റൽ ഇന്ത്യാ’ പദ്ധതിയിൽ അതിവേഗ ഡിജിറ്റൽ ഹൈവേകളും, മൊബൈൽ ഫോൺ വഴിയുള്ള ആഗോള തല സേവനങ്ങളും, ഇന്ത്യയിൽ എവിടെയും എത്തിച്ചേരും. ഇന്റർനെറ്റിന്റെ ലഭ്യത, ഇലക്ട്രോണിക് ഭരണ നിർവ്വഹണവും സേവനവും, ഏവർക്കും വിവര വിജ്ഞാനം, ഇലക്ട്രോണിക് സാധനങ്ങളുടെ ഉൽപ്പാദനം, വിപണനം, എല്ലായിടവും വിവര സാങ്കേതികതയുടെ സൗജന്യ പ്രാപ്യത എന്നിവ ഡിജിറ്റൽ ഇന്ത്യയിൽ വിഭാവനം ചെയ്തിരിക്കുന്നു. ഭരണ-സേവന രംഗത്ത് സുതാര്യതയും അതിവേഗതയും സൃഷ്ടിച്ച് ജനജീവിതം മെച്ചപ്പെടുത്തുവൻ ആഗ്രഹിക്കുന്ന ഡിജിറ്റൽ സംസ്ക്കാരം നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള അന്തരം ലഘൂകരിക്കും! വിജ്ഞാന, വിവര, വികസനങ്ങൾ എല്ലായിടവും ഒരു സമയം എത്തിച്ചേരുന്നതിനും ഭരണ നിർവ്വഹണത്തിലെ അകാര്യക്ഷമതയും സങ്കീർണ്ണതയും അവസാനിപ്പിക്കുന്നതിനും കഴിയും. സർക്കാർ സേവനങ്ങൾ ഇ-ഗവേണൻസിൽ നിന്നും എം-ഗവേണൻസിലേക്ക് (Mobile Governance) ചുവടു മാറ്റുന്ന പദ്ധതി ഡിജിറ്റൽ യുഗത്തിൽ അതിവേഗം യാഥാർത്ഥ്യമാക്കുവാൻ കഴി

യും. നവീന സാങ്കേതികതയുള്ള സ്മാർട്ട് ഫോണുകൾ അനിവാര്യമാണെന്നു മാത്രം. ഇന്ത്യയിൽ ഫോൺ കണക്ഷനുകളുടെ എണ്ണം 100 കോടി കവിഞ്ഞു. സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിൽ ഓൺലൈൻ സൗകര്യം യാഥാർത്ഥ്യമായതോടെ സ്മാർട്ട് ഫോണുകൾ എങ്ങനെയും സ്വന്തമാക്കി 'ഡിജിറ്റൽ ഇന്ത്യയെ' ജാതി-മത-രാഷ്ട്രീയ ഭേദമെന്യേ വരവേറ്റു.

ഓൺലൈൻ സേവന സമ്പ്രദായങ്ങൾ സുതാര്യവും അഴിമതി രഹിതവുമായ സംസ്ക്കാരത്തെ സൃഷ്ടിക്കുമെന്ന് ഉൽഘോഷിക്കുന്നത് ആശ്വാസകരം. സർക്കാർ നടപടി ക്രമങ്ങൾ സുതാര്യമായി അതിശീഘ്രം ഡിജിറ്റൽ സംവിധാനത്തിൽ സംവേദിപ്പിക്കുവാൻ കഴിയും. അതിനുള്ള നീതിബോധവും ധാർമ്മികമായ ഇച്ഛാശേഷിയും ഭരണകർത്താക്കൾക്ക് ഉണ്ടാകണമെന്ന് മാത്രം. സൈബർ യുദ്ധ മുഖങ്ങളിൽ രക്തരഹിത പോരാട്ടങ്ങൾ ആസന്നമായതിനാൽ സൈബർ സുരക്ഷിതത്വം രാജ്യത്തിന് അനിവാര്യമാണ്. ഇറക്കുമതി ചെയ്യുന്ന ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾക്ക് നിയന്ത്രണമുണ്ടാകണം. ആഗോള തലത്തിൽ ശ്രദ്ധ നേടുന്ന ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ നിർമ്മിതിയും വിപണനവും ജാഗ്രതയോടെ നിർവ്വഹിക്കണം.

സർക്കാർ വിവരങ്ങളും സേവനങ്ങളും വിരൽത്തുമ്പിൽ എത്തുമ്പോൾ ചുവപ്പു നാടകൾക്കും ഇടനിലക്കാർക്കും അറുതിവരും. ഭരണക്രമം അതിവേഗവും നീതിപൂർവ്വവും ജനാധിപത്യ സ്വഭാവത്തോടും പൊതുജന അഭിലാഷ പ്രകാരവും നിർവ്വഹിക്കുവാൻ കഴിയും. ഭരണക്രമങ്ങളിൽ സത്യവും നീതിയും ധർമ്മവും പുനസ്ഥാപിക്കാം. ഇതിന് വിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്നവർക്ക് അതിവേഗ ശിക്ഷണ നടപടികൾ ഉണ്ടാകണം. ഇന്ത്യൻ ഗ്രാമങ്ങളിൽ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല യാഥാർത്ഥ്യമായെങ്കിൽ മാത്രമേ ഇന്ത്യ ഡിജിറ്റലാകൂ. ഇതിന് അഞ്ച് ലക്ഷം കോടിയെങ്കിലും ഉണ്ടാകണം. സ്മാർട്ട് സിറ്റികളും വൻകിട കെട്ടിട സമുച്ചയങ്ങളും വിഭാവനം ചെയ്യുന്ന ഡിജിറ്റൽ പദ്ധതിയിൽ അതിവേഗ സംവേദന ഉപാധികളും കടലാസ് രഹിത സംവിധാനങ്ങളും യാഥാർത്ഥ്യമാകുമ്പോഴും പട്ടിണി പാവങ്ങൾക്ക് ആര് നീതി നടപ്പാക്കും? സാക്ഷരതയും സാമ്പത്തിക ഭദ്രതയുമുള്ള സംസ്ഥാനങ്ങൾ പോലും ഡിജിറ്റൽ ഇന്ത്യയെ ഉൾക്കൊള്ളുവാൻ സജ്ജമായിട്ടില്ല. ഇന്ത്യയുടെ സാമൂഹിക, സാമ്പത്തിക സ്ഥിതി വിവരണങ്ങൾ വെളിപ്പെടുത്തുന്നത് പ്രാഥമിക ആവശ്യങ്ങൾക്കുപോലും സ്വയം പര്യാപ്തമാകാത്ത ജനതയുടെ ചരിത്രമാണ്.



## EDITORIAL

ഇന്ത്യയിലെ 125 കോടി ജനങ്ങളിൽ ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണർക്കും ദളിതർക്കും പ്രാപ്യമാക്കുവാൻ കഴിയാത്തതാണ് ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ ഉൽപ്പാദിപ്പിക്കുന്ന ജീവിതവും സംസ്ക്കാരവും. ദരിദ്ര രേഖയ്ക്ക് താഴെ 35 ശതമാനത്തിലധികം ജനങ്ങളുണ്ട്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, യാത്രാ സൗകര്യങ്ങൾ, ആരോഗ്യപരിപാലനം, കുടിവെള്ളം, സാക്ഷരത, തൊഴിൽ തുടങ്ങിയ മൗലിക അവകാശങ്ങൾ ഏവർക്കും ലഭ്യമാക്കുവാൻ ഒരു സർക്കാരിനും കഴിയുന്നില്ല.

ആഗോളവൽക്കരണത്തിന്റെ അതിശക്തമായ വ്യാപനം 1990 കളോടെ ആരംഭിച്ചപ്പോൾ ഇന്ത്യയിൽ വിവര സാങ്കേതിക വിദ്യയുടെ സുലഭതയും പ്രാപ്യതയും അതിദ്രുത ഗതിയിലായി. എല്ലാ വിഭാഗം ജനങ്ങൾക്കും ഡിജിറ്റൽ ഉപകരണങ്ങളോടുള്ള ഭ്രമവും അത് സൃഷ്ടിക്കുന്ന വ്യാജമായ സാമൂഹ്യ ഔന്നത്യവും ആകർഷകമായി. അതിസമ്പന്നരുടെ രാഷ്ട്രീയ അധികാരത്തിന്റെ ചിഹ്നമായ സാങ്കേതികതയെ ബഹുജനങ്ങളിൽ എത്തിച്ച് നവ സാങ്കേതികതയുടെ ഇരകളാക്കിത്തീർക്കുവാൻ ഡിജിറ്റൽ ഇന്ത്യ സൃഷ്ടിക്കുന്ന പുത്തൻ സംസ്ക്കാരത്തിനു കഴിയും. നിയമ സംവിധാനവും വ്യവസ്ഥിതിയും അതിനെ പിന്താങ്ങുമ്പോൾ പ്രതിരോധിക്കുവാൻ കഴിയാതെ വരും.

അറിവ്, ശേഖരണം, സംഭരണം, സംവേദനം എന്നിവയിൽ വക്രീകരണങ്ങളും സാംസ്ക്കാരിക അധീശത്വങ്ങളും ശക്തിപ്പെടുവാൻ പാടില്ല. രാഷ്ട്രങ്ങളുടെ ഭൂമിശാസ്ത്രപരവും സാമൂഹികവും രാഷ്ട്രീയവുമായ അതിരുകൾക്കപ്പുറത്തേക്കുള്ള സംവേദനക്രമങ്ങളും ഡിജിറ്റൽ സംവിധാനങ്ങളുടെ നിയമ വ്യവസ്ഥകളും മനുഷ്യ സ്വാതന്ത്ര്യത്തിനും തെരഞ്ഞെടുപ്പിനും സ്വകാര്യതയ്ക്കും അതിശക്തമായ നിയന്ത്രണം വരുത്തുകയാണ്.

ഡിജിറ്റൽ ഇന്ത്യയുടെ നന്മയും തിന്മയും തിരിച്ചറിയുവാൻ ക്രിയാത്മക സംവാദങ്ങൾ ഉണ്ടാകണം. ഡിജിറ്റൽ ഇന്ത്യ സൃഷ്ടിക്കുന്ന ജീവിതക്രമം മനുഷ്യക്കൂട്ടായ്മകളെ വിവിധ തരത്തിൽ ശിഥിലീകരിക്കുകയും സാങ്കേതികതയ്ക്ക് അടിമകളാക്കിത്തീർക്കുകയും ചെയ്യും. ഇത് സൃഷ്ടിക്കുന്നത് സ്ഥലകാല അതിരുകളുടെയും യഥാർത്ഥ വ്യക്തി ബന്ധങ്ങളുടെയും അന്ത്യമാണ്. കാല ദേശത്തെ ചുരുക്കുന്ന കമ്പോളത്തിന്റെയും ബഹുരാഷ്ട്ര കുത്തകകളുടെയും ആഗോള കമ്പോളത്തിന്റെയും ഡിജിറ്റൽ സംവിധാനങ്ങൾക്ക് മനുഷ്യർ അടിമയാകും.

> "ഇന്ത്യയിൽ ഡിജിറ്റൽ സാക്ഷരതയുടെ അതിവേഗ വ്യാപനം ശക്തിപ്പെടുന്നെങ്കിലും സമ്പന്ന-ദരിദ്ര അനുപാതം അനുദിനം വർദ്ധിക്കുകയാണ്. അനീതി, ദാരിദ്ര്യം, ഭീകരത, വർഗീയത, നിരക്ഷരത, അഴിമതി, സ്ത്രീപീഡനം, മതസംഘർഷം എന്നീ പ്രതിസന്ധികൾ ഇന്നും സ്വതന്ത്ര ഇന്ത്യയുടെ നേർക്കാഴ്ചകളാണ്."

**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com



# സൗമ്യൻ നിലപാടുകളിൽ ശക്തൻ

■ ഡോ. കെ.എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ

ഭിന്നശേഷിയുള്ളവരുടെ മദ്ധ്യത്തിലേക്ക് അദ്ദേഹം ഇറങ്ങിച്ചെന്നു. അവരിലധികവും മാനസിക രോഗികളായിരുന്നു. തൊട്ടനുഗ്രഹിച്ചപ്പോൾ അവരുടെ മുഖം പ്രകാശിതമായി. സ്വതസിദ്ധമായ, നിഷ്ക്കളങ്കതയോടെ അദ്ദേഹം അവരോടു സംഭാഷിച്ചു. വലിയ ഇടയൻ അവർക്ക് സമ്മാനങ്ങൾ കൈമാറി. കൂടെയിരുത്തി ആശ്ലേഷിച്ചു. കണ്ടു നിന്നവർക്കും അത് സാന്ത്വന സ്പർശമായി.

മെത്രാൻ സ്ഥാനാഭിഷേകത്തിന്റെ മുപ്പതാം വാർഷിക ദിനം പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ അഗതികൾക്കും രോഗികൾക്കുമൊപ്പമാണ് ചെലവഴിച്ചത്. ആ ഹതഭാഗ്യർ അവാച്യമായ ഒരാനന്ദം അനുഭവിച്ചു. എളിമയും വാത്സല്യവും വഴിഞ്ഞൊഴുകിയ സംഗമം. ശാന്തഗംഭീരമായ സാന്നിദ്ധ്യം.

ഇതിനോടകം ഇൻഡ്യയുടെ പ്രസിഡന്റും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള വിവിധ രാഷ്ട്രനേതാക്കൾക്കിടയിലും ഫ്രാൻസിസ് മാർപ്പാപ്പാ ഉൾപ്പെടെയുള്ള സഭാ മേലദ്ധ്യക്ഷന്മാർക്കിടയിലും ശാന്തവും ഗംഭീരവുമായ മുഖമുദ്ര പതിപ്പിക്കുവാൻ ബാവായ്ക്ക് കഴിഞ്ഞു. 2015 ഏപ്രിൽ മാസാന്ത്യത്തിൽ ഓറിയന്റൽ ഓർത്തഡോക്സ് സഭാ മേലദ്ധ്യക്ഷന്മാരോടൊപ്പം അർമ്മീനിയായിൽ ഉജ്ജ്വല സ്വീകരണം ലഭിച്ചത് ലോകത്തിലേക്കുള്ള വിജയകരമായ പ്രവേശനം (The Triumphal Entry into the World) എന്നാണ് നിരീക്ഷകർ വിലയിരുത്തിയത്.

**പൗലോസ് ദ്വിതീയൻ ബാവായുടെ സവിശേഷതകളായി നാലു കാര്യങ്ങൾ ചൂണ്ടിക്കാണിക്കാം.**

1. ആരേയും ചെറുതാക്കാനോ ഇല്ലാതാക്കാനോ ശ്രമിക്കാതെ, അമിതമായ വികാര പ്രകടനമോ ശത്രുതാമനോഭാവമോ ഇല്ലാതെ, പരിചയങ്ങൾ സ്വാർത്ഥ താല്പര്യങ്ങൾക്കുപയോഗിക്കാതെ, ഉറച്ച നിലപാടുകൾ ശക്തിയോടെ പ്രഖ്യാപിക്കുന്ന ആത്മീയപിതാവ്.

2. പ്രാർത്ഥനയും സൗമ്യമായ പെരുമാറ്റവും അവഗണിക്കപ്പെട്ടവരോടുള്ള സ്നേഹവും കൊണ്ട് സമൂഹത്തേയും സഭയേയും രൂപാന്തരപ്പെടുത്തുന്ന അന്തസ്സുറ്റ ആത്മീയ നേതൃത്വം.

3. ശ്രേഷ്ഠ പദവികൾക്കും അധികാരാവകാശങ്ങൾക്കും താൻ അനർഹനല്ല എന്ന എളിമയുടെ ഭാവം സ്ഫുരിക്കുന്ന വ്യക്തിത്വം.

4. വിവിധ മേഖലകളിൽ ആത്മാർത്ഥതയുടെ മഹർഷി ഭാവവും പ്രസാദാത്മകതയും സഹകരണ മനോഭാവവും പ്രസരിപ്പിക്കുന്ന ആത്മീയ പിതാവ്.

**ആഗോള സഭാ തലവൻ എന്ന സ്ഥാനത്തിന് അനുയോജ്യമായ അദ്ദേഹത്തിന്റെ ചില ഉറച്ച നിലപാടുകൾ.**

1. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യാനികൾക്ക് നേരിടേണ്ടി വരുന്ന പീഡകൾ പരിശുദ്ധ സഭയെ തളർത്തുകയില്ല.

**ഇൻഡ്യയുടെ പ്രസിഡന്റും പ്രധാന മന്ത്രിയും ഉൾപ്പെടെയുള്ള വിവിധ രാഷ്ട്ര നേതാക്കൾക്കിടയിലും ഫ്രാൻസിസ് മാർപ്പാപ്പാ ഉൾപ്പെടെയുള്ള സഭാ മേലദ്ധ്യക്ഷന്മാർക്കിടയിലും ശാന്തവും ഗംഭീരവുമായ മുഖമുദ്ര പതിപ്പിക്കുവാൻ ബാവായ്ക്ക് കഴിഞ്ഞു.**



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 30-ാമത് മെത്രാൻ സ്ഥാനാഭിഷേക വാർഷികത്തോടനുബന്ധിച്ച് ആശംസയർപ്പിക്കുവാൻ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ എത്തിയ ചങ്ങനാശേരി അതിരൂപതയുടെ മുൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ

2. മാനുഷിക മൂല്യങ്ങളിൽ വിശ്വസിക്കുന്ന ഭരണകൂടങ്ങൾ ഇത്തരം ഭീകരതയ്ക്കെതിരെ കർശന നിലപാടുകൾ സ്വീകരിക്കണം.

3. വിവിധ രാജ്യങ്ങളിൽ മതേതരത്വം കാത്തു സൂക്ഷിക്കുവാൻ അധികാരികൾ പ്രതിജ്ഞാബദ്ധരാകണം.

4. പ്രശ്നം നിലനില്ക്കുന്ന പള്ളികളിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് പ്രവേശിച്ചതിലൂടെ സഭാ സമാധാന സാധ്യതകളാണ് നഷ്ടമാകുന്നത്. സഭകൾ തമ്മിലുള്ള ഊഷ്മള ബന്ധത്തിനാണ് അത് തടസമാകുന്നത്.

5. ഇതിന് ഒത്താശ ചെയ്യുന്ന ഭരണകൂടങ്ങളുടെ നിലപാട് ശരിയല്ല. അവരോട് പരിശുദ്ധ സഭയ്ക്ക് യോജിക്കാനാവുകയില്ല.

6. 1934-ലെ മലങ്കരസഭാ ഭരണഘടനയും സഭാ സംബന്ധമായ സുപ്രീം കോടതി വിധികളും, നല്ല ക്രിസ്തീയ മനസ്സാക്ഷിയും അടിസ്ഥാനമാക്കിയുള്ള ഏതു സമാധാന ശ്രമങ്ങളേയും സ്വാഗതം ചെയ്യുന്നു.

7. ധാർമ്മികമായ അടിത്തറ സമൂഹത്തിനുണ്ടാകണം. അഴിമതിയും സ്വജന പക്ഷപാതവും നീതിനിഷേധവും ഇല്ലാതാകണം.

പൗലോസ് ദ്വിതീയൻ ബാവായുടെ ലേഖനങ്ങളും പ്രസംഗങ്ങളും സമാഹരിച്ച് നാലു ഗ്രന്ഥങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. അജപാലന ശുശ്രൂഷയിൽ ആവശ്യം അറിഞ്ഞിരിക്കേണ്ട വിലപ്പെട്ട കാര്യങ്ങൾ ഈ പുസ്തകങ്ങളിലുണ്ട്. ചില ഉൾക്കാഴ്ചകൾ: 1. സമൂഹത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ഇടയ ശുശ്രൂഷ ചെയ്യണം. 2. മനുഷ്യനോടു മാത്രമല്ല, മണ്ണിനോടും വൃക്ഷങ്ങളോടും വായുവിനോടും പ്രതിബദ്ധത ഉണ്ടാകണം. 3. മറ്റൊരാളിന്റെ വേദന നമ്മുടെ വേദനയായി തിരിച്ചറിയണം. 4. അർഹതയുള്ളവരെ രഹസ്യമായി സഹായിക്കണം. 5. ക്രൂശിൽ നിന്നും പ്രവഹിച്ച ദൈവസ്നേഹത്തിന്റെ പങ്കുവയ്ക്കലാണ് യഥാർത്ഥ ക്രിസ്തീയ മിഷൻ.

തന്റെ ജീവിതാനുഭവങ്ങൾ ചുരുക്കമായി പറയുന്ന "ഗുരുമൊഴികൾ" എന്ന തലക്കെട്ടിൽ പ. ബാവാ എഴുതിയ ഒരു ലേഖനമുണ്ട് (മലങ്കരസഭ, ഓഗസ്റ്റ് 2014) പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായിൽ നിന്നു പഠിച്ച ചില പ്രധാന പാഠങ്ങൾ ഈ ലേഖനത്തിലൂടെ പകർന്നു തരുന്നു. 1. ശാസനകളിൽ വാത്സല്യമുണ്ടായിരിക്കണം. 2. തന്നെക്കാൾ താഴ്ന്ന സ്ഥാനികളോട് ദയാവായ്പയോടെ ഇടപെടണം. 3. സഭയുടെ സ്വാതന്ത്ര്യത്തെ ഒട്ടും വെള്ളം ചേർക്കാതെ കാത്തുസൂക്ഷിക്കണം. 4. കോടീശ്വരന്മാരെ കാണുമ്പോൾ ശിരസ്സു കുനിക്കരുത്. 5. കണക്കുകൾ കൃത്യമായി സൂക്ഷിക്കണം. 6. മറ്റുള്ളവർ ഉപദ്രവിക്കപ്പെടുവാൻ അവസരം ഉണ്ടാക്കരുത്. 7. പൊതുമുതൽ കൈകാര്യം ചെയ്യുന്നത് ഒന്നോ രണ്ടോ പേരുടെ സാന്നിദ്ധ്യത്തിലാകണം. അതിൽ സൂക്ഷ്മത വേണം. 8. ദൈവത്തിൽ നന്നായി ആശ്രയിച്ച് ചുമതലകൾ നിറവേറ്റണം. 9. സത്യത്തേയും സത്യത്തിനുവേണ്ടി നിലകൊള്ളുന്നവരേയും സംരക്ഷിക്കണം.

പ. പൗലോസ് ദ്വിതീയൻ ബാവായുടെ ഉറച്ച പ്രഖ്യാപനം ശ്രദ്ധിക്കുക: "ദൈവം എന്നോടൊപ്പമുണ്ട് എന്ന ആത്മ വിശ്വാസമാണ് എന്റെ ആകെയുള്ള കൈമുതൽ. നമ്മൾ കൗശലങ്ങൾ ഉപയോഗിക്കാതെ, പക പോക്കാതെ, ദൈവ ശബ്ദം കേൾക്കാൻ തയാറായാൽ മതി. എല്ലാം ശുഭം.... ഞാൻ ഒരുപാട് വേദനിക്കുകയും രഹസ്യമായി കരയുകയും ചെയ്തിട്ടുണ്ട്. ദൈവമായിരുന്നു സകല പ്രതിസന്ധികളിലും എന്നെ സഹായിച്ചത്."

വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർ തങ്ങളുടെ ഉത്തരവാദിത്തം ഭംഗിയായി നിർവഹിക്കുവാൻ സന്നദ്ധരാകണമെന്ന ബാവായുടെ പ്രബോധനത്തോട് അനുകൂലമായി പ്രതികരിക്കുവാൻ നമുക്ക് ബാദ്ധ്യതയുമുണ്ട്. നമ്മുടെ പ്രാർത്ഥനയിലൂടെയും നല്ല സാക്ഷ്യത്തിലൂടെയും 'വലിയ ഇടയന്റെ' കരങ്ങൾക്ക് ശക്തി പകരാൻ ഇടയാകട്ടെ. ■


For Favours Received




Dennis Varghese
& Family
Karipuzha




Mariam Varghese
& Family
Karipuzha



# വിശുദ്ധ പത്രോസിന്റെ രണ്ടാം ലേഖനം

■ ഫാ. മാത്യു വർഗീസ്, പുളിമൂട്ടിൽ

കർത്താവിന്റെ അപ്പോസ്തല സമൂഹത്തിൽ മൂപ്പനായ പത്രോസ്, സഭകൾക്ക് പൊതുവേ എഴുതുന്ന ലേഖനമാണ്. എ.ഡി. 64-നും 67-നും ഇടയിൽ റോമിൽ നിന്നുമാണ് (1:4) ഈ ലേഖനം എഴുതുന്നത്.

പത്രോസിന്റെ ഒന്നാം ലേഖനം സഭയ്ക്കു പുറമേ നിന്നുള്ള പ്രശ്നങ്ങളെ കൈകാര്യം ചെയ്യുമ്പോൾ രണ്ടാം ലേഖനം സഭയ്ക്കുള്ളിൽ നിന്നു വരുന്ന പ്രശ്നങ്ങളെയാണു നേരിടുന്നത്. കർത്താവിന്റെ മരണം, ഉയിർത്തെഴുന്നേൽപ്, പ്രത്യാശ എന്നീ കാര്യങ്ങളെ ഒന്നാം ലേഖനത്തിൽ പ്രതിപാദിക്കുമ്പോൾ യേശുക്രിസ്തുവിലുള്ള പരിജ്ഞാനത്തിൽ വളരുക, ക്രിസ്തുവിന്റെ മഹത്വം, പുനരാഗമനം എന്നീ സന്ദേശങ്ങൾക്കുമാണ് രണ്ടാം ലേഖനം പ്രാധാന്യം നൽകുന്നത്. വ്യക്തി ജീവിതങ്ങളെ വിശുദ്ധമായി സൂക്ഷിക്കുവാനും, വിനാശകരമായ ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന ഉപദേഷ്ടാക്കന്മാരെ സൂക്ഷിക്കുവാനുമുള്ള മുന്നറിയിപ്പ് നൽകുന്നു. ലോകത്തിൽ, മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞ്, ദിവ്യസ്വഭാവത്തിന് കൂട്ടാളികളായി തീർന്ന് വിശ്വാസം (Pistics), വീര്യം (arete), പരിജ്ഞാനം (gnosis) ഇന്ദ്രിയജയം (gkarateia), സ്ഥിരത (hupomone) ഭക്തി (eusebeia), സഹോദര പ്രീതി (Philadelphia), സ്നേഹം (agape) എന്നീ ആത്മീക സുകൃതങ്ങൾ വളർത്തിയെടുക്കണം. ഓരോ വ്യക്തിയും വിളിയും തിരഞ്ഞെടുപ്പും ബോദ്ധ്യപ്പെട്ടു ജീവിക്കണമെന്നും, ദുരുപദേഷ്ടാക്കളിൽ കാണുന്ന ജഡമോഹം, നിഗളം, അത്യാഗ്രഹം, സ്വാർത്ഥത എന്നിവ വിട്ടൊഴിയണമെന്നും ഓർമ്മിപ്പിക്കുന്നു.

ഒന്നാം അദ്ധ്യായം ക്രിസ്തീയ സ്വഭാവത്തിന്റെ രൂപീകരണത്തെക്കുറിച്ച് വ്യക്തമാകുന്നു. ദൈവത്തിന്റെ ദാസൻ (ഡൂലോസ്) ദൈവത്തിന്റെ വകയാണെന്നും എല്ലാ സ്വാതന്ത്ര്യവും ദൈവത്തിനു സമർപ്പിച്ചവനാണെന്നും, ചോദ്യം ചെയ്യപ്പെടാത്ത അനുസരണവും ദൈവ കല്പന എന്ന ഏക നിയമം പാലിക്കുന്നവനാണെന്നും വിശദീകരിക്കുന്നു. വിലയേറിയ വിശ്വാസമെന്നത് വിലയേറിയ കൃപയും വിലയേറിയ ഫലം ഉളവാക്കുന്നതും, ദൈവീക ദാനവും ക്രിസ്തുവിന്റെ നീതിയിലൂടെ ലഭ്യമാകുന്നതുമാണ്. യേശു ക്രിസ്തുവിനെകുറിച്ചുള്ള ഒരു സമഗ്രമായ ചിത്രവും ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശക്തിയുടെ ക്രിസ്തു, ഔദാര്യത്തിന്റെ ക്രിസ്തു, വിലയേറിയ വാഗ്ദാനങ്ങളുടെ ക്രിസ്തു, ലോകത്തിന്റെ കളങ്കങ്ങളിൽ നിന്നും അവനാൽ രക്ഷപ്പെടുത്തിയ ക്രിസ്തു, ദൈവീക സ്വഭാവത്തിൽ നമ്മെ പങ്കുകാരാക്കുന്നവനായ ക്രിസ്തു എന്നിങ്ങനെയാണ്. തിരുവചനത്തിലെ പ്രവചനങ്ങൾ, ദൈവ കല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതാണെന്നും, വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുന്നവരാണ് ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതെന്നും, യേശുക്രിസ്തുവിനെകുറിച്ച് പരിജ്ഞാനം ഇല്ലാത്തവരും നിഷ്ഫലരും കുരുടന്മാരാണെന്നും ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നു."നേരം വെളുക്കുകയും ഉദയനക്ഷത്രം ഉദിക്കുകയും ചെയ്യുവോളം" എന്ന പ്രസ്താവനയിൽ കൂടി ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്നു. ഉദയനക്ഷത്രം യേശുവാണ്. "കൂടാരം പൊളിഞ്ഞു പോകാൻ അടുത്തിരിക്കുന്നു" എന്ന പ്രസ്താവനയിൽ പത്രോസ് അപ്പോസ്തോലന്റെ മരണം ആസന്നമായിരിക്കുന്നുവെന്ന് വിവക്ഷിക്കാം.

രണ്ടാം അദ്ധ്യായത്തിൽ ദുരുപദേഷ്ഠാക്കന്മാരുടെ പാപപ്രവൃത്തികളും, അവർക്കു ലഭിക്കുന്ന ശിക്ഷാവിധിയെ കുറിച്ചും വിശദീകരിക്കുന്നു. നാശകരമായ വ്യാജ ഉപദേശങ്ങൾ പഠിപ്പിക്കുകയും, തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറയുകയും ചെയ്യുന്നവർ തങ്ങൾക്കു തന്നെ ശീഘ്രനാശം വരുത്തുന്നവരാണ്. പാപം ചെയ്ത മാലാഖമാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങല ഇട്ട് നരകത്തിലാക്കി ന്യായവിധിക്കായി കാക്കുവാൻ ഏൽപിച്ചു. ദൈവത്തെ ആദരിക്കാതെ ശിക്ഷ ലഭിച്ച രണ്ട് സംഭവങ്ങൾ-സോദോം ഗോമാറയുടെ നാശവും നോഹയുടെ കാലത്ത് ജല പ്രളയവും ആയിരുന്നു. ഈ സംഭവങ്ങളിൽ ലോത്തും കുടുംബവും, നോഹയും കുടുംബവും രക്ഷപെട്ടു.

കള്ള പ്രവാചകന്മാർ, സത്യം പറയുന്നതിനേക്കാൾ ജന സമ്മിതി നേടുന്നതിൽ ഉത്സുകരും, വ്യക്തി പരമായ നേട്ടങ്ങൾ ഉണ്ടാക്കുന്നതിൽ ലക്ഷ്യമിടുന്നവരും, വ്യക്തി ജീവിതത്തിൽ ദുർനടപ്പുകാരും, മറ്റുള്ളവരെ ദൈവത്തിൽ നിന്നും അകറ്റുന്നവരുമായിരുന്നു. തിന്മപ്പെട്ട മനുഷ്യനെ കുറിച്ച് 2:9-11 വരെയുള്ള വാക്യങ്ങളിൽ വിശദീകരിക്കുന്നത് ഇപ്രകാരമാണ്. അവൻ ആഗ്രഹങ്ങൾ അധികരിച്ച മനുഷ്യനും, ധാർഷ്ട്യമുള്ള മനുഷ്യനും, സ്വയേഛയുള്ള, തന്നിഷ്ടമുള്ള

മനുഷ്യനും, സ്വർഗ്ഗീയരെ കുറിച്ച് അപവാദം പറയുവാൻ ഭയമില്ലാത്തവനുമാണ്. പണത്തിനുവേണ്ടി പ്രവചിക്കുവാൻ പരീക്ഷിക്കപ്പെട്ട പഴയ നിയമ പ്രവാചകനായ ബിലയാമിനെപ്പറ്റി പത്രോസ് അപ്പോസ്തലൻ പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്. നേർവഴി വിട്ടു തെറ്റിയവൻ, അനീതിയുടെ കൂലി കൊതിച്ചവൻ, ബുദ്ധിഭ്രമം പിടിച്ചവൻ, ബുദ്ധി ഭ്രമത്തെ തടയുവാൻ വേണ്ടി, ഉരിയാട കഴുത, മനുഷ്യഭാഷയിൽ സംസാരിക്കേണ്ടി വന്നവൻ. അനീതിയുടെ കൂലി കൊതിച്ചവൻ, വാളാൽ കൊല്ലപ്പെട്ടവൻ. ദുരുപദേഷ്ടാക്കളെക്കുറിച്ച് പറയുമ്പോൾ, അവർ വെള്ളമില്ലാത്ത പൊട്ടക്കിണറുകളും കൊടുങ്കാറ്റുകൊണ്ട് ഓടുന്ന മഞ്ഞു മേഘങ്ങളാണെന്നുമുള്ള രണ്ട് ഉപമകൾ (2:17) രേഖപ്പെടുത്തുന്നു. യൂദായുടെ ലേഖനം 4-13; 17-18 വാക്യങ്ങൾ പരിശോധിക്കുക. ലോകത്തിന്റെ മാലിന്യം വിട്ട് ഓടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ, സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെപ്പോലെയും, കുളിച്ചിട്ട് ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെപ്പോലെയുമാണെന്നുള്ള ഉപമകളോടുകൂടി രണ്ടാം അദ്ധ്യായം അവസാനിക്കുന്നു.

മൂന്നാം അദ്ധ്യായത്തിൽ ക്രിസ്തുവിന്റെ വരവിനെപ്പറ്റിയുള്ള വിശ്വാസത്തിന് ഊന്നൽ നൽകുന്നു. സുവിശേഷ പ്രസംഗം നടത്തുന്നവർ, ആവർത്തനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട്, ഹൃദയവിചാരത്തിൽ ശുദ്ധവിചാരങ്ങൾ ഉണർത്തി പൂർണ്ണത വരുത്തുന്നതിൽ വിശ്വസിച്ച്, തിരുവെഴുത്തിന്റെ ഏകത ഉൾക്കൊള്ളണമെന്നുള്ള പ്രമാണങ്ങൾ പാലിക്കേണ്ടതാണ്. പുതിയ നിയമവും പഴയ നിയമവും ക്രിസ്തുവിൽ കേന്ദ്രീകരിക്കുന്നുവെന്ന് പ്രത്യേകം മനസ്സിലാക്കിയിരിക്കണം. കർത്താവിന്റെ രണ്ടാമത്തെ വരവിനായി നോക്കിപ്പാർക്കുന്നവർ വിശുദ്ധരും, ദൈവഭക്തരുമായി ജീവിക്കണം. ആ ദിനത്തെ പ്രതീക്ഷിച്ചിരിക്കുന്നവരായിരിക്കണം. പ്രതീക്ഷിച്ചു കഴിയുന്നത് നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും വേണ്ടിയാണെന്നുള്ള ബോധ്യം വേണം. കർത്താവിന്റെ രണ്ടാമത്തെ വരവ് തീയ്ക്കായി സൂക്ഷിക്കുന്ന ഭൂമിയെപ്പോലെയാണ്. മനുഷ്യൻ തന്റെ ആയുസ്സ് കണക്കാക്കുന്നത് കാലത്തിനു വിധേയപ്പെട്ടാണെങ്കിൽ ദൈവം നിത്യതയുമായി ബന്ധപ്പെടുത്തിയാണ്. ദൈവം



മലങ്കര ഓർത്തഡോക്സ് സഭയുടെ കീഴിലുള്ള കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്ക്കൂൾ മാനേജ്മെന്റിൽപ്പെട്ട ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി വിഭാഗത്തിൽ എല്ലാ വിഷയത്തിലും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ ആദരിക്കുന്ന ചടങ്ങിനുശേഷം മുഖ്യാതിഥിയായ കെ.എസ്.ഇ.ബി. വിജിലൻസ് ഓഫിസർ ഋഷിരാജ് സിങ്, എം.ഡി. സ്ക്കൂൾസ് പ്രസിഡന്റ് സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ എന്നിവരോടൊപ്പം വിദ്യാർത്ഥികൾ.

ദീർഘക്ഷമയുള്ളവനും മഹാകാരുണ്യവാനുമാകയാൽ ആരും നശിച്ചുപോകുവാൻ അവർ ആഗ്രഹിക്കുന്നില്ല. അതിനാൽ സമയം എപ്പോഴും അവസരമായി കാണണം. കർത്താവിന്റെ വരവ് ആരും പ്രതീക്ഷിക്കാത്ത സമയത്തായിരിക്കും. ആയിരം സംവത്സരം ഒരു ദിവസം പോലെയായിരിക്കും.

അധർമ്മികളുടെ തെറ്റിൽ വീഴാതിരിക്കുവാൻ കരുതൽ ഉള്ളവരായിരിക്കണം. സത്യോപദേശത്തിൽ സ്ഥിരതയുള്ളവരും വിശ്വാസത്തിൽ ഉറപ്പുള്ളവരുമായിരിക്കണം. ദൈവനാമം മഹത്വപ്പെടുകയും, ദൈവീക കൃപയിലും വിജ്ഞാനത്തിലും വളരുന്നവരുമായിരിക്കണം. ക്രിസ്തീയ ജീവിതത്തെ ക്കുറിച്ച് പത്രോസ് ശ്ലീഹായ്ക്കുള്ള മേൽപ്പറഞ്ഞ കാഴ്ചപ്പാടോടുകൂടി ലേഖനം അവസാനിക്കുന്നു. ■

## 2 പത്രോസ് : ചോദ്യങ്ങൾ

1. ദിവ്യസ്വഭാവത്തിന് പങ്കാളിയാകുവാൻ എന്ത് ഒഴിവാക്കണം?
2. ദിവ്യസ്വഭാവത്തിന് പങ്കാളിയാകുന്നവർക്ക് ലഭിക്കുന്ന സുകൃതങ്ങൾ ഏവ?
3. പത്രോസ് അപ്പോസ്തലൻ 'കുരുടർ' എന്നു പറഞ്ഞിരിക്കുന്നത് ആരെ?
4. നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ആർക്കാണ് ലഭിക്കുന്നത്?
5. "എന്റെ കൂടാരം പൊളിഞ്ഞു പോകുവാൻ അടുത്തിരിക്കുന്നു" അർത്ഥം വ്യക്തമാക്കുക.
6. "ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" ഈ ശബ്ദം എവിടെ വെച്ചാണ് കേട്ടത്?
7. തിരുവചന പ്രവചനത്തിലെ പ്രത്യേകത എന്താണ്?
8. തങ്ങൾക്കുതന്നെ ശീഘ്രനാശം വരുത്തുന്നതാരാണ്?
9. പാപം ചെയ്ത മാലാഖമാരെ ദൈവം എന്തു ചെയ്തു?
10. ദൈവത്തെ ആദരിക്കാതെ ശിക്ഷ ലഭിച്ച രണ്ട് സംഭവങ്ങൾ?
11. ഈ സംഭവത്തിൽ രക്ഷപെട്ട കൂട്ടർ ആരെല്ലാം?
12. 'ഉരിയാടാ കഴുത' മനുഷ്യവാക്കായി ഉരിയാടിയത് ആർക്കുവേണ്ടി?
13. ലോകത്തിന്റെ മാലിന്യം വിട്ട് ഓടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ... അതിനു സമാനമായ രണ്ട് ഉപമകൾ ഏവ?
14. നീതി വസിക്കുന്ന പുതിയ ആകാശത്തിനും ഭൂമിക്കുമായി എങ്ങനെ കാത്തിരിക്കണം?
15. നോഹയുടെ അപ്പന്റെ പേരെന്ത്?
16. 'ഡൂലോസിന്റെ' അർത്ഥ തലങ്ങൾ ഏവ?
17. ദൈവീകരണം എന്നാലെന്ത്?
18. കള്ള പ്രവാചകന്മാരുടെ സ്വഭാവങ്ങൾ ഏവ?
19. ക്രിസ്തീയ ജീവിതത്തെകുറിച്ചുള്ള പത്രോസിന്റെ ദർശനമെന്ത്?
20. ബിലയാമിനെപ്പറ്റി പത്രോസ് ശ്ലീഹാ പറയുന്ന കാര്യങ്ങൾ ഏവ?
21. അർത്ഥം എഴുതുക: പത്രോസ്, അപ്പോസ്തലൻ, ഡൂലോസ് എപ്പിഗ്നോസിസ്സ്, ഫിലാഡെൽഫിയാ, ഗ്നേസിസ്, യുസേബിയാ, ആഗാപ്പെ
22. മനഃപാഠം, 2 പത്രോസ് 1:4, 2:20, 3:8, 3:13.

■

നേ|ർ|വ|ഴി

'വൈകുന്നേരം ആറു മണി മുതൽ രാത്രി 11 മണിവരെ നീളുന്ന സീരിയൽ പ്രൈം ടൈമാണ് പ്രേക്ഷകരെക്കൊണ്ട് വിജയിച്ചു നിൽക്കുന്നത്. മിക്ക സീരിയലുകളും സ്ത്രീകഥാപാത്ര കേന്ദ്രീകൃതമാണ്.'




# വിഷം ചീറ്റുന്ന സീരിയലുകൾ

■ മ്യൂസ് മേരി ജോർജ്

അവിഹിത ഗർഭങ്ങളും അഗമ്യഗമനങ്ങളും വിവാഹ ബാഹ്യ ബന്ധങ്ങളും കൂടോത്ര - മന്ത്രവാദ പ്രയോഗങ്ങളും ആഭിചാരക്രിയകളും അന്ധവിശ്വാസങ്ങളും കാലഹരണപ്പെട്ട ആചാരാനുഷ്ഠാനങ്ങളും സീരിയൽ കഥകൾക്കൊപ്പം മലയാളിയിലേക്ക് ആവേശിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിന്റെ സന്ധ്യകളെക്കുറിച്ച് ഒരു സാമാന്യാനുഭവം പറയാമോ എന്നു ചോദിച്ചാൽ ആദ്യം പറയുന്ന ഉത്തരം സീരിയൽ സന്ധ്യകളെ കുറിച്ചായിരിക്കും. വൈകുന്നേരമല്ല ഉച്ചയ്ക്കേ ആരംഭിക്കുന്ന കലാപരിപാടിയാണത്. പകലെല്ലാം തലേന്നത്തെ റീപീറ്റ്. തലേന്ന് പ്രോഗ്രാം മിസ് ചെയ്തവരെയെല്ലാം പകൽ സമയത്ത് എപ്പിസോഡുകൾ കാണിച്ച് അപ്ഡേറ്റ് ചെയ്തതിനുശേഷം ആറുമണി മുതൽ അന്നന്നത്തെ ഐറ്റം വിളമ്പാൻ തുടങ്ങുകയായി. അത്യാവശ്യം പണികളൊക്കെ തീർത്ത് അമ്മയപ്പന്മാരും മുത്തശ്ശിമുത്തശ്ശന്മാരുമൊക്കെ ടെലിവിഷനു മുന്നിൽ പ്രസന്റ് പറയും. ഇതിന് അപവാദങ്ങളൊക്കെ ഉണ്ടാകാം. എങ്കിലും മലയാളികൾ സീരിയലിന് അടിമകളാണ്. മലയാളികൾ മാത്രമല്ല വിനോദ വ്യവസായത്തിന്റെ ഇക്കാലത്ത് ലോകമെമ്പാടും സീരിയലുകൾ, സിറ്റ്വേഷൻ കോമഡികൾ, മ്യൂസിക് പ്രോഗ്രാമുകൾ എന്നിങ്ങനെയുള്ളവയ്ക്ക് ധാരാളം പ്രേക്ഷകരും ആരാധകരുമുണ്ട്. മുതിർന്നവർ മലയാളം, ഹിന്ദി സീരിയലുകളിൽ ഭ്രമിക്കുന്നവരാണെങ്കിൽ ചെറുപ്പക്കാർ HBO യിലെയും മറ്റും സീരിയലുകൾ കാണുന്നവരാണ്. എന്നും കാണാനൊത്തില്ലെങ്കിൽ പ്രോഗ്രാം ഡൗൺലോഡ് ചെയ്ത് സൗകര്യംപോലെ കാണുന്നു. കുഞ്ഞുങ്ങളാണെങ്കിലോ പോഗോ, കാർട്ടൂൺ നെറ്റ്വർക്ക്, ഡിസ്നി ചാനൽ, എം. ടി. വി എന്നിവയുടെയൊക്കെ കാഴ്ചക്കാരും. ഇനി അല്പം വായനാശീലമുള്ളവരും രാഷ്ട്രീയ പ്രബുദ്ധതയുള്ളവരും ന്യൂസ് ചാനലുകളുടെ മുൻപിലാണ് വിശ്രമസമയത്തിന്റെ ഭൂരിഭാഗവും. ഇങ്ങനെ ടെലിവിഷൻ ഇന്ന് മരുഭൂമിയിൽ യഹൂദന്മാർ പ്രതിഷ്ഠിച്ചാരാധിച്ച കാളക്കുട്ടിയെപ്പോലെയായിരിക്കുന്നു. മനുഷ്യരുടെ പൂജയും വണക്കവും ഉറ്റുനോട്ടവുമൊക്കെ കൊണ്ട് അത് സംപ്രീതമാകുന്നു.

പുതിയ കാലത്തിന്റെ വിഗ്രഹങ്ങളിലൊന്നാണ് ടെലിവിഷൻ. ടെലികമ്യൂണിക്കേഷൻ സാധ്യതകളൊക്കെ വിഗ്ര

ഹമാകുന്നുണ്ടെങ്കിലും ബഹുജനമാധ്യമ രൂപമെന്ന നിലയിൽ ടെലിവിഷൻ കൂടുതൽ വിജയിക്കുന്നു. മൊബൈലും പ്രധാനപ്പെട്ടതു തന്നെ. പരസ്പരമുള്ള വിനിമയത്തിന്റെ സ്വഭാവം പരിഗണിച്ച് ടെലിവിഷനെ കോൾഡ് മീഡിയായെന്നാണ് വിശേഷിപ്പിക്കുന്നത്. പരസ്പരമുള്ള ഇടപെടലുകൾ ദുസ്സാധ്യമായ വിനിമയത്തിൽ ഏകപക്ഷീയത പ്രകടിപ്പിക്കുന്നവയുമാണ് ടെലിവിഷൻ. ആയതിനാൽ അതു തരുന്നവ / വിളമ്പുന്നവ ഭക്ഷിച്ച് രുചികൾക്ക് അടിമകളായി പ്രേക്ഷകർ ജീവിക്കുന്നു.

അയഥാർത്ഥ്യങ്ങളും വാർത്താമാത്യകാനിർമ്മിതികളുമായ കഥാപാത്രങ്ങളെയും ഇതിവൃത്തത്തെയും യഥാർത്ഥമെന്നും ശാശ്വത സത്യമെന്നും വിചാരിച്ച് വിഴുങ്ങുന്ന പ്രേക്ഷകരാണ് ടെലിവിഷന്റെ വിജയം. വൈകുന്നേരം ആറു മണിമുതൽ രാത്രി 11 മണിവരെ നീളുന്ന സീരിയൽ പ്രൈം ടൈമാണ് പ്രേക്ഷകരെക്കൊണ്ട് വിജയിച്ചു നിൽക്കുന്നത്. മിക്ക സീരിയലുകളും സ്ത്രീകഥാപാത്ര കേന്ദ്രീകൃതമാണ്.

സ്ത്രീയുടെ അധികാര പ്രകടനങ്ങൾ, അട്ടഹാസങ്ങൾ, പരസ്പര ശത്രുതയോടെ മാത്രം പെരുമാറുന്ന കുടുംബാംഗങ്ങളായ സ്ത്രീകൾ എന്നിവയെകൊണ്ട് നിബിഡമാണ് സീരിയലുകൾ. നിലവിട്ട് അലറുകയും കോപംകൊണ്ട് കൊലപാതകം വരെ ചെയ്യാൻ മടിയില്ലാതിരിക്കുകയും ചെയ്യുന്ന അമ്മമാർ സീരിയുകളിൽ കുറവല്ല. മരുമകളെയും ഭർത്താവിനെയും കൊല്ലാൻ ക്വൊട്ടേഷൻ കൊടുക്കുന്നവരും കൂട്ടുനിൽക്കുന്നവരുമായ അമ്മമാർ/ ഭാര്യമാർ/ സ്ത്രീകൾ സാധാരണ കാഴ്ചയാണ്. കുത്തിത്തിരുപ്പും കുന്നായ്മയും കയ്യിലില്ലാത്ത പെണ്ണുങ്ങളേ ഇല്ല.

ഇനി മറ്റൊരു കൂട്ടർ ഭൂമിയിലെ ദേവതമാരാണ്. സഹനത്തിന്റെ ചിരന്തനസാക്ഷ്യങ്ങളാണ്. നന്മ മാത്രം നിറഞ്ഞു തുളമ്പുന്ന ജീവിത പാനപാത്രങ്ങൾ, അവരെ കൊല്ലാനും ചവിട്ടി വീഴ്ത്താനും തയ്യാറായി നിൽക്കുന്ന അമ്മായിയമ്മാരും നാത്തൂന്മാരും. ചമഞ്ഞൊരുങ്ങി കല്യാണ വിരുന്നിനോ, പാർട്ടിക്കോ പോകാനെന്നപോലെയാണ് പലരും വീട്ടിൽ നിൽക്കുന്നത്. കഴുത്തുവരെ നീണ്ടു കിടക്കുന്ന കമ്മലുകളും കഴുത്തു നിറയുന്ന മാലകളും ധരിച്ച് കല്യാൺസിൽക്കിന്റെയും മറ്റും പരസ്യത്തിലെന്ന പോലെയുള്ള പട്ടുസാരികളുടുത്തു കലിതുള്ളുന്ന അഭിനവ പൂതനമാരും വടയക്ഷികളും പോലെയുള്ള സ്ത്രീകളെയും മൃദുമനോഹരിയായി പുഞ്ചിരിക്കുകയും മന്ദമായി മാത്രം സംസാരിക്കുകയും ചെയ്യുന്ന നവശീലാവതികളെയും ആണ് നമ്മൾ സീരിയലുകളിൽ കാണുന്നത്. പരസ്ത്രീസംഗമം ചെയ്യുന്ന അച്ഛന്മാർ ആദരിക്കപ്പെടുകയും സഹതാപം നേടുകയും ചെയ്യുന്നതോടൊപ്പം സ്വഭാവശുദ്ധിയും നന്മയും വിളങ്ങുകയും ചെയ്യുന്നവരാണ് പുരുഷകഥാപാത്രങ്ങളിലേറെയും. ഇവരൊക്കെ ചേർന്നു നിർമ്മിക്കുന്ന വീടകമാണ് ഇന്ന് കേരളീയർ ഏറ്റവുമധികം പരിചയപ്പെടുന്നത്.

അവിഹിത ഗർഭങ്ങളും അഗമ്യഗമനങ്ങളും വിവാഹ ബാഹ്യ ബന്ധങ്ങളും കൂടോത്ര - മന്ത്രവാദ പ്രയോഗങ്ങളും ആഭിചാരക്രിയകളും അന്ധവിശ്വാസങ്ങളും കാലഹരണപ്പെട്ട ആചാരാനുഷ്ഠാനങ്ങളും സീരിയൽ കഥകൾക്കൊപ്പം മലയാളിയിലേക്ക് ആവേശിച്ചുകൊണ്ടിരിക്കുന്നു. കുടുംബമൂല്യങ്ങൾ ഫ്യൂഡൽ കാലത്തിലേക്ക് പിന്നോക്കം പോകുന്നു. യുക്തിചിന്തയും സാമൂഹിക ബോധവുമുള്ള മലയാളി സമൂഹത്തെ ഈ സീരിയൽ ചുറ്റുവട്ടത്തൊന്നും കാണാൻ കിട്ടില്ല.

> **അത്ഭുത രോഗ ശാന്തികളും വെളിപാടുകളും പൂജാവിധികളും കൊണ്ട് മസ്മറൈസ് ചെയ്യപ്പെട്ട വിശ്വാസിപ്പറ്റം ടെലിവിഷന്റെ ഗുണഭോക്താക്കളിൽ പെടുന്നു.**

ന്യൂസ് അവർ ഡിസ്‌ക്കഷനിൽ പോലും സഭ്യമല്ലാത്ത പദപ്രയോഗങ്ങളും അംഗചലനങ്ങളും സാധാരണമാകുന്നു. സ്ത്രീയുടെ ബൗദ്ധികതയും രാഷ്ട്രീയ പ്രത്യയശാസ്ത്രാവബോധവും ഇല്ലാതായതായി പലപ്പോഴും ന്യൂസ് അവർ സാക്ഷ്യപ്പെടുത്തുന്നു. ചർച്ചകളിൽ സ്ത്രീകൾ തുലോം കുറവാണ്.

ഭക്തിയാണ് മറ്റൊരു ബിസിനസ്സ്. ഇക്കാര്യത്തിൽ ഒരു മതവും പിന്നിലല്ല. ഞാൻ മുൻപേ, ഞാൻ മുൻപേ എന്ന ഭാവത്തിൽ ഇടിച്ചു നിൽക്കുന്നു. അത്ഭുത രോഗ ശാന്തികളും വെളിപാടുകളും പൂജാവിധികളും കൊണ്ട് മസ്മറൈസ് ചെയ്യപ്പെട്ട വിശ്വാസിപ്പറ്റം ടെലിവിഷന്റെ ഗുണഭോക്താക്കളിൽ പെടുന്നു.

സന്ധ്യാമണി കൊട്ടുമ്പോൾ പ്രാർത്ഥിക്കാനും കുരിശുവരയ്ക്കാനും വിശ്വാസികൾ എന്നേ മറന്നുപോയിരിക്കുന്നു. വീട്ടുകാർ കൂടിയിരുന്ന് വർത്തമാനം പറയാനും പരസ്പരം അടുത്തിരിക്കാനും കണ്ണിലേക്കും മനസ്സിലേക്കും ഉറ്റു നോക്കാനും പ്രശ്നങ്ങൾ പരസ്പരം തുറന്നുപറയാനും ഒക്കെ സമയം കണ്ടെത്തിയിരുന്ന വീടകങ്ങൾ ഇന്ന് ടെലിവിഷൻ എന്ന വിഗ്രഹത്തിന്റെ പൂജാകർമ്മങ്ങളിൽ മുഴുകിയിരിക്കുകയാണ്. മൊബൈലും ഇന്റർനെറ്റുമൊക്കെ പൂജ നേടുന്നുണ്ടെങ്കിലും ടെലിവിഷൻ ഒരു സ്ഥലത്ത് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുകയും നിരന്തരം അതിലേയ്ക്ക് നമ്മുടെ കണ്ണുകൾ തിരിഞ്ഞിരിക്കുകയും ചെയ്തിരിക്കുന്നു. ഇതിനെ നമ്മൾ നിയന്ത്രിക്കുന്നില്ലെങ്കിൽ ഇതു നമ്മെ നിയന്ത്രിച്ചു കൊണ്ടേയിരിക്കും.

*പ്രൊഫ. മ്യൂസ് മേരി ജോർജ് ആലുവാ യു.സി. കോളജ് മലയാള വിഭാഗം അദ്ധ്യാപികയും പ്രശസ്ത എഴുത്തുകാരിയുമാണ്.*



# SARA CHACKO
# ജീവിതവും ദർശനവും




■ അഡ്വ. ജെയ്സി കരിങ്ങാട്ടിൽ



> ‘....ആയിരിക്കുക എന്നതിനേക്കാൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിന് പ്രാധാന്യം നൽകണം. മനുഷ്യന്റെ സത്പ്രവൃത്തികൾ കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ നിങ്ങളുടെ വെളിച്ചം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിക്കും. ഇവിടെയാണ് ആയിരിക്കുകയും പ്രവർത്തിക്കുകയും തമ്മിലുള്ള ശരിയായ സന്തുലിതത്വം...’

*ലോക ക്രൈസ്തവ വിദ്യാർത്ഥി ഫെഡറേഷന്റെ മുഖപത്രമായ സ്റ്റുഡന്റ് വേൾഡിൽ 1950-ൽ സാറാ ചാക്കോ (1905-1954) എഴുതിയ വരികളാണിത്.*

സഭകളുടെ ലോക കൗൺസിലിന്റെ (WCC) പ്രഥമ വനിതാ പ്രസിഡന്റായ സാറാ ചാക്കോ മഹാപ്രതിഭയായിരുന്നു. ഹ്രസ്വമായ സാറാചാക്കോയുടെ ജീവിതത്തിൽ ധൈഷണിക പ്രതിഭയും നേതൃത്വവും പ്രകാശം പരത്തി.

അഖില ലോക കൗൺസിലിന്റെ പ്രസിഡന്റ് (1951-54) വൈ.ഡബ്ല്യു.സി.എ. യുടെ അഖില ലോക വൈസ് പ്രസിഡന്റ്, സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ ദേശീയ ചെയർപേഴ്സൺ, ലക്നോയിലെ ഇസബേല തോബേൺ കോളജിന്റെ പ്രിൻസിപ്പാൾ എന്നീ പ്രമുഖ സ്ഥാനങ്ങൾ വഹിച്ച്, 49-ാം വയസ്സിൽ അന്തരിച്ച സാറാ ചാക്കോയെ ‘വിശ്വസഭാ വേദിയിലെ വിശ്രുത നായിക’ എന്നാണ് പ്രശസ്ത പത്രപ്രവർത്തകനായ എം. കുര്യൻ വിശേഷിപ്പിച്ചത്.

അർപ്പണ ജീവിതം, വശ്യമായ പെരുമാറ്റം എന്നിവയിൽ സഭയ്ക്കും സമൂഹത്തിനും മാതൃകയായ സാറാ ചാക്കോ ജീവിതത്തിന്റെ അന്ത്യശ്വാസം വരെയും കർമ്മനിരതയായിരുന്നു. ലക്നോവിൽ ബാസ്ക്കറ്റ് ബോൾ കളിക്കിടയിൽ ഹൃദയാഘാതത്തെത്തുടർന്ന് 1954 ജനുവരി 25-ന് 48-ാം വയസ്സിൽ അന്തരിച്ചു.

### ജീവിത രേഖ

പോലീസ് കമ്മീഷണറും പട്ടാള കമാന്ററും പിന്നീട് കൊച്ചി പ്രജാസഭാംഗവും മലങ്കരസഭാ മാനേജിംഗ് കമ്മറ്റി അംഗവുമായ ചിറായി അയ്യംപ്പള്ളി മഴുവഞ്ചേരിപറമ്പത്ത് എം.എ. ചാക്കോയുടെയും (ചാക്കോ സൂപ്രണ്ട്) പറവൂർ ഈരാളിൽ മേരി ചാക്കോയുടെയും മകൾ. 1905 ഫെബ്രുവരി 13-ന് തിങ്കളാഴ്ച പറവൂരിൽ ജനിച്ചു.

തൃശൂർ സിറിയൻ ഗേൾസ് പ്രൈമറി സ്ക്കൂളിലും, ഗവൺമെന്റ് ജൂബിലി ഗേൾസ് സ്ക്കൂളിലും പഠനം. തുടർന്ന് മദ്രാസിലെ ഗവൺമെന്റ് വനിതാ കോളജായ ക്വീൻ മേരീസിൽ നിന്നും ബിരുദം (1925). മദ്രാസിലെ ബന്റിംക് ഗേൾസ് ഹൈസ്ക്കൂളിൽ രണ്ടു വർഷം പഠിപ്പിച്ചു (1925-27). മദ്രാസ് പ്രസിഡൻസി കോളജിൽ നിന്നും ചരിത്രത്തിൽ എം.എ., ലക്നോയിൽ അമേരിക്കൻ മെത്തഡിസ്റ്റ് സഭയുടെ ആഭിമുഖ്യത്തിലുള്ള എക്യുമെനിക്കൽ കലാലയമായ ഇസബേല തോബേൺ കോളജിൽ 1930-ൽ അദ്ധ്യാപികയായി. 1937-ൽ അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോയിൽ നിന്ന് എഡ്യൂക്കേഷനിൽ മാസ്റ്റേഴ്സ് ഡിഗ്രി, മിഷിഗൺ യൂണിവേഴ്സിറ്റിയിൽ ഇന്റർനാഷണൽ ലോയിലും, ‘കൊളോണിയലിസ’ത്തിലും ഉപരി പഠനം. 1942-ൽ മദ്രാസ് സർവ്വകലാശാലയിൽ ‘മദ്രാസ് ജുഡീഷ്യൽ റെക്കോർഡ്സ്’ കേന്ദ്രീകരിച്ച് പി.എച്ച്.ഡി. ഗവേഷണം. 1945-ൽ ഇസബേല തോബേണിന്റെ പ്രിൻസിപ്പലായി.

സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റിൽ സജീവയായ സാറാ ചാക്കോ 1933-ൽ ജാവയിലും 1936-ൽ സാൻഫ്രാൻസിസ്കോയിലും ചേർന്ന ക്രൈസ്തവ വിദ്യാർത്ഥി സമ്മേളനങ്ങളിൽ പങ്കെടുത്തു. 1946-ൽ ചൈനയിലെ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളെ സന്ദർശിച്ച ഇന്ത്യൻ എസ്.സി.എം. പ്രതിനിധി സംഘത്തിൽ അംഗമായിരുന്നു. ഇന്ത്യ-ബർമ്മ-സിലോൺ വൈ.ഡബ്ല്യു.സി.എ. യുടെ നാഷണൽ കമ്മിറ്റിയംഗമായും 1947-ൽ ലോക വൈ.ഡബ്ല്യു.സി.എ. യുടെ വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു.



# Sarah Chakko,
## a WCC president from Asia

Sarah Chakko was the first woman to serve as a president of the WCC. She would not have joined the presidium in 1951 except for the outbreak of conflict in Korea. The Amsterdam assembly had chosen T.C. Chao (Zhao Zichen) of China as its first Asian president, but Chinese churches withdrew from the WCC after United Nations forces were sent to aid the Republic of Korea in 1950.

When Chao resigned his presidency, the central committee turned to Sarah Chakko of the Syrian Orthodox community in India. An educator and veteran of the Student Christian Movement, she had served as a delegate to Amsterdam and a guiding light in the WCC commission on the Life and Work of Women in the Church.

While preparing for the Evanston Assembly in early 1954, Sarah Chakko died of a heart attack at the age of 48.

by Theodore Gill

അമേരിക്കയിലെ മെത്തഡിസ്റ്റു ബിഷപ്പ് ജി-ബ്രോംലി ഓക്സ്നാമിന്റെ ക്ഷണപ്രകാരം സാറാ ചാക്കോ 1948-ൽ സഭകളുടെ ലോകകൗൺസിലിന്റെ (WCC) ആംസ്റ്റർഡാം അസംബ്ലിയിൽ പ്രതിനിധിയായി, വനിതാ പഠന സമിതിയുടെ റിപ്പോർട്ട് അസംബ്ലിയിൽ അവതരിപ്പിച്ചു. 1950 മാർച്ച് മുതൽ 1951 ആഗസ്റ്റുവരെ WCC വനിതാ കമ്മീഷന്റെ പ്രസിഡന്റായി. 1951-ൽ സഭകളുടെ ലോക കൗൺസിൽ (WCC) പ്രസിഡന്റായി സാറാ ചാക്കോ നിയമിതയായി.

### ജീവിതവും ദർശനവും

സാറാ ചാക്കോയുടെ ജവിതവും ദർശനവും നാല് ഘട്ടങ്ങളായി തിരിച്ച് മനസ്സിലാക്കുവാൻ കഴിയും.

### 1. ആത്മീയ അടിത്തറയിൽ രൂപപ്പെട്ട വ്യക്തിത്വം (1905-1930)

ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി സഭാ പാരമ്പര്യത്തിൽ ആത്മീയ അടിത്തറയുള്ള ഭവനത്തിൽ ജനിച്ചു വളർന്നു. 'നസ്രാണി സിംഹം' എന്നറിയപ്പെട്ട പിതാവിന്റെ ഉത്തമ പുത്രിയായി ആത്മീയ നിറവിൽ സ്കൂൾ, കോളജ് വിദ്യാഭ്യാസത്തോടൊപ്പം കായിക രംഗത്തേക്കും പ്രവേശിച്ചു. എല്ലാ മേഖലകളിലും മികവ് പ്രകടിപ്പിക്കുവാനും, അവസരം കൃത്യമായി ഉപയോഗിച്ചു. സാറാ ചാക്കോയുടെ ജീവചരിത്രം എഴുതിയ എം. കുര്യൻ പറയുന്നു: 'ഇംഗ്ലീഷ് സാഹിത്യവും ചരിത്രവും സാമ്പത്തിക ശാസ്ത്രവും, പൊളിറ്റിക്കൽ സയൻസും, നന്നായി പഠിച്ചു. അവളുടെ മനസ്സ് വിസ്തൃതമായ ചക്രവാളങ്ങൾ വെട്ടിപ്പിടിച്ചു. ലൈബ്രറിയിൽ ഒരു മൂല അവൾ സ്വന്തമാക്കി. അവിടെയാണ് സമ്മോഹനമായ പഠന മണിക്കൂറുകൾ ചെലവഴിച്ചത്. അന്തസുറ്റ പെരുമാറ്റവും കുലീനമായ വർത്തന രീതിയും കാരണം അവൾ സീനിയർ സ്റ്റുഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.'

കുടുംബ പശ്ചാത്തലത്തിൽ നിന്നും ഉൾക്കൊണ്ട ആദ്ധ്യാത്മീക പാഠങ്ങൾ സാറാ ചാക്കോ അഭംഗുരം കാത്തു പരിപാലിച്ചു. ലളിതമായ ജീവിതവും വസ്ത്രധാരണവും ഏവരെയും ആകർഷിച്ചിരുന്നു.

### 2. കർമ്മ നിരതയായ വിദ്യാഭ്യാസ പ്രവർത്തക (1930-1951)

കേരളത്തിൽ ജനിച്ചു വളർന്ന സാറാ ചാക്കോ വിവിധ കർമ്മ മേഖലകൾ കീഴടക്കിയത് ഉന്നത വിദ്യാഭ്യാസം ലഭ്യമായതിലൂടെയാണ്. പിതാവ് എം. എ. ചാക്കോയുടെ പ്രോത്സാഹനവും ദീർഘവീക്ഷണവും സാറാ ചാക്കോയെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മുന്നേറുവാൻ സഹായിച്ചു.

പ്രശസ്തമായ ലക്നോയിലെ ഇസബേല തോബേൺ കോളജിന്റെ വൈസ് പ്രിൻസിപ്പലായി 1939-ൽ ചുമതലയേൽക്കുമ്പോൾ ഇത്രയധികം ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള മലയാളിയായ ഓർത്തഡോക്സ് വനിത അക്കാലത്ത് ഉണ്ടായിരുന്നില്ല. 1945-ൽ ആ സ്ഥാപനത്തിന്റെ പ്രിൻസിപ്പാൾ ആകുമ്പോൾ കോളജിന്റെ സമഗ്രമായ വികസനമാണ് യാഥാർത്ഥ്യമാക്കിയത്.

സിലബസ് കേന്ദ്രീകരിച്ച് മാത്രമുള്ള വിദ്യാഭ്യാസ രീതി ആയിരുന്നില്ല സാറാ ചാക്കോയുടേത്. വിദ്യാർത്ഥികളുടെ സമഗ്രമായ വ്യക്തിത്വ വികസനമായിരുന്നു സ്വപ്നം കണ്ടിരുന്നത്. അതിനാൽ കായിക രംഗത്തും ലൈബ്രറി പ്രവർത്തനങ്ങളിലും സജീവമായി വ്യാപരിക്കണമെന്ന് വിദ്യാർത്ഥികളെ ഉപദേശിച്ചിരുന്നു. ഇസബേല തോബേൺ കോളജിലെത്തുന്ന എല്ലാ വിദ്യാർത്ഥിനികളും ഗയിംസിൽ പങ്കെടുക്കണമെന്ന് സാറാ ചാക്കോയ്ക്ക് നിർബന്ധമായിരുന്നു.

"വൈകിട്ട് 4.30-ന് ഗയിംസ് ആരംഭിക്കും. അഞ്ചു മിനിറ്റ് മുമ്പെങ്കിലും വിദ്യാർത്ഥിനികൾ കളത്തിലിറങ്ങിയിരിക്കും. ആരും വൈകിയെത്തുന്നത് മിസ് ചാക്കോയ്ക്ക് ഇഷ്ടമല്ലെന്ന് അവർക്കറിയാം. സമയ നിഷ്ഠ ആ യുവ അദ്ധ്യാപികയെ സംബന്ധിച്ചിടത്തോളം പരമപ്രധാനം. താൻ ഓരോ വിദ്യാർത്ഥിയിൽ നിന്നും മെച്ചപ്പെട്ടത് പ്രതീക്ഷിക്കുന്നുവെന്ന് അവർക്ക് ബോധ്യപ്പെടാൻ തക്ക നിലയിലായിരുന്നു പ്രവർത്തന രീതി."

കായിക രംഗത്തെ എല്ലാ കളികൾക്കും കോളജിൽ പ്രത്യേകം പ്രാധാന്യം നൽകിയിരുന്നു. സാറാ ചാക്കോയുടെ ഇഷ്ട വിനോദം വോളിബോൾ ആയിരുന്നു. കളിക്കളത്തിലും സേവന രംഗത്തും സാറാ



> ഇന്ത്യൻ സഭകളുടെ ചരിത്രവും എക്യുമെനിക്കൽ ബന്ധങ്ങളുടെ ചരിത്രവും പരിശോധിച്ചാൽ സാറാ ചാക്കോയ്ക്ക് തുല്യമായി മറ്റൊരു വനിത ഇന്ത്യൻ ക്രൈസ്തവ സഭകളിൽ ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

ചാക്കോ വിദ്യാർത്ഥികൾക്ക് ഉറ്റ മിത്രവും സ്നേഹിതയും ആയിരുന്നു. സാറാ ചാക്കോയ്ക്ക് മിക്ക വിഷയങ്ങളും അനായാസം പഠിപ്പിക്കുവാൻ കഴിഞ്ഞിരുന്നു. ഇന്ത്യാ ചരിത്രം, ഇക്കണോമിക്സ്, പൊളിറ്റിക്സ് എന്നിവയാണ് ഇഷ്ട വിഷയം എന്നാൽ ഫിസിക്കൽ എഡ്യുക്കേഷനും അന്തർദേശീയ രാഷ്ട്രീയ വിഷയങ്ങളും ഉത്സാഹത്തോടെ പഠിപ്പിച്ചിരുന്നു.

സാറാ ചാക്കോ കോളജിന്റെ പ്രിൻസിപ്പൽ സ്ഥാനം ഏറ്റ ഉടനെ നടത്തിയ പ്രസംഗം അവരുടെ വിദ്യാഭ്യാസ ദർശനം വ്യക്തമാക്കുന്നതായിരുന്നു.

"കോളജിന്റെ മുഖ്യ ലക്ഷ്യം യേശുവിന്റെ വാക്കുകളിൽ സംഗ്രഹിക്കാം. അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധമായ ജീവൻ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത് എന്നാണ് യേശു പറഞ്ഞത്. ഈ കോളജിൽ പഠിക്കുവാൻ വരുന്ന

ഓരോ വിദ്യാർത്ഥിനിയും സമൃദ്ധമായ ജീവൻ കണ്ടെത്തിക്കഴിയുമ്പോൾ, കോളജിന്റെ ധർമ്മം സാക്ഷാത്കരിക്കപ്പെട്ടിരിക്കും. ഓരോ വിദ്യാർത്ഥിനിയിലും അന്തർലീനമായ ശക്തിവിശേഷം കണ്ടെത്തുക, ദൈവദത്തമായ താലന്തു പരമാവധി വികസിപ്പിക്കാൻ ഓരോരുത്തർക്കും മാർഗ്ഗനിർദേശവും അവസരവും നൽകുക. തനിക്കു തന്നെയും സമൂഹത്തിനും പ്രയോജനകരമായി വളരുന്നതിൽ തടസ്സം സൃഷ്ടിക്കുന്ന സകലതിനെയും നിയന്ത്രിക്കുവാൻ അവളെ സഹായിക്കുക. ഓരോ വിദ്യാർത്ഥിനിയും കണ്ടെത്തിയ ഈ സമൃദ്ധജീവൻ മനുഷ്യരാശിയുടെ നന്മയ്ക്കായി പകർന്നുകൊടുക്കുവാൻ അവളെ പറഞ്ഞയക്കുക ഇതെല്ലാമാണ് ആദർശയോഗ്യയായ ഒരു അദ്ധ്യാപികയുടെ ലക്ഷ്യം.”

വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഏകലക്ഷ്യത്തിലേക്ക് എത്തിക്കുക എന്നതായിരുന്നു സാറാ ചാക്കോയുടെ ലക്ഷ്യം. അഭിപ്രായ ദൃഢത, സാമൂഹിക പ്രതിബദ്ധത, നീതിബോധം, ആദ്ധ്യാത്മിക ശിക്ഷണം, സന്മാർഗ്ഗിക വിശുദ്ധി, സമഗ്രമായ വിഷയ പരിജ്ഞാനം, സാമൂഹിക അവബോധം, എന്നിവയെല്ലാം സാറാ ചാക്കോയുടെ വിദ്യാഭ്യാസ ദർശനത്തിന്റെ അടിസ്ഥാനങ്ങളാണ്.

### 3. ആഗോള ക്രൈസ്തവ സമിതിയിലെ കരുത്തുറ്റ നായിക

പൗരാണികമായ സുറിയാനി ക്രിസ്ത്യാനി കുടുംബത്തിൽ ജനിച്ച സാറാ ചാക്കോയിൽ എക്യുമെനിക്കൽ ദർശനം വ്യാപിക്കുന്നത് മദ്രാസിലെ ബിരുദ ബിരുദാനന്തര പഠന കാലത്തും ലക്നോയിലെ അദ്ധ്യാപനവും ആയിരുന്നു. 'സാറാ ചാക്കോ ആറുവർഷക്കാലം ഇൻഡ്യ, ബർമ്മ, സിലോൺ എസ്.സി.എം.-ന്റെ ചെയർപേഴ്സണുമായിരുന്നു. അങ്ങനെയാണ് ആ വനിത വേൾഡ് സ്റ്റുഡന്റ്സ് ക്രിസ്ത്യൻ ഫെഡറേഷനിൽ പ്രമുഖ പങ്കു വഹിക്കുവാൻ സാധിച്ചത്. 1933-ൽ ജാവയിൽ ചേർന്ന ഏറിയാ കോൺഫറൻസിലും 1936-ൽ സാൻഫ്രാൻസിസ്കോയിൽ ചേർന്ന സമ്മേളനത്തിലും സാറാ ചാക്കോ ഇന്ത്യയിൽ നിന്നുള്ള പ്രതിനിധിയായി പങ്കെടുത്തു. 1947-ൽ ചൈനയിലെ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സിന്റെ അടുക്കലേക്ക് ഇന്ത്യൻ എസ്.സി.എം. നിയോഗിച്ച മിഷൻ ഓഫ് ഫെലോഷിപ്പിലും സാറാ ചാക്കോ അംഗമായിരുന്നു. ജാവയിലെ സമ്മേളനം സാറാ ചാക്കോയുടെ ക്രിസ്തീയ പ്രതിബദ്ധതയെ ഗണ്യമായി സ്വാധീനിച്ചു. 1940-ൽ സിലോണിലെ കാൻഡിൽ ചേർന്ന എസ്.സി.എം. ക്വാഡ്രീനിയൽ കോൺഫറൻസിൽ സാറാ ചാക്കോയായിരുന്നു ചെയർപേഴ്സൺ. ഇന്ത്യൻ എസ്.സി.എം.ന്റെ പ്രതിനിധി എന്ന നിലയിൽ Y.W.C.A. യുടെ നാഷണൽ കമ്മിറ്റിയിൽ സേവന മനുഷ്ഠിച്ചു.

സഭകളുടെ ലോക കൗൺസിലിന്റെ പ്രാരംഭം നെതർലൻഡിലെ ആംസ്റ്റർഡാമിൽ 1948 ആഗസ്റ്റ് 23-ന് ആയിരുന്നു. സെപ്റ്റംബർ 4-വരെ നടന്ന സമ്മേളനത്തിൽ സാറാ ചാക്കോ പ്രതിനിധിയായിരുന്നു. 1948-ൽ നടന്ന WCC യുടെ പ്രഥമ സമ്മേളനത്തിൽ 'സഭയിൽ സ്ത്രീകളുടെ ജീവിതവും പ്രവർത്തനവും' എന്ന റിപ്പോർട്ട് അവതരിപ്പിക്കുവാൻ സാറാ ചാക്കോയ്ക്ക് കഴിഞ്ഞു. സഭകളിൽ സ്ത്രീകളുടെ സ്ഥാനവും പ്രവർത്തനവും സംബന്ധിച്ച് ആധികാരികമായ പഠനത്തിന് വഴിതെളിച്ചത് സാറാ ചാക്കോയുടെ റിപ്പോർട്ടാണ്.

സ്ത്രീകളുടെ സേവനവും പ്രവർത്തനവും സ്ഥാനവും സഭകളുടെ ലോക കൗൺസിലിന്റെ ഘടനയുടെ ഭാഗമാക്കിത്തീർക്കുവാൻ 1948-ലെ ആംസ്റ്റർഡാം അസംബ്ലി എടുത്ത തീരുമാനം സഭകളിൽ സ്ത്രീകളുടെ പങ്കാളിത്ത നിർണ്ണയത്തിന് പുത്തൻ വഴിത്തിരിവ് പകർന്നു.

WCC ആംസ്റ്റർഡാം അസംബ്ലിയെപ്പറ്റി 1948 സെപ്റ്റംബർ 23 ലെ ടൈം മാഗസിൻ, നടത്തിയ ഹ്രസ്വമായ പ്രതിപാദനത്തിൽ സാറാ ചാക്കോയെക്കുറിച്ച് പറയുന്നത് ശ്രദ്ധേയമാണ്:

“മുമ്പു നടന്നിട്ടുള്ള എക്യുമെനിക്കൽ സമ്മേളനങ്ങളെ അപേക്ഷിച്ച് ആംസ്റ്റർഡാം, എഷ്യനാഫ്രിക്കൻ സഭകൾക്ക് കൂടുതൽ ശ്രദ്ധ നൽകി. ജ്വലിക്കുന്ന, വെട്ടിത്തിളങ്ങുന്ന കണ്ണുകളുള്ള സുന്ദരിയായ ഇന്ത്യാക്കാരി സാറാ ചാക്കോ അവരുടെ മനോഭാവത്തെ ഇപ്രകാരം വെളിപ്പെടുത്തി. കമ്മ്യൂണിസത്തെപ്പറ്റി അനർഹമായ ഭയം പ്രതിനിനിധികൾക്ക് പ്രത്യേകിച്ച് അമേരിക്കയിൽ നിന്നും വന്നവർക്ക്-ഉള്ളതായി തോന്നുന്നു... കമ്യൂണിസമാണോ ശരിയായ വഴി എന്ന് ആത്മാർത്ഥമായി തങ്ങളോടുതന്നെ ചോദിക്കുന്ന ഏഷ്യൻ ജനതയെ നാം നേരിടേണ്ടിയിരിക്കുന്നു. വ്യക്തമായ പ്രായോഗിക നടപടികളിലൂടെ വേണം നാം അതിന്റെ വെല്ലുവിളി നേരിടാൻ”.

WCC യുടെ ആസ്ഥാനമായ ജനീവയിൽ 'സ്ത്രീകളുടെ ജീവിതവും പ്രവർത്തനവും' സംബന്ധിച്ച കമ്മീഷന്റെ പൂർണ്ണ സമയ ചെയർ പേഴ്സൺ ആയി 1950 മാർച്ച് മുതൽ 1951 ആഗസ്റ്റു വരെ സാറാ ചാക്കോ പ്രവർത്തിച്ചു. WCC സ്റ്റാഫിന്റെ മുഴുവൻ ആദരവും നേടാൻ സാറാ ചാക്കോയ്ക്ക് കഴിഞ്ഞു.

നേതൃ സ്ഥാനങ്ങളിലുള്ള വനിതകളുടെ കഴിവുകൾ പരമാവധി വർദ്ധിതമാക്കുവാൻ സാറാ ചാക്കോയ്ക്ക് കഴിഞ്ഞു. ഫ്രാൻസ്, കാനഡാ, ജർമ്മനി, ഇംഗ്ലണ്ട്, മദ്ധ്യപൂർവ്വദേശം അമേരിക്ക എന്നിങ്ങനെ സാറാ ചാക്കോ സഞ്ചരിച്ച രാജ്യങ്ങളിലെല്ലാം വനിതകളുടെ സ്ഥാനത്തെയും സേവനത്തെയും പറ്റി ശക്തിയുക്തം പ്രബോധിപ്പിച്ചു.

'സ്ത്രീകളുടെ സ്ഥാനവും പ്രവർത്തനവും സഭകൾ അംഗീകരിക്കണ'മെന്ന് ധീരമായ നിലപാടെടുത്ത സാറാ ചാക്കോയ 1951-ൽ WCC യുടെ പ്രസിഡന്റായി തെരഞ്ഞെടുത്തു. 1952-നവംബർ 11 മുതൽ 25 വരെ കോട്ടയത്തു നടന്ന ലോക ക്രൈസ്തവ യുവജന സമ്മേളനത്തിലും 1952 ഡിസംബർ 31 മുതൽ 1953 ജനുവരി 8 വരെ ലക്നോയിലെ ഇസബേല തോബേൺ കോളജിൽ നടന്ന WCC സെൻട്രൽ കമ്മിറ്റിയുടെയും മുഖ്യ സംഘാടക സാറാ ചാക്കോ ആയിരുന്നു.

ലക്നോയിൽ നടന്ന സമ്മേളനത്തിന്റെ വിശദാംശങ്ങൾ സാറാ ചാക്കോയുടെ വാക്കുകളിൽ WCC യുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

“ആംസ്റ്റർഡാം സമ്മേളനം കഴിഞ്ഞതു മുതൽ ഞാൻ ആഗ്രഹിക്കുന്നതാണ്, സഭകളുടെ ലോക കൗൺസിൽ ഏഷ്യൻ മണ്ണിൽ സമ്മേളിക്കുന്ന സുദിനം എത്രയും വേഗം സമാഗതമാകണമെന്ന്. പാശ്ചാത്യ സഭകളിൽ



*Amsterdam Assembly (1948)*

നിന്നുള്ളവർക്ക് ഏഷ്യൻ രംഗം പൂർണ്ണമായി മനസിലാക്കുവാൻ ഇത് അത്യാവശ്യവുമാണ്.

ഒരു വിധത്തിൽ ഈ സമ്മേളനം എന്റെ ആഗ്രഹം പൂവണിയുന്ന അനുഭവമാണ്. ലോകമെമ്പാടുമുള്ള ക്രൈസ്തവ സഭകളുടെ കൂട്ടായ്മയോട് ഇതോടെ കൂടുതൽ അടുത്തു വന്നതായി ഞങ്ങൾ മനസ്സിലാക്കുന്നു. അതോടെ യഥാർത്ഥമായ വിദ്യാഭ്യാസം ലഭിച്ചതായും ഞങ്ങൾക്ക് തോന്നുന്നു. ക്രിസ്തു ശരീരമെന്ന നിലയിൽ ഞങ്ങളുടെ ആസ്തികളെപ്പറ്റിയും ബാദ്ധ്യതകളെപ്പറ്റിയും നിങ്ങൾക്കു നേരിട്ടു തന്നെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് പ്രതീക്ഷിക്കുന്നു.

### 4. വിശാല എക്യുമെനിസത്തിന്റെ പ്രഥമസാരഥി

സഭ എക്യുമെനിക്കലാകണമെന്ന ചിന്ത സാറാ ചാക്കോയിൽ ശക്തമായിരുന്നു. ചില സഭകൾ പുരാതനമാണ്, ചിലവ സമീപ കാലത്തുണ്ടായവ. ചിലത് സമ്പന്നം, ചിലത് ദരിദ്രം. ചില സഭകൾക്ക് അനുഭവജ്ഞാനം കുറവ്. പണവും വിഭവങ്ങളും ദുർലഭം, നേതൃത്വവും കമ്മി. ഈ പോരായ്മകളുള്ള സഭകളും ഇല്ലാത്തവയും ക്രിസ്തുവിൽ ഒരു കുടുംബമാണെന്നും സാറാ ചാക്കോ വിശ്വസിച്ചു. പരസ്പരം സ്നേഹിക്കുവാനും സേവിക്കുവാനും സഹായിക്കുവാനും പ്രതിജ്ഞാബദ്ധരാണ് ഓരോരുത്തരും.

സാറാ ചാക്കോയുടെ വിശാലമായ എക്യുമെനിക്കൽ ദർശനം മനസ്സിലാക്കുവാൻ കഴിയുന്ന ഒരു സന്ദർഭം ശ്രദ്ധേയമാണ്: "ലക്നോ യൂണിവേഴ്സിറ്റിയിലെ ഒരു വിരുന്നു സൽക്കാര വേളയിൽ രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണൻ മിസ് ചാക്കോയോട് ചോദിച്ചു കോളജിലെ വിദ്യാർത്ഥികളിൽ ക്രിസ്ത്യാനികൾ എത്ര ശതമാനം വരുമെന്ന്. സാറാ ചാക്കോയുടെ മറുപടി 'ക്രിസ്ത്യാനികളുടെ ശതമാനം എനിക്കറിഞ്ഞുകൂടാ. പക്ഷേ 99 ശതമാനം പേരും ഇന്ത്യാക്കാരാണ് ".

1954 മാർച്ച് അഞ്ചിന് വനിതകൾക്കുവേണ്ടിയുള്ള ലോക പ്രാർത്ഥനാ ദിനത്തിൽ സാറാ ചാക്കോ നടത്തിയ റേഡിയോ പ്രഭാഷണത്തിന്റെ സമാപന വരികൾ എക്യുമെനിക്കൽ ദർശനത്തിന്റെ വിശാലത പങ്കിടുന്നതാണ്.

"ഇന്ത്യയിലെ സഭയുടെ ആഴമേറിയ ജൈവ ബന്ധത്തിനുവേണ്ടി നാം പോരാടുമ്പോൾ, നാമേവരുടേയും പിതാവിനു മുമ്പിൽ നാം നടത്തുന്ന പൊതുവായ അപേക്ഷ ക്രൈസ്തവ സഭയിൽ എവിടെയുമുള്ള സങ്കടകരമായ പിളർപ്പ് സുഖപ്പെടുത്തുകയും ദൈവ സ്നേഹത്തിൽ നമ്മെ ഒന്നായി അവതരിപ്പിക്കുകയും ചെയ്യട്ടെ".

അന്തർദേശീയ എക്യുമെനിക്കൽ രംഗത്തും വിദ്യാഭ്യാസ രംഗത്തും പ്രശോഭിച്ച സാറാ ചാക്കോയുടെ അന്ത്യം വളരെ പെട്ടന്നായിരുന്നു. ബാസ്ക്കറ്റ്ബോൾ കളിക്കളത്തിൽ വച്ചുണ്ടായ ഹൃദയാഘാതം, നിമിഷങ്ങൾക്കുള്ളിൽ ജീവൻ നഷ്ടപ്പെട്ടു. സംഭവം വീക്ഷിച്ച ആ കാലഘട്ടത്തിലെ ഒരു വിദ്യാർത്ഥി അനുഭവം രേഖപ്പെടുത്തി. "ഒന്നാം തരം ഒരു കളിക്കാരിക്ക്, കളിക്കളത്തിൽ, കളിക്കുന്നതിനിടയിൽ അന്ത്യശ്വാസം വലിക്കുന്നതിനേക്കാൾ കൂടുതൽ അനുയോജ്യമോ, ഭാഗ്യകരമോ ആയി മറ്റെന്താണുള്ളത്?"

സാറാ ചാക്കോയുടെ ചരമവാർത്ത 1954 ജനുവരി 28-ലെ മലയാള മനോരമ പത്രത്തിൽ വന്നത് ഇപ്രകാരമാണ്: 'ലക്നോ. ജനുവരി 25. പരേതയായ എം.എ. ചാക്കോയുടെ പുത്രിയും ലക്നോ ഇസബേലാ കോളജ് പ്രിൻസിപ്പലുമായ സാറാ ചാക്കോ എം.എ., പി.എച്ച്.ഡി. 48-ാം വയസ്സിൽ ഇന്ന് ഹൃദയ സ്തംഭനം മൂലം നിര്യാതയായി. ശവസംസ്ക്കാരം ചൊവ്വാഴ്ച രണ്ടു മണിക്ക് നടക്കും.

ബാസ്ക്കറ്റ് ബോൾ മത്സരത്തിൽ സാറാ ചാക്കോ സംബന്ധിച്ചിരുന്നു. മത്സരം നടന്നു കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ഹൃദ്രോഗ പീഡയുണ്ടായി. 15 മിനിറ്റിനകം മൃതിയടയുകയാണുണ്ടായത്.

### ഉപസംഹാരം

ആധുനിക ഇന്ത്യൻ സഭാചരിത്രത്തിൽ അതുല്യസ്ഥാനമാണ് സാറാ ചാക്കോയ്ക്ക് ഉള്ളത്. WCC യുടെ പ്രസിഡന്റായ ആദ്യ വനിതയും ആദ്യ ഇന്ത്യാക്കാരിയുമാണ്. സഭയിൽ സ്ത്രീകളുടെ സ്ഥാനവും പങ്കാളിത്തവും ആഗോള ക്രൈസ്തവ വേദിയിൽ ഉറപ്പിക്കുവാൻ സാറാ ചാക്കോ WCC-ൽ നടത്തിയ പഠനം വഴിതെളിച്ചു. ധീരമായ നേതൃത്വവും നിശ്ചയ ദാർഢ്യവും കഠിനാധ്വാനവും സാറാ ചാക്കോയെ സഭയുടെയും സമൂഹത്തിന്റെയും ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചു. ഇന്ത്യൻ സഭകളുടെ ചരിത്രവും എക്യുമെനിക്കൽ ബന്ധങ്ങളുടെ ചരിത്രവും പരിശോധിച്ചാൽ സാറാ ചാക്കോയ്ക്ക് തുല്യമായി മറ്റൊരുവനിത ഇന്ത്യൻ ക്രൈസ്തവ സഭകളിൽ ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ■

## പുതിയ മാനേജർമാർ



ഫാ. എം.സി. കുറിയാക്കോസ് | വെരി.റവ. ബർസ്ലീബാ റമ്പാൻ | വെരി.റവ.കെ.എം. സഖറിയ റമ്പാൻ | ഫാ. അലക്സാണ്ടർ പി. ദാനിയേൽ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന കേന്ദ്രങ്ങളിൽ പുതിയ സാരഥികളെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിയമിച്ചു.

കോട്ടയം പഴയ സെമിനാരി മാനേജർ ഫാ. എം.സി. കുറിയാക്കോസിനെ പരുമല സെമിനാരി മാനേജരായും, പീരുമേട് മലങ്കര കോഫി എസ്റ്റേറ്റ് മാനേജർ ഫാ. കെ.എം. സഖറിയ റമ്പാനെ കോട്ടയം പഴയ സെമിനാരി മാനേജരായും, തിരുവിതാംകോട് അരപ്പള്ളി മാനേജർ ബർസ്ലീബാ റമ്പാനെ പീരുമേട് കോഫി എസ്റ്റേറ്റ് മാനേജരായും, പരുമല സെമിനാരി അസിസ്റ്റന്റ് മാനേജർ ഫാ. അലക്സാണ്ടർ പി. ദാനിയേലിനെ തിരുവിതാംകോട് അന്താരാഷ്ട്ര മർത്തോമ്മൻ തീർത്ഥാടന കേന്ദ്രത്തിന്റെ മാനേജരായും നിയമിച്ചു.

ഓർമ്മ

# നെടുമാവ് ജോർജച്ചൻ
## സഭാസ്നേഹത്തിന്റെ ആൾരൂപം



**മലങ്കരസഭാ മാസികയുടെ എഡിറ്ററായും, മാനേജരായും ഒരു കാൽ നൂറ്റാണ്ടോളം പ്രവർത്തിച്ച്, 1971 ജൂലായ് 30-ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ വന്ദ്യനായ നെടുമാവ് ജോർജച്ചൻ സഭാചരിത്രത്തിലെ ഒരപൂർവ്വ വ്യക്തിത്വമായിരുന്നു.**

■ ഫാ. ഡോ. ജേക്കബ് കുര്യൻ

ഓർമ്മയിലെന്നും സജീവമാണല്ലോ ഓരോരുത്തർക്കും അവരവരുടെ ഇടവകപള്ളിയിലെ പെരുന്നാൾ. അങ്ങനെ ഒരു ദിവസമാണ് ഞങ്ങൾ കുറെ ഹൈസ്കൂൾ വിദ്യാർത്ഥികളെ നെടുമാവ് സെന്റ് പോൾസ് പള്ളിയിലെ മദ്ബഹായിൽ പ്രവേശിപ്പിച്ചത്. കുപ്പായം ഇട്ട് ത്രോണോസുകൾ മുത്താനും അച്ചന്മാരുടെ കൈ മുത്താനും ചെന്നപ്പോൾ, ഒരു ത്രോണോസിൽ കാപ്പയിട്ട് മൂന്നുമ്മേലിന് ചൊല്ലാൻ നിൽക്കുന്നത് നെടുമാവ് ജോർജച്ചൻ ആയിരുന്നു. കൈ മുത്തിച്ചിട്ടു പറഞ്ഞു "തീയാണിതെന്ന് ഓർത്തോണം.'' ഗൗരവം വിടാതെ സാമാന്യം ഉച്ചസ്വരത്തിൽ ബഹു. അച്ചൻ അതു പറഞ്ഞപ്പോൾ ഒരു മിന്നൽപ്പിണർ ഉള്ളിലെവിടെയോ സ്പർശിച്ച പ്രതീതി. പിന്നീടെന്നും, നെടുമാവ് ജോർജച്ചനെ അനുസ്മരിക്കുമ്പോൾ ഒരു മിന്നൽ മാത്രമല്ല ഇടിമുഴക്കവും അന്തരംഗത്തിലുണ്ടാവുന്നു.

മലങ്കരസഭാ മാസികയുടെ എഡിറ്ററായും, മാനേജരായും ഒക്കെ ഒരു കാൽ നൂറ്റാണ്ടോളം പ്രവർത്തിച്ച്, പൗരസ്ത്യ കാതോലിക്കേറ്റിന്റെ ശക്തനായ വക്താവും, സഭാകേന്ദ്രത്തിലെ സമർപ്പിത ശുശ്രൂഷകനും ഒക്കെയായി 1971 ജൂലായ് 30-ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ വന്ദ്യനായ ജോർജച്ചൻ സഭാചരിത്രത്തിലെ ഒരപൂർവ്വ വ്യക്തിത്വമായിരുന്നു. 1922 സെപ്റ്റംബർ 6-ാം തീയതി താഴേതിൽ വറുഗീസിന്റെയും അന്നമ്മയുടെയും പുത്രനായി ജനിച്ച ജോർജ് ജീവിതയാത്രയിൽ ധാരാളം അനുഭവങ്ങളുടെ അകമ്പടിയോടെയാണ്, പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ശിഷ്യനും, ശുശ്രൂഷകനും ആയി പരിണമിച്ചത്. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അടുക്കലെത്തുന്നതിനു മുമ്പ്, നെടുമാവ് സെന്റ് പോൾസ് ഇടവകയുടെ സ്ഥാപകനായ കരിങ്ങണാമറ്റത്തിൽ മാത്യൂസ് അച്ചന്റെ ശിഷ്യനായിരുന്നു. ആ ഗുരുവിന്റെ ശിക്ഷണം കിട്ടിയതിനാൽ ഹൈസ്കൂൾ ഫൈനൽ പരീക്ഷയിൽ അഖില മലങ്കര ഒന്നാം സ്ഥാനം ജോർജിനു ലഭിച്ചു. പഴയസെമിനാരിയിൽ തുടങ്ങി ദേവലോകത്ത് സായൂജ്യമടഞ്ഞ ഒരു ഉപനയനപാതയിൽ ജോർജ് എന്ന ശിഷ്യനെ ഗീവർഗീസ് ദ്വിതീയൻ ബാവാ എന്ന ഗുരുവിനും, ഗുരുവിനെ ശിഷ്യനും പ്രിയപ്പെടുവാൻ നിരവധി കാരണങ്ങൾ ഉണ്ടായി. ഗുരുവിന് ശിഷ്യനെ പ്രിയപ്പെടുവാൻ ഏറ്റവും പ്രധാനമായി മൂന്ന് കാരണങ്ങൾ ഉണ്ടായിരുന്നു. ഒന്ന്, കറയറ്റ ഗുരുഭക്തി, രണ്ട്, ഉച്ചത്തിലും ഉച്ചാരണശുദ്ധിയോടെ വായിക്കുവാനുള്ള കഴിവ്, മൂന്ന്, സഭയുടെ വിശ്വാസം, അനുഷ്ഠാനങ്ങൾ, കാനോനിക വ്യവസ്ഥ എന്നിവയെക്കുറിച്ചുള്ള അഭിമാനബോധം. ശിഷ്യന് ഗുരുവിനെ പ്രിയപ്പെടുവാനും അനേകം കാരണങ്ങളിൽ മൂന്നെണ്ണം എടുത്തു പറയേണ്ടിയിരിക്കുന്നു. ഒന്ന്, ഭക്തിയുടെ ജീവിതലാവണ്യം, രണ്ട്, വേദവിജ്ഞാനത്തിന്റെ പുതുമ നിറഞ്ഞ പൊരുളുകൾ, മൂന്ന്, ആത്മീയ മക്കളോടും ശിഷ്യരോടും കാണിച്ച വാത്സല്യം.

നെടുമാവ് ജോർജച്ചൻ, ജോർജായിരുന്ന കാലത്ത് ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്ക് ഏൽപിക്കപ്പെട്ടത് കരിങ്ങണാമറ്റത്തിൽ കെ. വി. മാത്യൂസച്ചന്റെ ദീർഘവീക്ഷണം മുഖാന്തിരമാണ്. അതിനെക്കുറിച്ച് ഫാ. എൻ. വി. അലക്സാണ്ടർ ഇങ്ങനെ എഴുതുന്നു, "അന്ന് സമുദായക്കേസ് കോട്ടയം ജില്ലാക്കോടതിയിൽ ബി. കൃഷ്ണയ്യരുടെ ബഞ്ചിൽ വാദം കേൾക്കുകയാണ്. മൊഴിപ്പകർപ്പെടുക്കുന്നതിന് അന്ന് അയ്മേനി ആയിരുന്ന ജോർജച്ചൻ നിയുക്തനായി. പകൽ മുഴുവൻ കോടതിയിൽ. രാത്രിയിൽ അന്നന്ന് എഴുതിഎടുക്കുന്ന മൊഴിപ്പകർപ്പ് പരിശുദ്ധ കാതോലിക്കാ ബാവായെ വായിച്ചു കേൾപ്പിക്കണം. പുറമെ, വേദപുസ്തകവും, കോട്ടയത്തു നിന്നു പ്രസിദ്ധീകരിക്കുന്ന വർത്തമാനപത്രങ്ങളും; തികച്ചും വിരസമായിരുന്നു ഈ ജോലി. പക്ഷേ അച്ചന് രസപ്രദവും."

എഴുതിക്കൊണ്ടു വന്നു കേൾപ്പിക്കുന്ന മൊഴി വായനയിൽ പ. ബാവാ തിരുമേനി പങ്കുചേർന്നിരുന്നത് ജോർജിന്റെ ജീവിതത്തിലെ ഭാഗ്യനിമിഷങ്ങളായിരുന്നു. വിശ്വാസം, വേദപുസ്തകം, സഭാചരിത്രം, കാനോൻ മുതലായ വിഷയങ്ങളെ സ്പർശിക്കുന്ന ഒരു പണ്ഡിത സദസ്സായി ഓരോ സന്ധ്യയും മാറുമായിരുന്നു. ഇങ്ങനെ ലഭിച്ച അറിവാണ് തന്റെ സെമിനാരി വിദ്യാഭ്യാസം എന്ന് അദ്ദേഹം തന്നെ മലങ്കരസഭയിൽ എഴുതിയ "തിരുസന്നിധിയിൽ നിന്ന്" എന്ന ലേഖന പരമ്പരയിൽ സൂചിപ്പിച്ചിട്ടുണ്ട്.

പഴയസെമിനാരിയിലെ സമുദായ ആഫീസിൽ ക്ലർക്കായി നിയമിക്കപ്പെട്ടതോടെ, "മലങ്കരസഭ" മാസികയുടെ പ്രവർത്തനത്തിലും വ്യാപൃതനായി. സാവധാനം മാസികയുടെ സമ്പൂർണ്ണ ഉത്തരവാദിത്തവും അദ്ദേഹത്തിന്റെ മേലായി. മലങ്കരസഭാ താളുകളിൽ കാലോചിതമായ കുറിപ്പുകളും ലേഖനങ്ങളും ഉൾക്കൊള്ളിക്കുവാനും ആയത് പൊതുവേദികളിൽ ചർച്ച ചെയ്യ

പ്പെടുവാനും ഇടയായതു മൂലം നെടുമാവ് ജോർജ് കൂടുതൽ ശ്രദ്ധേയനായി. "നെടുമാവ്" സഭാന്തരീക്ഷത്തിൽ സുപരിചിതമായത് അങ്ങനെയാണ്.

അദ്ദേഹം മലങ്കരസഭയിലെ കക്ഷിവഴക്കിന്റെ പശ്ചാത്തലത്തിൽ എഴുതിയ "മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനം" എന്ന ഗ്രന്ഥം മലങ്കരസഭയുടെ ചരിത്രത്തിൽ ചില വഴിത്തിരിവുകൾക്ക് മുഖാന്തിരമായി. പലർക്കും സ്വന്തം സഭാചരിത്ര വിഷയത്തിൽ ആത്മാഭിമാനം ഉളവാക്കുവാനും, ചിലർക്ക് അദ്ദേഹത്തോട് നീരസം ഉളവാക്കുവാനും ആ ഗ്രന്ഥത്തിനും അദ്ദേഹം എഴുതിയ ചില ലേഖനങ്ങൾക്കും ഇടയായി എന്നത് ഒരു പരമാർത്ഥമാണ്.

നെടുമാവ് ജോർജച്ചന്റെ ശബ്ദഗാംഭീര്യത്തോടെയുള്ള പ്രസംഗങ്ങളിലുടനീളം, ബാർ എബ്രായയുടെ ഹൂദായ കാനോനും, സുറിയാനി പിതാക്കന്മാരുടെ രചനകളുടെ സാരവും, വേദപുസ്തക ജ്ഞാനവും നിറഞ്ഞു നിന്നിരുന്നു. ദീർഘകാലമായി ആസ്മാ രോഗിയായിരുന്ന അദ്ദേഹം 49 വർഷമേ ഈ ഭൂമിയിൽ ജീവിച്ചുള്ളുവെങ്കിലും സുരഭിലസുന്ദരമായ ഒരു ജീവിത സാക്ഷ്യം സ്വന്തമായിട്ടുണ്ട്. ■

## ഡോക്ട്രേറ്റ്



**പത്തനംതിട്ട:** കാനഡായിലെ കൺകോർഡിയ സർവ്വകലാശാലയിൽ നിന്നും ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ ഡോക്ട്രേറ്റ് ലഭിച്ച ജോമു ജോർജ് എം. പാറേട്ട്. മുൻ സഭാ മാനേജിംഗ് കമ്മറ്റിയംഗവും ഇപ്പോൾ സഭാ മിഷൻ ബോർഡ് സെക്രട്ടറിയുമായ കൊച്ചു പാറേട്ട് പ്രൊഫ. കെ.സി. മാണിയുടെയും (കാതോലിക്കേറ്റ് കോളജ്, പത്തനംതിട്ട) ഓമനയുടെയും പുത്രനാണ്. കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളജ് മുൻ പ്രിൻസിപ്പാൾ കുടശ്ശനാട് കോട്ടൂർ ഡോ. കെ.സി. രാജുവിന്റെയും സാലിയുടെയും മകൾ ജിഷയാണ് സഹധർമ്മിണി.



# സൺഡേസ്ക്കൂൾ വാർത്തകൾ

പ്രിയ സ്നേഹിതരെ,

OSSAE യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ജൂൺ 12, 13 തീയതികളിൽ പഴയസെമിനാരിയിലെ സോഫിയാ സെന്ററിൽ പ്രസിഡന്റ് തിരുമേനിയുടെ അധ്യക്ഷതിൽ സമ്മേളിച്ചു. ഡയറക്ടർ ജനറൽ OKR ന്റെ പുതിയ ഡയറക്ടറായ ഫാ. ബിജേഷ് ഫിലിപ്പ്, പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭദ്രാസന ഡയറക്ടർമാർ, സെക്രട്ടറിമാർ എന്നിവർക്ക് പ്രസിഡന്റ് അനുമോദനങ്ങൾ അർപ്പിച്ചു. എട്ടുവർഷക്കാലമായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ഫാ. ഡോ. ഒ. തോമസിന്റെ സേവനങ്ങളെ പ്രസിഡന്റ് തിരുമേനി പ്രശംസിക്കുകയും നന്ദിയറിയിക്കുകയും ചെയ്തു. ഒ.വി.ബി.എസ്. ഡയറക്ടർ ഫാ. കെ. വി. ഏലിയാസ്, പരീക്ഷാ ബോർഡ് കൺട്രോളർ വെരി. റവ. പോത്താറ കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ, സേവന കാലം പൂർത്തിയാക്കുന്ന ഭദ്രാസന ഡയറക്ടർമാർ, സെക്രട്ടറിമാർ എന്നിവരുടെ സേവനങ്ങൾക്ക് ഡയറക്ടർ ജനറൽ നന്ദിയറിയിച്ചു. ട്രഷറാർ സന്തോഷ് ബേബി എ. കെ., ഒ.വി.ബി.എസ്. ഡയറക്ടർ ഫാ. കുര്യൻ തോമസ്, ജനറൽ സെക്രട്ടറി ഡോ. ഐപ്പ് വർഗീസ് എന്നിവരേയും ഒ.വി.ബി.എസ്. കമ്മറ്റി, പരീക്ഷാ ബോർഡ് എന്നിവയിലെ പുതിയ അംഗങ്ങളെയും യോഗം തെരഞ്ഞെടുത്തു. പുതിയ പരീക്ഷാ ബോർഡ് കൺട്രോളറായി ഫാ. കെ. വി. ഏലിയാസിനെ പ്രസിഡന്റ് തിരുമേനി നിയമിച്ചു.

OSSAE യുടെ വാർഷിക പൊതുയോഗം ഓഗസ്റ്റ് എട്ടിന് തീയതി ദേവലോകത്തുള്ള ഹാളിൽ സമ്മേളിക്കുന്നതാണ്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ, സെക്രട്ടറിമാർ, എന്നിവർ ഈ യോഗത്തിൽ സമ്മേളിക്കുമല്ലോ. വാർഷിക റിപ്പോർട്ടിൽ ചേർക്കുവാൻ, കഴിഞ്ഞ വർഷം വിജയികളായ വിദ്യാർത്ഥികളുടെ ഫോട്ടോകൾ ജൂലൈ 20 നകം സണ്ടേസ്ക്കൂൾ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഒ.വി.ബി.എസ്. കരിക്കുലത്തിന്റെ പരിഷ്ക്കരണം സംബന്ധിച്ചും, നമ്മുടെ പരീക്ഷാ സമ്പ്രദായത്തിൽ വരുന്ന മാറ്റങ്ങളെ സംബന്ധിച്ചും മത്സര പരീക്ഷകളെപ്പറ്റിയും ഉള്ള വിവരങ്ങൾ അടുത്ത സർക്കുലറുകളിൽ അറിയിച്ചുകൊള്ളാം. പത്താം ക്ലാസ്സിലെ അധ്യാപിക സഹായിയും പാഠപുസ്തകത്തിന്റെ രണ്ടാം ഭാഗവും വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്.

ഫാ. എം.സി. പൗലോസിന്റെ (കോതമംഗലം) നിര്യാണം സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വേദനയുളവാക്കിയ സംഭവമാണ്. കണ്ടനാട് ഭദ്രാസന ഡയറക്ടറായി കാൽ നൂറ്റാണ്ടിലധികം സേവനമനുഷ്ഠിച്ച വ്യക്തിയാണ്. ഒ.വി.ബി.എസ്. പ്രസ്ഥാനം അരംഭിക്കുന്നതിനും മുൻപുതന്നെ മറ്റു സഭകളുടെ വി.ബി.എസ്. പുസ്തകം ഉപയോഗിച്ച് അവധിക്കാല ക്ലാസ്സുകൾ തുടങ്ങിയ അച്ചൻ, നമ്മുടെ ഒ.വി.ബി.എസിന്റെ മുൻനിരക്കാരനായി പ്രവർത്തിക്കുകയും മൂന്നു വർഷക്കാലം ഒ.വി.ബി.എസ്. ഡയറക്ടറായി സേവനമനുഷ്ഠിക്കുകയും ചെയ്തു. ദൈവം അദ്ദേഹത്തിന്റെ ആത്മാവിന് നിത്യ ശാന്തി നൽകട്ടെ.

*പ്രാർത്ഥനയോടെ,*

**റെജി മാത്യു അച്ചൻ**





## നിർമ്മല ഗീതം :

ആത്മാവിനെ തൊട്ടുണർത്തുന്ന സണ്ടേസ്ക്കൂൾ ഗാനങ്ങൾ ഉൾക്കൊള്ളുന്ന ആൽബം. സിറിയക്റ്റി. കുറിയാക്കോസ്, മാത്യു ഏബ്രഹാം എന്നിവർ തയ്യാർ ചെയ്തത്. ആദ്യകാല സണ്ടേസ്ക്കൂൾ ഗാനങ്ങളും, പുതിയവയും ഉൾപ്പെടുത്തിയിരിക്കുന്നു. വില: 110 രൂപ. എയ്ഞ്ചൽ മ്യൂസിക്, കോട്ടയം.

*Advt.*



നിരീക്ഷണം

# ശമര്യ സ്ത്രീയും ഇസ്ലാമിക സ്റ്റേറ്റും

**ജോൺ ഡി. കുന്നത്ത്**

ലോകമെങ്ങും മനുഷ്യമനസ്സിൽ കൊടും ഭീതിയുടെ കരിനിഴൽ വീഴ്ത്തിയിരിക്കുന്ന ഇസ്ലാമിക് സ്റ്റേറ്റുമായി യേശുതമ്പുരാന് കുടിക്കാൻ അല്പം വെള്ളം കൊടുത്ത ശമര്യ സ്ത്രീക്കു എന്തു ബന്ധമുണ്ടാകാനാണ്? തലക്കെട്ട് കാണുമ്പോൾ ആർക്കും ന്യായമായി തോന്നാവുന്ന ഒരു ചോദ്യമാണിത്. ശ്രദ്ധയിൽ പെട്ട ഒരു ബന്ധം ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. ഒരു പക്ഷേ ഇസ്ലാമിക് സ്റ്റേറ്റ് ഉയർത്തുന്ന ഭീതിയുടെ കാരണവും പ്രശ്നപരിഹാരവും കണ്ടെത്തുന്നതിന് അത് നമ്മെ സഹായിച്ചേക്കാം.

യേശുതമ്പുരാനുമായി പരിചയപ്പെട്ടപ്പോൾ തന്റെ മനസ്സിൽ ദീർഘനാളായി മഥിച്ചു കൊണ്ടിരിക്കുന്ന ഒരു സമസ്യ യേശുവിന്റെ മുമ്പാകെ അവതരിപ്പിക്കാൻ ആ സ്ത്രീ ഒരുങ്ങി. താൻ ഒരു ശമര്യക്കാരിയും യേശു തമ്പുരാൻ ഒരു യഹൂദനും ആണെന്ന വ്യത്യാസം കണക്കിലെടുത്തുകൊണ്ടായിരുന്നു ആ ചോദ്യം. യഹൂദർ ആരാധിക്കുന്നത് യരുശലേമിലും ശമര്യർ ആരാധിക്കുന്നത് ഗിരിസിം മലയിലുമാണ്. തങ്ങളുടേതാണ് യഥാർത്ഥ ദേവാലയമെന്നത് ഇരുകൂട്ടരും അവകാശപ്പെടുന്നു. ഒരു കൂട്ടരുടെ അവകാശവാദം സത്യമാണെങ്കിൽ മറ്റെ കൂട്ടരുടെ അവകാശവാദം പൊള്ളയാണെന്ന് വരും. എന്താണ് ഇതിന്റെ സത്യം?

മനുഷ്യൻ എക്കാലവും ചോദിച്ചിട്ടുള്ള സുപ്രധാനമായ ഒരു ചോദ്യമാണിത്. ലോകത്തിൽ എപ്പോഴും ധാരാളം മതങ്ങളും അവയ്ക്കെല്ലാം ഒട്ടേറെ അവാന്തരവിഭാഗങ്ങളും എപ്പോഴും ഉണ്ടായിട്ടുണ്ട്. ഓരോ കൂട്ടത്തിലുമുള്ളവർ ദൈവത്തെക്കുറിച്ചുള്ള സത്യം തങ്ങളുടെ പക്കലുണ്ടെന്നും അതുകൊണ്ടു തങ്ങളുടെ മതമാണ് സത്യമതമെന്നും തങ്ങളുടെ ആരാധനയാണ് സത്യാരാധനയെന്നും തങ്ങളുടെ ദേവാലയമാണ് സത്യദേവാലയമെന്നും എപ്പോഴും അവകാശപ്പെട്ടിട്ടുണ്ട്. തങ്ങളുടെ മതമാണ് സത്യം എന്നു മുസ്ലീങ്ങൾ അവകാശപ്പെടുന്നു; തങ്ങളുടേതാണ് സത്യം എന്നു ഹിന്ദുക്കൾ അവകാശപ്പെടുന്നു. തങ്ങളുടേതാണു സത്യം എന്നു ക്രിസ്ത്യാനികൾ അവകാശപ്പെടുന്നു. ക്രിസ്തുമതത്തിനുള്ളിലെ നൂറുകണക്കിനു അവാന്തരവിഭാഗങ്ങളോരോന്നും 'സത്യം' തങ്ങളുടെ പക്കലുണ്ടെന്ന് അവകാശപ്പെടുന്നു.

ഈ അവകാശവാദമാണ് ശമര്യ സ്ത്രീയുടെ ചോദ്യത്തിന്റെ വിഷയം. തങ്ങളുടെ യെരുശലേമിലുള്ള ദേവാലയവും അവിടുത്തെ ആരാധനയുമാണ് സത്യം എന്നു യഹൂദന്മാർ അവകാശപ്പെടുന്നു. തങ്ങളുടെ ഗിരിസീമിലുള്ള ദേവാലയവും അവിടുത്തെ ആരാധനയുമാണ് സത്യം എന്നു ശമര്യർ അവകാശപ്പെടുന്നു. ഇതിലേതാണ് സത്യം?

**ഒന്നുകിൽ യെരുശലേമിലെ ദേവാലയം, അല്ലെങ്കിൽ ഗിരിസീമിലെ ദേവാലയം എന്നിങ്ങനെയുള്ള ഉപരിവിപ്ലവമായ വീക്ഷണമായിരുന്നു ആ സ്ത്രീയുടേത്. അവയെ രണ്ടു പക്ഷത്തു നിർത്താതെ ഒന്നായി കാണുന്ന ഉയർന്ന വീക്ഷണമായിരുന്നു യേശുതമ്പുരാന്റേത്.**

ഒന്നുകിൽ യെരുശലേമിലെ ദേവാലയം, അല്ലെങ്കിൽ ഗിരിസീമിലെ ദേവാലയം എന്നിങ്ങനെയുള്ള ഉപരിവിപ്ലവമായ വീക്ഷണമായിരുന്നു ആ സ്ത്രീയുടേത്. അവയെ രണ്ടു പക്ഷത്തു നിർത്താതെ ഒന്നായി കാണുന്ന ഉയർന്ന വീക്ഷണമായിരുന്നു യേശുതമ്പുരാന്റേത്. യേശുതമ്പുരാന്റെ ഉയർന്ന വീക്ഷണം ഇവിടെ വിശദമാക്കാം.

ദൈവവും മനുഷ്യനും തമ്മിൽ ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്ന ആദർശബന്ധത്തിന്റെ ദൃശ്യകലാവി

ഷ്കാരമാണ് ദേവാലയവും അവിടുത്തെ ആരാധനയും.

ദൈവം, ദൈവവുമായുള്ള ബന്ധം ഇവയൊക്കെ മനുഷ്യനു വസ്തുനിഷ്ഠമായി കണ്ടറിയാവുന്ന കാര്യങ്ങളല്ല. അതുകൊണ്ടു അവയെക്കുറിച്ചുള്ള ചിന്തകളും സങ്കൽപങ്ങളും മറ്റും ഉപമകളും പ്രതീകങ്ങളും ഉപയോഗിച്ച് മാത്രമേ പ്രകടിപ്പിക്കാനാവൂ. അതുകൊണ്ടു ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ദൃശ്യകലാവിഷ്ക്കാരം കാലദേശമനുസരിച്ച് വളരെ വ്യത്യസ്തമായ രൂപങ്ങൾ എടുത്തേ മതിയാവൂ. വിവിധ മതങ്ങളും അവയുടെ അവാന്തര വിഭാഗങ്ങളും ഈ ബന്ധത്തെ സങ്കല്പിക്കുന്നതും ആവിഷ്കരിക്കുന്നതും വളരെ വ്യത്യസ്തമായ വിധത്തിലാണ്. കുരുടന്മാർ ആനയെ സങ്കൽപ്പിച്ചതുപോലെയാണിത്. തങ്ങളുടെ സങ്കൽപ്പം മാത്രമാണു സത്യം എന്ന അവകാശവാദം മതഭ്രാന്താണ്. തങ്ങളുടേത് ഒരു സങ്കൽപ്പമാണെന്ന് തിരിച്ചറിഞ്ഞു മറ്റുള്ളവരിൽ നിന്നു കേൾക്കാനും പഠിക്കാനുമുള്ള സൻമനസ്സ് എല്ലാവർക്കുമുണ്ടാകുകയാണ് ആവശ്യം.

നമ്മുടെ ലോകം ഇപ്പോൾ ഒരു ദേവാലയമല്ല. ദൈവത്തെ അന്ധവിശ്വാസമായി പുറത്തു തള്ളിയിരിക്കുന്നു. തിന്മയും കപടതയും ഇവിടെ കൊടികുത്തി വാഴുന്നു. ഇത് മനസിലാക്കുന്ന ആളുകൾ, ഈ അവസ്ഥ മാറി ലോകം അതിന്റെ ആദർശ അവസ്ഥയിലേക്ക് തിരികെ വരണം എന്നു ആഗ്രഹിക്കുന്നു. ആദർശ ലോകത്തെ യാതൊരു തിന്മയും കപടതയും ഇല്ലാത്ത ഒരു ലോകമായി അവർ സങ്കൽപ്പിക്കുന്നു. ഒന്നുകിൽ അതിനെ പരലോകമായി-സ്വർഗം, പറുദീസ-കാണുന്നു. അല്ലെങ്കിൽ മറ്റൊരു കാലത്ത് -ആദിയിലും അന്ത്യത്തിലും-അതിനെ കാണുന്നു വേദപുസ്തകത്തിന്റെ ആരംഭത്തിലെ ഏദൻതോട്ടവും അന്ത്യത്തിലെ പുതിയ ഭൂമിയും അത്തരം ആദർശലോകങ്ങളാണ്.

മറ്റൊരു സ്ഥലത്തോ സമയത്തോ ഉള്ള ഒരു ആദർശലോകം ഒരു സങ്കൽപ്പമായി മനുഷ്യമനസിനുള്ളിൽ രൂപമെടുക്കുന്നത് ആദ്യപടിയാണ്. അതിനു പഞ്ചേന്ദ്രിയങ്ങൾക്ക് വിഷയമായ ഒരു മൂർത്തരൂപം നൽകുന്നതാണ് അടുത്ത പടി. അങ്ങനെയാണ് നാം ഒരു കെട്ടിടം നിർമ്മിച്ചു അതിനെ ദേവാലയം എന്നു വിളിക്കുന്നത്.നമ്മുടെ സങ്കൽപ്പത്തിലുള്ള അദൃശ്യമായ ആദർശലോകത്തിന്റെ ദൃശ്യമായ ആവിഷ്ക്കാരമാണ് അത്. അത് അതിൽ തന്നെ ദേവാലയമല്ല, മറിച്ച് നമ്മുടെ സങ്കൽപ്പത്തിലുള്ള ആദർശലോകത്തെ അത് പ്രതിനിധാനം ചെയ്യുകയാണ്. എല്ലാ മതങ്ങളും അവയുടെ അവാന്തരവിഭാഗങ്ങളും നിർമിച്ചിരിക്കുന്ന ദേവാലയങ്ങൾ ആദർശലോകത്തിന്റെ പ്രതീകങ്ങളാണ്. നമ്മുടെ ദേവാലയത്തെ സ്വർഗമായും ഏദൻതോട്ടമായും ഒക്കെ നാം കാണുന്നത് അതുകൊണ്ടാണ്.

പക്വതയാർജിച്ച മനസ്സുള്ളവർക്കേ ഒരു ദേവാലയത്തെ ഇപ്രകാരം ആദർശലോകത്തിന്റെ പ്രതീകമായി കാണാനാവൂ. ഏതൊരു ദേവാലയത്തെയും, അത് ഏത് മതിഭാഗത്തിൽപ്പെട്ടതായാലും അദർശലോകത്തിന്റെ പ്രതീകമായി കാണാൻ അവർക്ക് കഴിയുന്നു. അപക്വമനസുകൾ ദേവാലയത്തെ കാണുന്നത് ആക്ഷരീകമായി ദൈവത്തിന്റെ പ്രത്യേക സാന്നിധ്യമുള്ള സ്ഥലം എന്ന നിലയിലാവും. സ്വന്തം മതവിഭാഗത്തിന്റെ ദേവാലയങ്ങളെ മാത്രമേ അവർ അങ്ങനെ കാണൂ. മറ്റ് മതവിഭാഗങ്ങളുടെ ദേവാലയങ്ങളിൽ ദൈവസാന്നിധ്യമുണ്ടെന്ന് വിശ്വസിക്കാൻ അവർക്ക് സാധിക്കുകയില്ല.

യേശുതമ്പുരാനും ശമര്യസ്ത്രീയും തമ്മിലുള്ള വ്യത്യാസമിതാണ്. രണ്ടു മതവിഭാഗങ്ങളുടെ ദേവാലയങ്ങളിൽ ഏതാണ് യഥാർത്ഥ ദേവാലയം എന്ന ചോദ്യം ആ സ്ത്രീയെ ചിന്താക്കുഴപ്പത്തിലാക്കുന്നു. ആദർശലോകം എന്ന യഥാർത്ഥ ദേവാലയത്തിന്റെ പ്രതീകങ്ങളാണ് അവ രണ്ടും എന്നതായിരുന്നു യേശു തമ്പുരാന്റെ വീക്ഷണം. ശമര്യസ്ത്രീയുടെ അപക്വമനസാണ് എക്കാലത്തും ലോകമെങ്ങുമുള്ള മിക്ക മതവിശ്വാസികൾക്കും ഉണ്ടായിട്ടുള്ളത്. അവരവരുടെ മതവിശ്വാസത്തെ സത്യവിശ്വാസമായും അവരവരുടെ ദേവാലയങ്ങളെ യഥാർത്ഥ ദേവാലയങ്ങളായും കാണുന്ന മതഭ്രാന്ത് അപക്വമനസിന്റെ ഉപരിപ്ലവ വീക്ഷണമാണ്. ഇന്ന് മനുഷ്യവർഗത്തെയാകെ കൊടും ഭീതിയുടെ മുൾമുനയിൽ നിർത്തിയിരിക്കുന്ന ഇസ്ലാമിക് സ്റ്റേറ്റ് അത്തരം ഉപരിപ്ലവവീക്ഷണത്തിന്റെ ഫലമാണ്. ഇസ്ലാം മതം മാത്രമാണ് സത്യമതമെന്നുള്ള ധാരണയാണ് ഇസ്ലാമിക് സ്റ്റേറ്റിന്റെ അടിസ്ഥാനം. മുസ്ലീങ്ങൾ മാത്രമുള്ള ഒരു ലോകം ഉണ്ടാകുകയാണ് അവരുടെ ലക്ഷ്യം.

ഇസ്ലാമിക മതഭ്രാന്തിന്റെ മറുമരുന്ന് ക്രിസ്ത്യൻ മതഭ്രാന്തല്ല. യഥാർത്ഥ ദൈവാലയത്തിന്റെ പ്രതീകങ്ങളാണ് മനുഷ്യ നിർമിത ദേവാലയങ്ങളെന്ന യേശുതമ്പുരാന്റെ പക്വവീക്ഷണത്തിലേക്ക് ക്രിസ്തുമതവിശ്വാസികളും ലോകത്തിലെ എല്ലാ ആളുകളും വളരുകയാണ് പ്രശ്നത്തിന് പരിഹാരം.

കിഴക്കൻ ഓർത്തഡോക്സ് ക്രൈസ്തവ മതപാരമ്പര്യത്തിൽ പെട്ട ആളാണ് ഈ എഴുത്തുകാരൻ. ഈ മതപാരമ്പര്യ വീക്ഷണത്തിലൂടെയാണ് ദൈവവും മനുഷ്യനും തമ്മിലുള്ള ആദർശബന്ധത്തെ നോക്കിക്കാണുന്നത്. ഇത് മാത്രമാണ് സത്യം എന്നു അവകാശപ്പെടുന്ന മതഭ്രാന്ത് ഈ എഴുത്തുകാരനില്ല. മറ്റുള്ളവരുടെ വീക്ഷണങ്ങൾ അറിയുവാനും മനസിലാക്കുവാനും ഉൽസാഹിക്കുന്നു.

ഓരോ മതപാരമ്പര്യങ്ങളിലും പെട്ട ആളുകൾ ഇതുപോലെ അവരവരുടെ മതവീക്ഷണത്തെപ്പറ്റി വിശദീകരിക്കുന്നത് വളരെ നന്നായിരിക്കും. പരസ്പരം മനസിലാക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട ഒരു ലോകവും മനുഷ്യ സംസ്ക്കാരവും സൃഷ്ടിക്കുന്നതിനും അത് മുഖാന്തിരമാകും.

■





# മിര്യാം: നേതൃത്വം വഹിച്ച വനിത

**വേദഭാഗം : പുറ. 15: 20, 21; സംഖ്യ. 12: 1– 15; 20:1, 26:59 ആവ. 24:9, മീഖാ. 6:4**

■ ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

യിസ്രായേല്യ ചരിത്രത്തിൽ സുപ്രധാനസ്ഥാനം വഹിച്ച ഒരു വനിത പ്രവാചിക എന്നവൾ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. ഗാനങ്ങൾ രചിക്കുന്നതിനും, ആലപിക്കുന്നതിനും പ്രാവീണ്യം കാണിച്ചു യിസ്രയിമിൽ നിന്ന് മോചനം പ്രാപിച്ച്, വാഗ്ദത്തദേശത്തേക്കുള്ള യിസ്രായേല്യ ജനതയുടെ മുന്നേറ്റത്തിൽ മോശയോടും അഹരോനോടുമൊപ്പം നേതൃത്വം വഹിച്ചവളാണ്. നേതൃത്വവരം അവളുടെ പ്രവർത്തനത്തിൽ പ്രകടമായിരുന്നു.

### 1. പേരും കുടുംബവും

മിര്യാ എന്നതിന്റെ രൂപഭേദങ്ങളാണ് മറിയം, മിര്യാ എന്ന വാക്കിന്റെ അർത്ഥം കൈപ്പുള്ളത്, മത്സരം, എതിർപ്പ്, ആ പേര് അന്വർത്ഥമാക്കുന്നതായിരുന്നു അവളുടെ ജീവിതാനുഭവം എന്നു നമ്മുടെ പഠനത്തിൽ മനസ്സിലാകും.

അബ്രഹാമിന്റെയും യാക്കോബിന്റെ മുത്തമകൾ അവളുടെ ഇളയ സഹോദരങ്ങളാണ് ഇസ്രായേല്യചരിത്രത്തിൽ അതുല്യസ്ഥാനം വഹിച്ച രണ്ടു നേതാക്കളായ മോശയും അഹറോനും ഈ മൂന്നു പേരോടും യിസ്രായേല്യ ജനത ഒട്ടേറെ കടപ്പെട്ടിരിക്കുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു.

വേദപുസ്തക സാക്ഷ്യപ്രകാരം മിര്യാം അവിവാഹിതയായിരുന്നു. അക്കാലത്ത് വിവാഹം കൂടാതെ കഴിയുന്ന വനിതകൾ യിസ്രേയേല്യ സമൂഹത്തിൽ ഇല്ലായിരുന്നു എന്നു തന്നെ പറയാം. പ്രണയവും, വിവാഹവും ഒന്നും മിര്യാമിന്റെ താല്പര്യത്തിൽപെട്ടതല്ലായിരുന്നു എന്നു തോന്നിപ്പോകുന്നു അവൾ തികച്ചും ദേശീയചിന്തയിലും താല്പര്യത്തിലും ജീവിച്ചു. അവിവാഹിതരായി വിശിഷ്ടസേവനം മനുഷ്യസമൂഹത്തിനു നൽകിയ മറ്റു ചില വനിതാരത്നങ്ങളെ ഓർത്തുപോകുന്നു. ഫ്ളോറൻസ് നൈറ്റിംഹേൾ, ജോവൽ ഒഫ് ആർക്ക് ഭാരതത്തിലെ മദർതെരേസ തുടങ്ങിയവർ ആ ഗണത്തിൽപെടുന്നു.

### 2. ബുദ്ധിമതിയായ ബാലിക

എബ്രായ സ്ത്രീകൾ പ്രസവിക്കുന്ന ആൺകുട്ടികളെല്ലാം നദിയിൽ ഒഴുക്കി കൊലചെയ്യണമെന്ന് ഫറവോൻ കല്പന പുറപ്പെടുവിച്ചു. (പുറ. 1:22) ജനിച്ച ആൺകുഞ്ഞിനെ കൊലചെയ്യാൻ അവർക്കു മനസ്സുണ്ടായില്ല. അതുകൊണ്ട് അവർ നൈൽനദീതടത്തിൽ വളരുന്ന ഞാങ്ങണകൊണ്ട് ഒരു പെട്ടി ഉണ്ടാക്കി, വെള്ളം കടക്കാത്തവണ്ണം കീലും പശയും അതിൽ തേച്ചു ഭദ്രമാക്കിയ ശേഷം ശിശുവിനെ അതിൽ കിടത്തി നദിയിൽ ഒഴുക്കി. രാജകുമാരി സ്നാനത്തിനെത്തുന്ന സ്ഥലം മനസ്സിലാക്കി അവളുടെ ശ്രദ്ധയിൽപ്പെടത്തക്കവണ്ണമായിരിക്കാം പെട്ടി ഒഴുക്കിവിട്ടത്. ഫറവോന്റെ പുത്രി സ്നാനത്തിനെത്തിയപ്പോൾ ഒഴുകിവരുന്ന പെട്ടിയും, അതിൽ കരയുന്ന ശിശുവിനെയും കണ്ടു അത്യധികം ജിജ്ഞാസയോടും ആശ്ചര്യത്തോടും അവൾ ദാസിയെക്കൊണ്ട് പെട്ടകം എടുപ്പിച്ചു. അതിൽ കരഞ്ഞുകൊണ്ടിരിക്കുന്ന ഓമനക്കുഞ്ഞിനെ കണ്ടപ്പോൾ ഫറവോന്റെ പുത്രിക്കു മനസ്സലിഞ്ഞു. അതു മുലപ്പാലിനു വേണ്ടിയാണു കരയുന്നത്. എന്താണതിനു മാർഗ്ഗം എന്നു ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ബുദ്ധിമതിയായ മിര്യാം പ്രത്യക്ഷപ്പെടുന്നു. പത്തോ പന്ത്രണ്ടോ വയസ്സു മാത്രമുള്ള അവൾ അവിടെ പ്രദർശിപ്പിച്ച ബുദ്ധിസാമർത്ഥ്യവും ഔചിത്യബോധവും ആരെയും ആശ്ചര്യപ്പെടുത്തുന്നതാണ്. ധൈര്യത്തോടും സങ്കോചമില്ലാതെയും രാജകുമാരിയോടും ചോദിക്കുന്നു. “ഈ പൈത

ലിന് മുല കൊടുക്കേണ്ടതിനു ഞാൻ ചെന്നു ഒരു എബ്രായ സ്ത്രീയെ വിളിച്ചുകൊണ്ടു വരണമോ" (പുറ. 2:7) എബ്രായ പൈതൽ ആയതുകൊണ്ട് എബ്രായ സ്ത്രീയെ വിളിക്കട്ടെ എന്നു ചോദിച്ചത് തികച്ചും ഉചിതമുണ്ടെന്നു തോന്നും.

ശിശുവിനോടു തനിക്കെന്തെങ്കിലും ബന്ധമുണ്ടെന്നു വെളിപ്പെടുത്താതെ, അവളുടെ മാതാവിനെത്തന്നെ വിളിച്ചുകൊണ്ടുവരുവാൻ കാട്ടിയ ബുദ്ധി എത്ര പ്രശംസാർഹമാണ്. മരണത്തിൽ നിന്നു തന്റെ ഓമനപുത്രനെ തിരിച്ചു കിട്ടിയ മാതാവിന്റെ സന്തോഷം സങ്കൽപ്പിക്കുകയേ വേണ്ട. മിര്യാമിന്റെ സന്ദർഭോചിതമായ ബുദ്ധിസാമർത്ഥ്യം ആ മാതാവിൽ കൃതാർത്ഥത ഉളവാക്കിയിട്ടുണ്ടാവും. അങ്ങനെ വെള്ളത്തിൽ വലിച്ചെടുക്കപ്പെട്ടവനായതുകൊണ്ട് ആ ശിശുവിനു മോശ എന്ന പേരു ലഭിച്ചു. ആ പൈതൽ വളർന്നുവന്നപ്പോൾ തന്റെ ജീവനെ മരണത്തിൽ നിന്നും വീണ്ടെടുത്ത് അമ്മയുടെ മുല കുടിച്ചു വളരുവാൻ സാധ്യമാക്കിയ മിര്യാമിനോട് ഏറെ ആദരവും കൃതജ്ഞതയും തോന്നിയിട്ടുണ്ടാവും.

### 2. കവിയും പ്രവാചികയുമായ മിര്യാ : (പുറ 15: 20 - 21)

മിസ്രായീർക്കു ബാധിച്ച ദുരന്തങ്ങളുടെ പാരമ്യതയിലാണ് യിസ്രായേല്യരെ വിട്ടയക്കാൻ ഫറവോൻ സന്നദ്ധമായത് അങ്ങനെ അവർ മോശയുടെയും അഹറോന്റെയും നേതൃത്വത്തിൽ വിമോചിതരായി വാഗ്ദത്തനാട്ടിലേക്കു പ്രതീക്ഷയോടെ പ്രയാണം ചെയ്തു. ചെങ്കടൽ അവർക്കു തടസ്സമായി നിന്നില്ല യഹോവ അതിശയകരമായി അതിനെ വിഭജിച്ച്, കരയിൽ എന്നപോലെ കടന്നുപോകുവാൻ വഴി ഒരുക്കി. ഏകദേശം രണ്ടുദശലക്ഷം വരുന്ന ജനാവലി ആവേശത്തോടെ മുന്നേറുമ്പോൾ നേതൃത്വം നൽകുവാൻ മോശയോടും, അഹറോനോടും ഒപ്പം അവരുടെ മൂത്ത സഹോദരി മിര്യാമും ഉണ്ടായിരുന്നു. മുമ്പത്തെ രംഗത്തു നാം കണ്ട ബാലികയല്ല. അവൾ ഇന്ന് ഒരു പ്രവാചികയും കവിയും, പാട്ടുകാരിയും നേതാവും ഒക്കെയാണ്. അഹറോന്റെ സഹോദരി മിര്യാ എന്ന പ്രവാചിക കൈയിൽ തപ്പ് എടുത്തു. സ്ത്രീകൾ എല്ലാവരോടും തപ്പുകളോടും നൃത്തങ്ങളോടും കൂടെ അവളുടെ പിന്നാലെ ചെന്നു. (പുറ. 15:20) മിര്യാമിന്റെ പേര് ആദ്യമായി പരാമർശിക്കുന്നത് ഇവിടെയാണ്. രണ്ടു റോളിൽ നാം അവളെ കാണുന്നു.

a. പ്രവാചിക: (Prophetess) എന്താണ് അതിനർത്ഥം? പ്രവാചകധർമ്മം നിറവേറ്റിയവൾ എന്നു മനസ്സിലാക്കാം. അതായത് പരിശുദ്ധാത്മപ്രചോദിതമായി ദൈവഹിതം ജനത്തെ അറിയിക്കുന്നതാണ് പ്രാവാചകദൗത്യം. ഈ ദൗത്യം നിർവഹിക്കുനന്ന മറ്റു പല വനിതകളെപ്പറ്റിയും തിരുവചനത്തിൽ നാം വായിക്കുന്നുണ്ട്. പുതിയ നിയമകാലത്തും അവരെ കാണാം . (ലൂക്കാ. 2:36) അ. പ്ര. 21:9)

b. അവൾ ഗാനരചയിതാവും, ഗായികയുമായിരുന്നു. (പുറ. 15:1-18) ഒരു പക്ഷേ യിസ്രായേലിലെ ആദ്യത്തെ ഗാനരചയിതാവ് മിര്യാം ആയിരിക്കാം. ദേശഭക്തിഗാനങ്ങൾ എന്ന ഗണത്തിൽപെടുത്താം അവളുടെ ഗാനം. അത് യിസ്രായേലിന്റെ വിമോചകമുന്നേറ്റത്തെ പ്രകീർത്തിച്ചുകൊണ്ടായിരുന്നു.

അത് ഗാനപ്രതിഗാനമായി ആലപിച്ചു എന്നു കാണാം. ഗാനത്തിന്റെ പ്രധാന പ്രമേയം ദൈവത്തിനു സ്തുതിയാണ്. ദൈവം ചെയ്ത നന്മകളെയും അത്ഭുതങ്ങളെയും അനുസ്മരിച്ചുകൊണ്ടാണ് സ്തുതി അർപ്പിക്കുന്നത്. പിൽക്കാലത്തു രചിക്കപ്പെട്ട കീർത്തനങ്ങളിലും സ്തുതി തന്നെയാണ് മുഖ്യ വിഷയം.

ബൈബിളിൽ മറ്റു രണ്ടു വനിതകൾ ഗാനങ്ങൾ രചിച്ചു ആലപിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 1) ഹന്നാ പ്രാർത്ഥനാ ഗാനം ദേവാലയത്തിൽ ആലപിക്കുന്നു . (1 ശമു. 2:1-10) 2) ദൈവമാതാവായ മറിയാം: എലിസബത്തിന്റെ ഭവനത്തിൽ എത്തിയപ്പോൾ, പരിശുദ്ധാത്മ പ്രചോദിതയായി പാട്ട്പാടി ലൂക്കാ 1:46 55)

ഈ വനിതകളുടെ ഗാനങ്ങളിൽ എല്ലാം ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനത്തെ പ്രകീർത്തിക്കുന്നതായി കാണാം.

3) എതിർമനോഭാവവും പൂണ്ടവൾ : ബൈബിളിലെ അവതരണശൈലിയെപ്പറ്റി ഇവിടെ ഓർത്തുപോകുന്നു. ആരെയും വെള്ളപൂശിക്കാണിക്കുന്നില്ല. ഓരോ വ്യക്തിയും അവർ ആയിരിക്കുന്ന അവസ്ഥയിൽ അവതരിപ്പിക്കപ്പെടുന്നു. നന്മയും മഹത്വവും മാത്രമല്ല ബലഹീനതകളും പരാജയങ്ങളും ചിത്രീകരിക്കുന്നുണ്ട്. മിര്യാമിന്റെ സ്വഭാവത്തിലെ രണ്ടു വൈകല്യങ്ങൾ വെളിപ്പെടുത്തുന്ന അസൂയയും എതിർമനോഭാവവും സ്വന്തം സഹോദരനായ മോശയോടാണ്. അസൂയയും എതിർപ്പും ഉണ്ടാകുന്നത് എന്ന് വിചിത്രമായിത്തോന്നാം. ദൈവം മോശയ്ക്കു നേതൃത്വവരം നൽകി അവനെ യിസ്രായേലിന്റെ അനിഷേധ്യനേതാവാക്കി. ദൈവത്തെ അഭിമുഖം ദർശിക്കാനും ദൈവസംസർഗ്ഗം ഗാഢമായി പുലർത്താനും അവനു കഴിഞ്ഞു. ദൈവത്തിന്റെ ശക്തനായ വാക്താവായി അവനെ ഉയർത്തി. അതിനെല്ലാം അടിസ്ഥാനം മോശയുടെ വിനയവും സൗമ്യതയുമായിരുന്നു. മോശയുടെ ഔന്നത്യത്തിൽ സന്തോഷിക്കേണ്ടതിനുപകരം, സഹോദരങ്ങളായ അഹറോനും മിര്യാമിനും അസൂയയാണുണ്ടായത്. എന്നാൽ മോശ ഒരു എത്യോപ്യൻ സ്ത്രീയെ വിവാഹം ചെയ്തതാണ് ഇരുവരെയും ചൊടിപ്പിച്ചതും, മോശയ്ക്കെതിരായി സംസാരിക്കാൻ പ്രേരിപ്പിച്ചതും : "മിര്യാ അഹറോനും മോശയ്ക്കും വിരോധമായി സംസാരിച്ചു യഹോവ മോശ മുഖാന്തിരം മാത്രമേ അരുളിച്ചെയ്തിട്ടുള്ളുവോ? ഞങ്ങൾ മുഖേനയും അരുളിച്ചെയ്തിട്ടില്ലയോ? എന്നു പറഞ്ഞു (സംഖ്യ 12:1,2).

ഈ വാക്കുകളിൽ ധ്വനിക്കുന്നത് മോശയോടുള്ള അസൂയയും അമർഷവുമാണ്. മിര്യാമിന്റെ വലിയ തെറ്റ് മോശയുടെ നേതൃത്വത്തെ ചോദ്യം ചെയ്തതാണ്. അവൾ ഇതുവരെ യിസ്രായേല്യജനതയെ ഐക്യത്തിൽ നിലനിർത്തുന്നതിൽ വലിയ പങ്കു വഹിച്ചു. യിസ്രായേലിന്റെ വിജയത്തിനും മുന്നേറ്റത്തിനും അവളും

**യിസ്രായേലിന്റെ വിജയത്തിനും മുന്നേറ്റത്തിനും അവളും മുൻപന്തിയിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അവൾ ഭിന്നതയുടെ പിളർ പ്പിന്റെ അസംതൃപ്തിയുടെ വക്താവായി മാറുകയായിരുന്നു.**

മുൻപന്തിയിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അവൾ ഭിന്നതയുടെ പിളർപ്പിന്റെ അസംതൃപ്തിയുടെ വക്താവായി മാറുകയായിരുന്നു.

എന്നാൽ മോശയുടെ പ്രതികരണം പ്രശംസാർഹമായിരുന്നു. മോശ എന്ന പുരുഷൻ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു. മിര്യാമിന്റെയും അഹറോന്റെയും മോശയ്ക്കെതിരായ നിലപാട് യഹോവയ്ക്ക് അനിഷ്ടമായി. യഹോവ മോശയോടും അഹറോനോടും മിര്യാമിനോടും പറഞ്ഞു. "നിങ്ങൾ മൂന്നുപേരും പുറത്ത് സമാഗമനകൂടാരത്തിലേക്കു വരുവിൻ" അവർ അവിടെയെത്തി യഹോവ സമാഹമനകൂടാരത്തിന്റെ വാതിലിൽ വന്നിട്ട് അഹറോനെയും മിര്യാമിനെയും വിളിച്ചു. അവരോടു പറഞ്ഞു. " എന്റെ ദാസനായ മോശയെ എന്റെ ഭവനത്തിന്റെ മുഴുവൻ ചുമതലയും ഞാൻ ഏല്പിച്ചിരിക്കുന്നു. അവനോടു ഞാൻ സംസാരിക്കുന്നതു മറപൊരുളായിട്ടല്ല, അഭിമുഖമായും സ്പഷ്ടമായിട്ടും അത്രേ. അവൻ യഹോവയുടെ രൂപം കാണുകയും ചെയ്യും" (സംഖ്യ 12:7,8) യഹോവയുടെ കോപം അവരുടെ നേരെ ജ്വലിച്ചു. യഹോവയുടെ ശിക്ഷയെന്നോണം മിര്യാം കുഷ്ഠരോഗം പിടിപെട്ടവളായി (സംഖ്യ 12:12).

രണ്ടുപേരും മോശയ്ക്ക് എതിരായി വിമർശിച്ചവരും നിലകൊണ്ടവരുമാണ്. അപ്പോൾ മിര്യാമിനെ മാത്രം ശിക്ഷിച്ചത് എന്തുകൊണ്ട്? അഹറോനും തെറ്റുകാരനല്ലേ? വേദഭാഗത്ത് ഇതേപ്പറ്റി വിശദീകരണം ഒന്നും തന്നിട്ടില്ല. എന്നാൽ സാഹചര്യങ്ങൾകൊണ്ടു മനസ്സിലാക്കാവുന്നത് എതിർപ്പിന്റെ പിന്നിൽ പ്രേരകശക്തിയായി നിന്നത് മിര്യാമാണ്. അവളുടെ സ്വാധീനത്താലാണ് അഹറോൻ ശബ്ദമുയർത്താൻ ഇടയായത്.

### 4 മിര്യാം കുഷ്ഠരോഗി

കുഷ്ഠം ബാധിച്ചാലുള്ള ദു:സ്ഥിതി ഭയാനമായിരുന്നു. ജനങ്ങളിൽ നിന്ന് ഒറ്റപ്പെടും. പാളയത്തിനു പുറത്ത് ചെറിയ കൂടാരത്തിൽ അവൾ കഴിയണം. തന്നെകാണുന്നവർ ഓടി അകലുകയാണ്. മുമ്പ് തന്റെ സാന്നിദ്ധ്യവും നേതൃത്വവും അംഗീകരിച്ചവരും തന്റെ പാട്ട് ആസ്വദിച്ചവരും ഇന്ന് അറപ്പോടെ തന്നെ നോക്കുന്നു. പെട്ടെന്നുണ്ടായ ഈ മാറ്റം ഏതൊരു ഹൃദയത്തെയും പിളർക്കുന്നതാണ്. ഇത്ര വലിയ ശിക്ഷ ഏൽക്കത്തക്ക അപരാധമായിരുന്നോ അവളുടേത് എന്ന് നമുക്കു തോന്നാം.

> **അസൂയയും അസംതൃപ്തിയും വരുത്തുന്ന വിന ദുരവ്യാപകമാണ്. മിര്യാമിന് ജനങ്ങളുടെ മദ്ധ്യേ വലിയ സ്വാധീനവും ശക്തിയും ഉണ്ടായിരുന്നു. അവളുടെ നേതൃത്വപാടവം അംഗീകരിക്കപ്പെട്ടിരുന്നു. പക്ഷേ അവൾക്ക് അതിൽ തൃപ്തി പോരാം. മോശയ്ക്കു തുല്യമായ ഒരു സ്ഥാനമായിരുന്നു മോഹം.**

മോശയ്ക്കെതിരായി കലാപമൊന്നും അവർ ഉയർത്തിയില്ലല്ലോ. രഹസ്യമായി അവളും അഹറോനും മോശയ്ക്കെതിരായി സംസാരിക്കയല്ലേ ചെയ്തുള്ളൂ. എന്നാൽ ദൈവം തിരഞ്ഞെടുത്തത് കൃപകളും അനുഗ്രഹങ്ങളും ചൊരിഞ്ഞ് നേതൃത്വത്തിൽ അവരോധിച്ച തന്റെ ശ്രേഷ്ഠദാസന് എതിരായി സംസാരിച്ചത് ദൈവത്തോടു തന്നെയുള്ള ഒരു വെല്ലുവിളിയായി പരിഗണിച്ചു. അതു അപരാധമാണ്. അതിനു തക്കശിക്ഷയാണ് നൽകിയത് എന്നു വിശദീകരിക്കാമായിരിക്കാം.

ഏഴുദിവസം അവൾ ഒറ്റപ്പെട്ട് പാളയത്തിനു പുറത്ത് കഴിയേണ്ടിവന്നു. അഹറോൻ ദൈവമുമ്പാകെ തന്റെ അപരാധം ഏറ്റുപറഞ്ഞു. മോശയെക്കണ്ട് കേണപേക്ഷിച്ചു, യഹോവയോട് മിര്യാമിനുവേണ്ടി അപേക്ഷിക്കുവാൻ. മോശ ഹൃദയനൊമ്പരത്തോടെ യഹോവയോടു പ്രാർത്ഥിച്ചു. "ദൈവമേ, അവളെ സൗഖ്യമാക്കണമേ" പ്രാർത്ഥന ഫലിച്ചു. അവൾ സുഖംപ്രാപിച്ച് സമൂഹത്തോടു ചേർന്നു. ഈ ഏഴുദിവസവും യിസ്രായേൽ ജനം മരുഭൂമിയിൽ യാത്ര തുടരാതെ കഴിയുകയായിരുന്നു.

5) മിര്യാമിന്റെ അന്ത്യം: യിസ്രായേൽ അവരുടെ പ്രയാണം തുടർന്നു. മിര്യാമും അവരോടൊപ്പമുണ്ടായിരുന്നു. എന്നാൽ പഴയ നേതൃത്വനിലയിൽ ആയിരുന്നു എന്നു തോന്നുന്നില്ല. പഴയ ഉത്സാഹവും, പ്രസരിപ്പും അവളിൽ ഉണ്ടായി എന്നു തോന്നുന്നില്ല. കുറ്റബോധവും, തനിക്കു സംഭവിച്ച അപചയവും അവളെ അലട്ടിയിരിക്കണം. അധികനാൾ അവൾ ജീവിച്ചിരുന്നില്ല. യിസ്രായേൽ ഒന്നാംമാസത്തിൽ സീൻമരുഭൂമിയിൽ എത്തി. അവർ കാദേശിൽ താമസിച്ചു. അവിടെവച്ചു മിര്യാം മരിച്ചു. അവൾ അവിടെ സംസ്കരിക്കപ്പെട്ടു. അവൾക്കു വാഗ്ദത്തദേശമായ കനാനിൽ എത്തുവാൻ കഴിഞ്ഞില്ല. മോശ മരിച്ചപ്പോൾ ജനം മുപ്പതുദിവസം വിലാപം കഴിച്ചതായിട്ടുണ്ട്. എന്നാൽ മിര്യാമിന്റെ നിര്യാണത്തിൽ അങ്ങനെയൊന്നും സംഭവിച്ചിട്ടില്ല അവളെ സംസ്ക്കരിച്ച സ്ഥലവും ഇന്ന് അജ്ഞാതമാണ്.

### ഉപസംഹാരം:

മോശയുടെ സഹോദരി എന്ന നിലയിലും അവന്റെ ശൈശവത്തിലെ പരിരക്ഷ എന്ന സ്ഥാനത്തും പിന്നീട് യിസ്രായേലിന്റെ വിവേചനം മുന്നേറ്റത്തിലും മോശയോടും അഹറോനോടും ഒരുമിച്ച് വനിതാ നേതാവായി പ്രവർത്തിച്ച മിര്യാമിന്റെ ജീവിതം പല സന്ദേശങ്ങളും നൽകുന്നതാണ്.

1. ബാലികയായിരുന്ന മിര്യാം ബുദ്ധിപൂർവം പ്രവർത്തിച്ചതു നാം മനസ്സിലാക്കി. കർത്താവു പറയുന്നു. നിങ്ങൾ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും, പ്രാവിനെപ്പോലെ കളങ്കമില്ലാവരും ആയിരിപ്പിൻ എന്ന്. ദൈവം തന്നിരിക്കുന്ന ബുദ്ധിയും ആലോചനാശേഷിയും സമയോചിതമായി പ്രയോഗിച്ചാൽ മാത്രമേ ജീവിതവിജയം സാധ്യമുള്ളൂ.

2. അസൂയയും അസംതൃപ്തിയും വരുത്തുന്ന വിന ദൂരവ്യാപകമാണ്. മിര്യാമിന് ജനങ്ങളുടെ മദ്ധ്യേ വലിയ സ്വാധീനവും ശക്തിയും ഉണ്ടായിരുന്നു. അവളുടെ നേതൃത്വപാടവം അംഗീകരിക്കപ്പെട്ടിരുന്നു. പക്ഷേ അവൾക്ക് അതിൽ തൃപ്തി പോരാം. മോശയ്ക്കു തുല്യമായ ഒരു സ്ഥാനമായിരുന്നു മോഹം. അതുകൊണ്ടാണ് അവൾ അവകാശപ്പെടുന്നത്, ദൈവം ഞങ്ങളിൽ കൂടിയും സംസാരിക്കുന്നില്ലേ. ശരിയാണ് അവൾക്ക് പ്രവാചിക എന്ന സ്ഥാനമുണ്ടായിരുന്നു. അതിന്റെ അർത്ഥം ദൈവത്തിന്റെ ആലോചനയും ഹിതവും അവളിൽ കൂടിയും ദൈവം വെളിപ്പെടുത്തി എന്നാണ്. ദൈവം അവൾക്ക് മറ്റുചില താലന്തുകളും കൊടുത്തിരുന്നു. ഗാനങ്ങൾ രചിക്കുവാനും ഹൃദ്യമായി ആലപിക്കാനും അതു ജനങ്ങളിൽ ആവേശമുണർ

ത്താൻ ഉതകുന്നതായിരുന്നു. പക്ഷേ അതുകൊണ്ടെന്നും അവൾ തൃപ്തയായില്ല. അതുകൊണ്ടാണ് മോശയോട് അവൾക്ക് അസൂയ. അതൊരു മാരകരോഗം തന്നെ. പല തെറ്റിലേക്കും അതു നമ്മെ എത്തിക്കും. അതുകൊണ്ട് ജീവിതത്തിൽ സംതൃപ്തി വളർത്തിയെടുക്കണം.

മറ്റുള്ളവരുടെ കഴിവിനെയും നേട്ടങ്ങളെയും ആസ്വദിക്കാനും അഭിനന്ദിക്കുവാനുമുള്ള മനോഭാവം വളർത്തിയെടുക്കണം.

3. മദ്ധ്യസ്ഥ പ്രാർത്ഥനയുടെ പ്രസക്തി : അഹറോൻ, മോശയോട് അഭ്യർത്ഥിക്കുന്നത് മിര്യാമിനുവേണ്ടി യഹോവയോട് പ്രാർത്ഥിക്കണമെന്നാണ്. ഇതുമാത്രമേ പരിശുദ്ധന്മാരോട് നാം അപേക്ഷിക്കുന്നുള്ളൂ. അവർ നമുക്കുവേണ്ടിയും നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടിയും ദൈവത്തോട് അപേക്ഷിക്കണമേ എന്ന്.

രോഗത്തിലും മറ്റു ദുരവസ്ഥയിലും കഴിയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള ആവശ്യവും, അതിനുള്ള പ്രസക്തിയും മോശയുടെ പ്രവൃത്തിയിൽ നിന്നു നമുക്കു മനസ്സിലാക്കാം.

4. തെറ്റു പിണഞ്ഞാൽ അതെപ്പറ്റി അനുതപിച്ച് ദൈവത്തോട് ഏറ്റുപറഞ്ഞാൽ മോചനം ലഭിക്കുമെന്ന് അഹറോൻ നമ്മെ ബോധ്യപ്പെടുത്തുന്നു. ■

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

**റാന്നി-പെരുനാട് :-** പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 3-ാം ഓർമ്മ. ഓഗസ്റ്റ് ഒന്നിന് റാന്നി പെരുനാട് ആശ്രമത്തിൽ.

**റാന്നി-പെരുനാട് :-** അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ 50-ാം ഓർമ്മ. ഓഗസ്റ്റ് 6-ന് റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ.

**കുർക്കുമദയറ:-** മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 100-ാമത് ഓർമ്മ, ഓഗസ്റ്റ് 15-ന് ദേവലോകം അരമന ചാപ്പലിൽ.

**മുളക്കുളം:-** ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 24-ാം ഓർമ്മ. ഓഗസ്റ്റ് 19-ന് മുളക്കുളം കർമ്മേൽകുന്ന് പള്ളിയിൽ.

**പാമ്പാടി:-** മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 35-ാം ഓർമ്മ. ഓഗസ്റ്റ് 31-ന് പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ.








# ആർദ്ര ഹരിതം

## പൂർവ്വ കൃഷി രീതിയിലേയ്ക്ക് മടങ്ങുവാനുള്ള ആഹ്വാനം

**അഡ്വ. ഡോ. ഐസക്ക് പാമ്പാടി**
ജനറൽ സെക്രട്ടറി ആർദ്ര

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സേവന വിഭാഗമായ 'ആർദ്ര'യുടെ നേതൃത്വത്തിൽ മീനടം സെന്റ് മേരീസ് ഇടവകയിൽ ആരംഭിച്ച 'ആർദ്രഹരിതം' ജൈവകൃഷി പ്രോത്സാഹന പദ്ധതി പ്രസിഡന്റ് തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

ജൈവകൃഷിയെന്ന് പൊതുവേ വിളിക്കുന്നത് പല കൃഷി സമ്പ്രദായങ്ങളെ ഉദ്ദേശിച്ചാണ്. മണ്ണിന്റെ സ്വാഭാവികമായ വളക്കൂറിലും അതിന്റെ ജൈവികമായ പോഷണത്തിലും വിശ്വാസമർപ്പിക്കുന്ന ഏതു കൃഷി രീതിയെയും ജൈവകൃഷിയെന്നു വിളിക്കാം. ജൈവകൃഷിയെ മറ്റ് എല്ലാത്തരം കൃഷികളിൽ നിന്നും വ്യത്യസ്തമാക്കുന്നത് പ്രധാനമായും രണ്ട് തത്വങ്ങളാണ്.

'വെള്ളത്തിൽ ലയിക്കുന്നതരം ധാതു ലവണങ്ങളെയും കൃത്രിമ കീടനാശിനികളെയും ഒഴിവാക്കി പകരം പ്രകൃതിദത്തമായ കീടനാശിനികൾ ഉപയോഗിക്കുന്നു.

'സാധാരണയായി പിന്തുടർന്ന് പോരുന്ന കൃഷി സമ്പ്രദായത്തിൽ ജൈവ വളങ്ങൾക്ക് പുറമെ മണ്ണിന്റെ വളക്കൂറ് മെച്ചപ്പെടുത്താനായി രാസവളങ്ങളും ചേർക്കുന്നു. ഇതിനു വിപരീതമായി ജൈവകർഷകർ പൂർണ്ണമായും ജൈവവളങ്ങളെ മാത്രം ആശ്രയിക്കുന്നു.

### ജൈവകൃഷി രീതി

കൃഷിയിടങ്ങളിലെ ജൈവ വൈവിധ്യം വർദ്ധിപ്പിക്കുക, മണ്ണും ജലവും സംരക്ഷിക്കുക, നിലം അധികം ഉഴുത് മറിക്കാതിരിക്കുക, മണ്ണിന് ആവരണം നൽകുക, സമഗ്രമായ കള നിയന്ത്രണം, സുസ്ഥിരമായ മൃഗ സംരക്ഷണം, വിള വെടുപ്പ്, കൃഷിയിടങ്ങളിലെ സംസ്ക്കരണം, ശേഖരണം എന്നിവയാണ്.

### വീട്ടിൽ ചെയ്യാവുന്ന ജൈവവള കൂട്ടുകൾ

**1. ജീവാമൃതം**

***ചേരുവകൾ :-*** നാടൻ പശുവിന്റെ ചാണകം 10 കിലോഗ്രം, ഗോമൂത്രം 5 ലിറ്റർ, ശർക്കര പൊടിച്ചത് 2 കിലോഗ്രാം, പയർവിത്ത് കുതിർത്ത് അരച്ചത് 2 കിലോഗ്രം, വയലിലെ വരമ്പിനടത്തു നിന്ന് എടുത്ത് മണ്ണ് 1 കിലോഗ്രം, ശർക്കരയ്ക്കു പകരം നല്ലപഴുത്ത ചെറുപഴം രണ്ടുകിലോഗ്രാം ഉപയോഗിക്കാവുന്നതാണ്.

ഇരുനൂറ് ലിറ്റർ ശേഷിയുള്ള ഒരു ബാരലിൽ 30 ലിറ്റർ വെള്ളമെടുത്ത് അതിലേയ്ക്ക് 10 കിലോഗ്രാം നാടൻ പശുവിന്റെ ചാണകവും 5 ലിറ്റർ ഗോമൂത്രവും 2 കിലോഗ്രാം ശർക്കരപൊടിയും (ശർക്കരയ്ക്കു പകരം 4 ലിറ്റർ കരിമ്പിൻ നീര് ഉപയോഗിച്ചാലും മതി) 2 കിലോഗ്രാം പയർ പേസ്റ്റും (അ

രച്ച മാവ്) ചേർത്ത് നല്ലവണ്ണം ഇളക്കുക. മണ്ണ ചേർക്കുക. 150 ലിറ്റർ വെള്ളം അതിലേയ്ക്ക് ഒഴിക്കുക. വീണ്ടും ഇളക്കിയശേഷം ബാരൽ അടച്ച് സൂക്ഷിക്കുക. ദിവസവും 3 നേരം ഒരു തടിക്കഷണംകൊണ്ട് ദ്രാവകം ഘടികാര ദിശയിൽ ഇളക്കണം. രണ്ട് മൂന്ന് ദിവസം കഴിയുമ്പോൾ ലായനി പുളിക്കുന്നതുകൊണ്ട് ദുർഗന്ധമുണ്ടാകും അപ്പോൾ മുതൽ ഈ ലായനി-ജീവാമൃതം-ഉപയോഗിച്ചു തുടങ്ങാം. 7 ദിവസം കഴിഞ്ഞാൽ പിന്നെ ദുർഗന്ധമുണ്ടാകുകയില്ല. അതുകൊണ്ട് 7 ദിവസത്തിനകം ലായനി ഉപയോഗിച്ചു തീർക്കണം. ജലസേചന സമയത്ത് ഈ വളക്കൂട്ട് ഒരു ചാക്കിൽകെട്ടി തുണ്ടിൽ വയ്ക്കുകയോ ചെടികളുടെ തടത്തിൽ ഒഴിച്ചുകൊടുക്കുകയോ ഇലകളിൽ നേർപ്പിച്ച് തളിക്കുകയോ ആകാം. ഇരുനൂറ് ലിറ്റർ ലായനി ഒരു ഹെക്ടറിലെ കൃഷിക്ക് ഒരു തവണ ഉപയോഗിക്കാൻ മതിയാകും.

ജീവാമൃതം ഉപയോഗിക്കുമ്പോൾ മറ്റ് ജൈവ വളങ്ങളോ, വളക്കൂട്ടുകളോ ജീവാണു വളങ്ങളോ ഉപയോഗിക്കേണ്ടതില്ലെന്നാണ് സുഭാഷ് പാലേക്കറിന്റെ അഭിപ്രായം.

**2. പഞ്ചഗവ്യം**

ജൈവകൃഷിയിൽ ഉപയോഗിക്കുന്ന ഒരു പ്രധാന വളക്കൂട്ടാണ് പഞ്ചഗവ്യം. പൗരാണിക പാരമ്പര്യം അവകാശപ്പെടാം ഈ വളക്കൂട്ടിന്, പൂജകർമ്മാധികളിൽ ഉപയോഗിക്കുന്ന പഞ്ചഗവ്യത്തിൽ പശുവിൽ നിന്നുള്ള അഞ്ച് ഉത്പന്നങ്ങളാണ്– പാൽ, തൈര്, നെയ്യ്, ചാണകം, മൂത്രം ഉപയോഗിക്കാം. എന്നാൽ കൃഷിയിൽ ഉപയോഗിക്കുന്ന പഞ്ചഗവ്യത്തിൽ ശർക്കര, പാളയൻകോടൻ പഴം, കരിക്കിൻ വെള്ളം, കള്ള് ഇവകൂടി ചേർക്കേണ്ടതുണ്ട്.

വിളവു കൂട്ടുവാനുള്ള ജൈവഹോർമോണായും രോഗങ്ങളേയും കീടങ്ങളേയും നിയന്ത്രിക്കുവാനുള്ള മരുന്നായും പഞ്ചഗവ്യം പ്രയോജനപ്പെടുന്നു. പഞ്ചഗവ്യം നിർമ്മിക്കുവാൻ കർഷശ്രീ 2008 ജേതാവ് ശ്രീ. സി. എം. മുഹമ്മദ് നിർദ്ദേശിക്കുന്ന ചേരുവകൾ.

പച്ചചാണകം 5 കിലോ, ഗോമൂത്രം 3 ലിറ്റർ, ഉരുക്ക് നെയ്യ് 500 ഗ്രാം, പാൽ 2 ലിറ്റർ, പുളിച്ച തൈര് 2 ലിറ്റർ , ശർക്കര 1 കിലോഗ്രാം (വെള്ളത്തിൽ ലയിപ്പിച്ച്) പാളയൻകോടൻ പഴം 1 കിലോഗ്രാം, ഇളനീർ 5 കരിക്കിൻ വെള്ളം, കള്ള് 2 ലിറ്റർ.

പച്ചചാണകവും നെയ്യും ചപ്പാത്തിക്ക് കുഴയ്ക്കും പോലെ കുഴച്ച് യോജിപ്പിക്കുക. ഈ മിശ്രിതത്തിലേയ്ക്ക് ഗോമൂത്രം, ശർക്കപൊടി, തൈര്, പാൽ, പഴം, ഞെരടിയത്, കരിക്കിൻവെള്ളം, കള്ള് ഇവ ചേർത്ത് കൂട്ടിയോജിപ്പിക്കുക. ഇത് വായ് വട്ടമുള്ള ഒരു പാത്രത്തിലാക്കി 15 ദിവസം തണലിൽ സൂക്ഷിക്കുക. ദിവസവും രാവിലെയും വൈകുന്നേരവും നന്നായി ഇളക്കികൊടുക്കണം. 16–ാം ദിവസം മുതൽ ഈ മിശ്രിതം ഉപയോഗിച്ചു തുടങ്ങാം. 6 മാസമാണ് സൂക്ഷിപ്പുകാലം. ഈ മിശ്രിതം 3 ലിറ്ററിന് 97 ലിറ്റർ വെള്ളം ചേർത്ത് വൈകുന്നേരേ നല്ലപോലെ ഇലകളിൽ തളിക്കുകയോ മണ്ണിൽ ഒഴിക്കുകയോ ചെയ്യുക.

3. പച്ചചാണകം, കടലപിണ്ണാക്ക്, വേപ്പിൻ പിണ്ണാക്ക്, ഓരോ കിലോ വീതം പത്തു ലിറ്റർ വെള്ളത്തിൽ മൂന്നു ദിവസം പുളിപ്പിച്ച് ഏഴിരട്ടി വെള്ളം ചേർത്ത് നേർപ്പിച്ച് ചെടിച്ചുവട്ടിൽ ഒഴിച്ചുകൊടുക്കാം.

**സംശയങ്ങൾക്ക് :**
**പി. എ. ഐസക്ക് ചെങ്ങന്നൂർ,**
**9447347899, 0469 2614512**

■

## ഡോക്ട്രേറ്റ്



റോമിലെ പൊന്തിഫിക്കൽ ഗ്രീഗോറിയോസ് സർവ്വകലാശാലയിൽ നിന്നും ഡോക്ട്രേറ്റ് ലഭിച്ച ഫാ. ജോജി സി. ജോർജ്. 'മർക്കോസിന്റെ സുവിശേഷത്തിലെ ഇടയ സങ്കല്പം' എന്ന വിഷയത്തിലാണ് ഡോക്ട്രേറ്റ്. കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ ചെറുവത്തൂർ സി.സി. ജോർജിന്റെയും ലില്ലി ജോർജിന്റെയും മകൻ.

## ഡോക്ട്രേറ്റ്



ഞാലിയാകുഴി മാർ ബസേലിയോസ് ദയറാംഗം ഫാ. വർഗീസ് കെ. ജോഷ്വാ ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ നിന്ന് വേദശാസ്ത്രത്തിൽ ഡോക്ട്രേറ്റ് നേടി. 'സെറൂഗിലെ യാക്കോബിന്റെ എഴുത്തുകളിൽ' സഭ ക്രിസ്തുവിന്റെ മണവാട്ടി എന്ന വിഷയത്തിലാണ് ഡോക്ട്രേറ്റ്. സെറാംപൂർ സർവ്വകലാശാലയിൽ നിന്നും എം.റ്റി.എച്ചും. അമേരിക്കയിലെ ബാൾട്ടിമോർ സെന്റ് മേരീസ് യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ. യും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും സുറിയാനി ഭാഷയിൽ എം.എ. യും കരസ്ഥമാക്കി. തുമ്പമൺ വടക്കേക്കര കാദീശ്താപ്പള്ളി ഇടവകാംഗമാണ്.

## എം.ഫാം. ഒന്നാം റാങ്ക്



ആരോഗ്യ സർവ്വകലാശാലയിൽ നിന്നും M.Pharm പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ സോണിയ എ. തോമസ്. മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ ചാപ്പലായ കൊറ്റാർകാവ് സെന്റ് ജോർജ് ഇടവകാംഗം ഫാ. കെ. വൈ. തോമസിന്റെയും സൂസമ്മ തോമസിന്റെയും മകൾ.

## എം. എ. ഒന്നാം റാങ്ക്




മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും എം.എ. മലയാളം പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ഷൈനു ഏബ്രഹാം. നെല്ലിമല മാർ ഗ്രിഗോറിയോസ് ഇടവകാംഗവും അരയാലുംമൂട്ടിൽ ജിജി ഉമ്മന്റെ ഭാര്യയുമാണ്.

# വൈദിക ചരമം



**മോസസ് റമ്പാൻ**

**പത്തനാപുരം:** മൗണ്ട് താബോർ ദയറാ അംഗം കോട്ടയം പള്ളിക്കത്തോട് മുരട്ടുപുവത്തിങ്കൽ വെട്ടിക്കാട്ടിൽ മോസസ് റമ്പാൻ (84) നിര്യാതനായി. പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്ക്കൂൾ അധ്യാപകൻ, തിരുച്ചിറപ്പള്ളി പൊന്നയ്യാ ഹയർ സെക്കണ്ടറി സ്ക്കൂൾ പ്രിൻസിപ്പൽ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു.



**ഫാ. ദാനിയേൽ തോട്ടമറ്റം**

**സേലം:** മദ്രാസ് ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ സേവനം അനുഷ്ഠിച്ച ഫാ. ദാനിയേൽ തോട്ടമറ്റം (76) നിര്യാതനായി. സംസ്ക്കാരം ഒലവക്കോട് സെന്റ് ജോർജ് ദേവാലയത്തിൽ നടത്തി.


## മലങ്കരസഭ മാസിക

**പരസ്യ നിരക്കുകൾ**

| | | |
|---|---|---|
| Back Page (Colour) | : | 25,000 |
| Front Inside (Colour) | : | 20,000 |
| Back Inside (Colour) | : | 20,000 |
| Inner Page (Colour) | | |
| Full " | : | 15,000 |
| Half " | : | 8,000 |
| Quarter " | : | 5,000 |
| Minimum (Col.) 9x4 c.m. | : | 2,500 |
| Favours Block (Stamp) | : | 1500 |






ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം

ഫരീദ് എന്ന ഒരു സൂഫി സന്യാസി ഉണ്ടായിരുന്നു. ഒരിക്കൽ ഗ്രാമീണർ ഫരീദിനോട് ചോദിച്ചു. "ഫരീദ് മഹാനായ അക്ബർ ചക്രവർത്തി താങ്കളെ കാണാൻ പല തവണ വന്നല്ലോ. നമ്മുടെ ഗ്രാമത്തിലെ കുട്ടികൾക്ക് വേണ്ടി ഒരു സ്ക്കൂൾ തുടങ്ങാൻ താങ്കൾ എന്ത് കൊണ്ടാണ് അദ്ദേഹത്തോട് പറയാത്തത് നമുക്കൊരു സ്ക്കൂളില്ലല്ലോ"

ഫരീദ് പറഞ്ഞു. "നന്നായി അദ്ദേഹം വരുന്നത് വരെ ഞാനെന്തിന് കാത്തിരിക്കണം ഞാനങ്ങോട്ട് പോകും" അദ്ദേഹം ഡൽഹിയിലേക്ക് പോയി അക്ബർ അദ്ദേഹത്തിന്റെ സ്വകാര്യ പള്ളിയിൽ പ്രാർത്ഥിച്ച് കൊണ്ടിരിക്കുകയായിരുന്നു. ഫരീദിനെ അങ്ങോട്ട് ചെല്ലാൻ അനുവദിച്ചു. അദ്ദേഹം പള്ളിയിൽ കടന്നു. അക്ബറിന്റെ തൊട്ടു പിന്നിൽ അദ്ദേഹം ചെന്ന് നിന്നു. അപ്പോൾ അക്ബർ പ്രാർത്ഥിക്കുന്നത് അദ്ദേഹത്തിന് കേൾക്കാമായിരുന്നു. പ്രാർത്ഥനയുടെ സമാപനമായിരുന്നു. അക്ബർ ദൈവത്തോട് പറഞ്ഞു. "കരുണാമയനായ ദൈവമേ! കൂടുതൽ സമ്പത്തുകൾ എന്റെ മേൽ ചൊരിയണമേ കൂടുതൽ വലിയ രാജ്യങ്ങൾ എനിക്ക് നൽകേണമേ"

ഫരീദ് ഉടനെ തിരിഞ്ഞ് നടന്നു. അക്ബറിന്റെ പ്രാർത്ഥനയുടെ സമാപനമായതിനാൽ ആരോ പിറകിൽ വന്ന് നിൽക്കുകയും അതിന് ശേഷം തിരിച്ച് പോവുകയും ചെയ്തത് അദ്ദേഹത്തിന് മനസ്സിലായി. അക്ബർ തിരിഞ്ഞ് നോക്കിയപ്പോൾ ഫരീദ് പടികൾ ഇറങ്ങിപ്പോകുന്നത് കണ്ടു. അക്ബർ ഓടിച്ചെന്ന് ഫരീദിന്റെ കാൽ തൊട്ട് വന്ദിച്ചുകൊണ്ട് ചോദിച്ചു. "താങ്കൾ എന്താണ് വന്നത്? എന്നിട്ട് എന്തിനാണ് വേഗം മടങ്ങിപ്പോകുന്നത്? കാരണം ഫരീദ് ആദ്യമായാണ് അവിടെ വന്നത്.

ഫരീദ് പറഞ്ഞു "താങ്കൾ വളരെയേറെ സമ്പന്നനാണ് എന്ന് കരുതിയാണ് ഞാൻ വന്നത്. എന്നാൽ താങ്കളുടെ പ്രാർത്ഥന കേട്ടപ്പോൾ താങ്കൾ ഇപ്പോഴും ദരിദ്രനെന്ന് മനസ്സിലായി. താങ്കൾ ഇപ്പോഴും പണത്തിന് വേണ്ടി, അധികാരത്തിന് വേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ. ഞാൻ അങ്ങയോട് പണം ചോദിക്കുന്നത് ശരിയായിരിക്കില്ല. കാരണം ഞാൻ വന്നത് എന്റെ ഗ്രാമത്തിൽ ഒരു സ്ക്കൂൾ തുടങ്ങാനുള്ള പണം ചോദിക്കാനാണ്. ഇപ്പോഴും ദരിദ്രനായ അങ്ങയോട് ഞാൻ എങ്ങനെയാണ് പണം ചോദിക്കുക. താങ്കൾക്ക് പണം ആവശ്യമായിരിക്കുന്നു. ഞാൻ കുറച്ച് പണം എന്റെ ഗ്രാമത്തിൽ നിന്ന് ശേഖരിച്ച് അങ്ങേയ്ക്ക് തരും നിങ്ങൾ ദൈവത്തോടാണ് ചോദിക്കുന്നതെങ്കിൽ സ്ക്കൂളിന് വേണ്ട പണം ഞാൻ ദൈവത്തോട് ചോദിച്ച് വാങ്ങിക്കൊള്ളാം. നിങ്ങളെ എന്തിന് ഒരു മദ്ധ്യവർത്തിയായി ഉപയോഗിക്കണം"?

അപ്പോഴാണ് അക്ബറിന് മനസ്സിലായിത് താൻ വേണ്ടത്ര സമ്പന്നനല്ല. താൻ ഉള്ള പണം കൊണ്ട് തൃപ്തനല്ല. ഈ ധനം തനിക്കൊന്നും തന്നിട്ടില്ല. ഏതാണ്ട് അബോധാവസ്ഥപോലെ കൂടുതൽ പണം, അധികാരം അന്വേഷിച്ച് കൊണ്ടേയിരിക്കുകയാണ്. ധാരാളം കുന്നുകൂടിയിട്ടും യാതൊന്നും തരാത്ത നിസാരമായവകൾക്ക് പുറകെ. നിന്റെ ജീവിതം വഴിവിട്ട് പോയിരിക്കുന്നു.

നാം നമ്മിലെ ഉറവ വറ്റിയ മനുഷ്യനേയും
വെട്ടിപ്പിടിക്കുന്ന വേട്ടമൃഗത്തേയും
അന്തമില്ലാത്ത അർത്ഥനകളുടെ ആത്മീയനേയും,
അറുതിയില്ലാത്ത കാമനകളുടെ പരിപോഷകനേയും
നമ്മുടെ പടിവാതിലിൽ പിച്ചപാത്രവുമായെത്തിയവൻ
രണ്ട് നാണയങ്ങൾ നമ്മുടെ പൊൻതളികയിലേക്ക് ഇട്ട്
പോകുന്നതിനേയും
ബലിപീഠത്തിൽപോലും അവന്
നാമൊരു മദ്ധ്യവർത്തിയായി വേണ്ട
എന്ന് അവൻ തീരുമാനിക്കുന്നതിനേയും
നമുക്ക്; ആത്മാഭിമാനത്തോടെ ഞാൻ
എല്ലാറ്റിലും സമ്പന്നനാണെന്ന് അന്തരംഗം കൊണ്ടുച്ചരിക്കാൻ
കഴിയാത്തതിനേയും നാം ഭയക്കേണ്ടതല്ലേ?

E-mail: fr.thirumangalam@gmail.com

كنيسة القديسة ماري الهندية للأرثوذكس

ST. MARY'S INDIAN ORTHODOX CHURCH

RAS AL KHAIMAH, UAE

## അപേക്ഷകൾ ക്ഷണിക്കുന്നു

റാസൽ ഖൈമ സെന്റ് മേരീസ് ഇടവക 2015 വർഷത്തിൽ ഏറ്റെടുത്തു നടത്താൻ ആഗ്രഹിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിലേക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓർത്തഡോക്സ് സഭാംഗങ്ങളായ അർഹതപ്പെട്ടവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**1. ഭവന നിർമ്മാണ പദ്ധതി**

സ്വന്തമായി വീട് ഇല്ലാത്തവരും കുറഞ്ഞത് 5 സെന്റ് ബാദ്ധ്യതകളില്ലാത്ത ആ സ്ഥലമെങ്കിലും സ്വന്തമായിട്ടുള്ളവരും നിർദ്ധനരുമായിട്ടുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം ഇടവക വികാരിയുടെ ശുപാർശ കത്തും ഇടവക വികാരി സാക്ഷ്യപ്പെടുത്തിയതുമായ ഇപ്പോഴത്തെ താമസ സ്ഥലത്തിന്റെ ഫോട്ടോ, അപേക്ഷകന്റെ പേരിൽ ഭവനിർമ്മിതിക്കാവശ്യമായ വസ്തുവുണ്ടെന്ന് ബോധ്യപ്പെടുന്നതിനായി ആധാരത്തിന്റെയും കരമടച്ച രസീതിന്റെയും കോപ്പികൾ, വരുമാന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ കോപ്പി എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

**2. വിവാഹ സഹായ പദ്ധതി**

വിവാഹ ചെലവുകൾ വഹിക്കുവാൻ നിവർത്തിയില്ലാത്ത പെൺകുട്ടികളുടെ മാതാപിതാക്കൾ വിശദമായ വിവരങ്ങളും വരുമാന സർട്ടിഫിക്കറ്റും അതതു ഇടവക വികാരിയുടെ ശുപാർശക്കത്തും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. വരൻ ഓർത്തഡോക്സ് സഭാംഗം ആയിരിക്കേണ്ടതാണ്. വിവാഹ നിശ്ചയ ശേഷം മാത്രമേ സാമ്പത്തിക സഹായം അനുവദിക്കുകയുള്ളു.

**3. സ്വയം തൊഴിൽ സഹായം**

തൊഴിൽ രഹിതരായ നിർദ്ധനരായവർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള സഹായത്തിനായി അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റിന്റെയും റേഷൻ കാർഡിന്റെയും കോപ്പികൾ അതത് ഇടവക വികാരി സാക്ഷ്യപ്പെടുത്തിയതും ഇടവക വികാരിയുടെ ശുപാർശക്കത്തും ഉൾപ്പെടുത്തേണ്ടതാണ്.

മുകളിൽ പറഞ്ഞ പദ്ധതികളിലേക്ക് പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ അപേക്ഷകൾ Vicar, St. Mary's Orthodox Church, Post Box. No. 4780, RAS AL KHAIMAH, U.A.E. എന്ന വിലാസത്തിൽ 2015 സെപ്റ്റംബർ 30-നുള്ളിൽ ലഭിച്ചിരിക്കണം. അർഹരായ അപേക്ഷകരെയും ഇടവക വികാരിയെയും വിവരം രേഖാമൂലം 2015 നവംബർ 15-നുള്ളിൽ അറിയിക്കുന്നതാണ്.

### ശുശ്രൂഷകനെ ആവശ്യമുണ്ട്

ബാംഗ്ലൂർ ഭദ്രാസനത്തിലെ യു.എ.ഇയിലെ റാസൽഖൈമ സെ. മേരീസ് ഓർത്തഡോക്സ് ഇടവകയിലേക്ക് ശുശ്രൂഷ-കെയർടേക്കർ ഒഴിവിലേക്ക് 35 വയസ്സിൽ താഴെ പ്രായം ഉള്ളവരും മുൻ പ്രവൃത്തി പരിചയം ഉള്ളവരും വികാരിയുടെ സാക്ഷ്യപത്രത്തോടൊപ്പം വിശദവിവരം അടങ്ങിയ അപേക്ഷ St. Mary's Orthodox Church, P.O. Box-4780, Ras-AL-Khaimah-U.A.E. എന്ന വിലാസത്തിൽ ആഗസ്റ്റ് മാസം 10-ന് മുൻപ് സമർപ്പിക്കുക.

Ph: 00971-7-2435434, 00918606469542

# ആബോ അലക്സിയോസ്

## ചരമ സുവർണ്ണ ജൂബിലി ജൂബിലി



**റാന്നി പെരുനാട്:** ബഥനി ആശ്രമത്തിൽ കബറടങ്ങിയ അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ ചരമ സുവർണ്ണ ജൂബിലി ഓഗസ്റ്റ് 6-ന് ബഥനി ആശ്രമത്തിൽ സമാപിക്കും.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും ആദ്ധ്യാത്മിക നവോത്ഥാനത്തിനും ആഗോള എക്യുമെനിക്കൽ ബന്ധത്തിനും മാർഗ്ഗം പകർന്ന റാന്നി പെരുനാട് ബഥനി ആശ്രമാദ്ധ്യക്ഷനാണ് അലക്സിയോസ് മാർ തേവോദോസിയോസ്. 1988 ആഗസ്റ്റ് 28-ന് ജനിച്ചു.

വേദശാസ്ത്ര പഠനത്തിനായി ഈസ്റ്റ് ബംഗാളിലെ ബാരിസോൾ ഡിവിനിറ്റി കോളജിൽ 1915-ൽ ചേർന്നു (1915-1917). തുടർന്ന് സെറാംമ്പൂർ കോളജിലും പഠിച്ച് വേദശാസ്ത്ര ബിരുദം നേടി (1918). 1928-1929 കാലഘട്ടത്തിൽ മലയാ, കൊലാലംമ്പൂർ, സിങ്കപ്പൂർ എന്നിവിടങ്ങളിലായി 18 മാസം താമസിച്ച് സഭാപ്രവർത്തനങ്ങളിൽ വ്യാപൃതനായി. ഇംഗ്ലണ്ടിലെ മെർഫീൽഡിൽ (1930) ഉപരിഗവേഷണം നടത്തി.

കേരളത്തിലും വിദേശത്തുമുള്ള വിവിധ സമ്മേളനങ്ങളിൽ മലങ്കരസഭയെ സ്വയംഭരണ നേതൃത്വമുള്ള സഭ എന്നും (Autocephalus Church) മലങ്കരസഭയുടെ സ്വാതന്ത്ര്യം ജന്മസിദ്ധമായ അവകാശമാണെന്നും പ്രബോധിപ്പിച്ചു. പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോ

### ബഥനി ആശ്രമ സുപ്പീരിയർ

റാന്നി-പെരുനാട് ബഥനി ആശ്രമ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട ഫാ. മത്തായി ഒ.ഐ.സി; കുന്നംകുളം ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിൽ 20 വർഷം പ്രിൻസിപ്പാളായിരുന്നു.



### O.V.B.S. ഡയറക്ടർ



ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്ക്കൂൾ ഡയറക്ടറായി ഫാ. കുര്യൻ തോമസ് കരിപ്പാൽ നിയമിതനായി. നാലുന്നാക്കൽ മാർ ഗ്രിഗോറിയോസ് ഇടവകാംഗം. കുറിച്ചി സെ. മേരീസ് & സെ. ജോൺസ് പള്ളി വികാരി.



ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ ദിവ്യബോധനം കോൺവൊക്കേഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഫാ. സി. സി. ചെറിയാൻ, സഖറിയാ മാർ അന്തോണിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്, ഫാ.ഡോ.ഒ. തോമസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഫാ. ഡോ. നൈനാൻ കെ. ജോർജ്, ഡീ. ജോബിൻ വർഗീസ് എന്നിവർ സമീപം.

ലീത്തായെ കർമ്മപദ്ധതികൾക്ക് മാതൃകയാക്കിയിട്ടുണ്ട്.


'ഞാൻ പഴയ ചാണ്ടിയായി മാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാപ്പോലീത്തായായി കഴിയുവാൻ ആഗ്രഹിക്കുന്നില്ല. ഒരു നായയെപ്പോലെ മരിക്കേണ്ടി വന്നാലും മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി അടരാടും' എന്നുള്ളത് അദ്ദേഹത്തിന്റെ പ്രസിദ്ധമായ പ്രഖ്യാപനമാണ്. വൈദേശിക ആധിപത്യമില്ലാത്ത ദേശീയവും അപ്പോസ്തോലികവുമായ ഒരു സ്വതന്ത്ര കാതോലിക്കേറ്റാണ് അദ്ദേഹത്തിന്റെ ദർശനത്തിൽ ഉണ്ടായിരുന്നത്.

സഭയുടെ വിശ്വാസം, പാരമ്പര്യം സ്വാതന്ത്ര്യം എന്നിവ ചോദ്യം ചെയ്ത സാഹചര്യങ്ങളിൽ സുധീരമായ ഉറച്ച നിലപാട് സ്വീകരിച്ചു.

പ്രൊട്ടസ്റ്റന്റ് വിശ്വാസം, റീത്ത് പ്രസ്ഥാനം, അന്ത്യോഖ്യൻ അധിനിവേശം എന്നിവയോട് ശക്തമായി പോരാടി ദേശീയ അന്തർദേശീയ തലത്തിൽ മലങ്കരസഭയുടെ യശസ്സ് ഉയർത്തിയ ബഥനിയിലെ കർമ്മയോഗിയായ ഈ യതിവര്യൻ ഉത്തമ സന്യാസജീവിതം നയിച്ച ധ്യാനഗുരുവും

*ശേഷം 48-ാം പേജിൽ*






**സുഖാന്വേഷണങ്ങളുടെ പുതിയ കാലത്ത് സത്യാന്വേഷണങ്ങളുടെ ബദൽ പ്രൊഫൈലുകളാവുക നിസ്സാരമായൊരു ചലഞ്ച് അല്ല! ഒരുവൻ സകല മനുഷ്യരുടെയും like നേടിയാലും അവന് ദൈവത്തിൽ നിന്ന് ഒരു like കിട്ടുന്നില്ലെങ്കിൽ എന്ത് പ്രയോജനം സഖാവേ!**

"Feeling Happy; Feeling Excited; Feeling Awesome; Feeling Alone; Feeling Confused; Feeling Angry...." ഇവയിലേതാണ് സഖാവേ ഇപ്പോൾ നിന്റെ പ്രൊഫൈൽ സ്റ്റാറ്റസ്? നമ്മുടെ ആനന്ദങ്ങളുടെയും ആകുലതകളുടെയും മുഖപടമായി നാം കുറിക്കുന്ന വരികൾ. ഇരവുപകലുകൾ പോലെ അതിങ്ങനെ വന്നു മറയുകയാണ്.

സ്റ്റാറ്റസ്. നിലയുംവിലയുമൊക്കെ സൂചിപ്പിക്കുന്ന പദം. അന്തസ്സ് എന്നും പറയാറുണ്ട്. അന്തരംഗത്തിന്റെ അവസ്ഥയെക്കുറിക്കുന്നത് തന്നെ. നമ്മുടെ പ്രൊഫൈലിലേയ്ക്ക് മടങ്ങും മുമ്പേ ചില പഴയ പ്രൊഫൈലുകൾ ശ്രദ്ധിക്കുക. ബൈബിളിലെ പേജുകളിലൂടെ ഒരു സേർച്ച്. നിശ്ചയമായും കുറെയധികം യൗവ്വനങ്ങളുടെ വ്യത്യസ്തകാലങ്ങളിലെ സ്റ്റാറ്റസുകളും അവയ്ക്ക് ലഭിച്ച കമന്റുകളുമൊക്കെ അതിലുണ്ട്.

ജോസഫിന്റെ പ്രൊഫൈൽ. കൗമാരകാലത്തെ അവന്റെ ഒരു ദിനം. Feeling Sad എന്നാണ് പൊട്ടക്കിണറ്റിൽ നിന്നുള്ള ഒരു updation. സഹോദരങ്ങൾ കെണിവെച്ചാൽ അകം കലങ്ങാതിരിക്കുമോ സഖേ! എന്നാൽ കുറെ നാളുകൾക്ക് ശേഷം അവന്റെ പേജിൽ വന്ന കമന്റ് നീ കണ്ടുവോ? "ദൈവാത്മാവുള്ള ഒരു മനുഷ്യൻ" (Can we find anyone else like this one in whom is the spirit of God) എന്നാണത്. ശരിക്കും കിട്ടേണ്ട കമന്റ് അതൊക്കെയാണ് മാഷേ! ശമുവേലിന്റെ ബാല്യകാലത്തിലെ സ്റ്റാറ്റസ് വിസ്മയിപ്പിക്കുന്നതാണ്, Listening God.; ദൈവത്തെ കേൾക്കുന്നവൻ എന്നാണ് കൊടുത്തിരിക്കുന്നത്. സത്യത്തിൽ മനുഷ്യരെ കേൾക്കാനാവാത്ത വിധം തിരക്കുള്ളവരായിരിക്കുന്ന നമുക്കൊരു തിരുത്താണ് ദൈവത്തെ കേൾക്കുന്ന അവന്റെ ബാല്യം!. സങ്കടം തോന്നിപ്പിക്കുന്ന ചിലതുമുണ്ട്. സിംഹത്തിന്റെ താടിയെല്ലുമായി നില്ക്കുന്ന ശിംശോന്റെ പ്രൊഫൈൽ പിക്ച്ചർ നോക്കുക. എത്രസുന്ദരമാണ്. എന്നാൽ പിന്നീട് നിരന്തരമായ ചാറ്റിംഗിലൂടെ ചീറ്റ് ചെയ്യപ്പെട്ട അവന്റെ കഥയും നീ അറിഞ്ഞിരിക്കണം. ഒരു ഗുരുവിന്റെ രണ്ടു ശിഷ്യന്മാരെപ്പറ്റിയുള്ള പോസ്റ്റുകൾ ശ്രദ്ധിച്ചിട്ടുണ്ടോ? തിമോത്തിയെക്കുറിച്ചാണ് ഒന്നാമത് പറയുക. "എല്ലാവരും സ്വന്തകാര്യം അന്വേഷിക്കുന്നു; തിമോത്തിയോ ക്രിസ്തുയേശുവിന്റെ കാര്യം നോക്കുന്നു." രണ്ടാമത് ദേമാസിനെപ്പറ്റിയാണ്. "ദേമാസ് ഈ ലോകത്തെ സ്നേഹിച്ച് എന്നെ വിട്ടുപോയി."

ഏറ്റം ചേതോഹരമായ മറ്റൊന്ന് കൂടെ! 'പൈതൽ വളർന്നു; ജ്ഞാനം നിറഞ്ഞു; ആത്മാവിൽ ബലപ്പെട്ടു. ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു.' ക്രിസ്തുവിനെക്കുറിച്ചുള്ള ഈ കമന്റിനുമപ്പുറം മറ്റെന്താണ് സുഹൃത്തേ നമ്മുടെ യൗവ്വനം ആഗ്രഹിക്കേണ്ടത്!

ബൈബിൾ പേജുകളിലൂടെയുള്ള നിരന്തരസെർച്ചുകളിൽ നിന്നാണ് സഖേ, നിന്റെ ജീവിതത്തിന്റെ ദൈവീക അന്തസ്സ്/ divine status നിലനിർത്താനുള്ള ഉൾക്കരുത്ത് നീ നേടേണ്ടത്!

പണ്ട് പറഞ്ഞിരുന്നത്, ഒരാളുടെ സ്വഭാവമറിയുന്നതിന് അവന്റെ സ്നേഹിതർ ആരെന്നും അവൻ വായിക്കുന്ന പുസ്തകങ്ങൾ ഏതെന്നുമൊക്കെ അന്വേഷിച്ചാൽ മതിയെന്നാണ്. ഇന്നാകട്ടെ, പ്രൊഫൈലും പോസ്റ്റുകളും ഫ്രണ്ട്സ് ലിസ്റ്റും നോക്കിയാലും ഒരാളെ മനസ്സിലാക്കാൻ പ്രയാസമാവും. സത്യസന്ധമായ സ്വത്വാവിഷ്ക്കാരത്തിന് ധൈര്യമില്ലാത്ത എത്രയോ വ്യാജപ്രൊഫൈലുകളുടെ നടുവിലാണ് നാം. ബുദ്ധൻ ചിരിക്കുന്നു. എന്നിട്ട് പറയുന്നു. “There are only two mistakes one can make along the road to truth; not going all the way, and not starting.” സുഖാന്വേഷണങ്ങളുടെ പുതിയകാലത്ത് സത്യാന്വേഷണങ്ങളുടെ ബദൽ പ്രൊഫൈലുകളാവുക നിസ്സാരമായൊരു ചലഞ്ച് അല്ല! ഒരുവൻ സകല മനുഷ്യരുടെയും like നേടിയാലും അവന് ദൈവത്തിൽ നിന്ന് ഒരു like കിട്ടുന്നില്ലെങ്കിൽ എന്ത് പ്രയോജനം സഖാവേ!

സജ്ജനങ്ങളുടെ ഒരു പ്രൊഫൈൽ പിക്ച്ചർ മഹാഭാരത്തിൽ വിദുരോപദേശത്തിലുണ്ട്. ധൃതരാഷ്ട്രർ തന്റെ മക്കളുടെ വളർത്തുദോഷത്തിൽ നിസ്സഹായനായി നില്ക്കുന്ന രംഗം. വിദുരർ സത്യം മറകൂടാതെ പറയുന്നു. മഹാരാജാവിന്റെ മക്കൾ നൂറ്റൊന്നുപേരുടെയും പ്രൊഫൈൽ തീർത്തും മോശമാണത്രേ! Feeling Pride എന്നാണ് കൗരവരുടെ FB Status. ഇവിടെ വിദുരർ സജ്ജനങ്ങളുടെ ഒരു മാതൃക വരച്ചുകാട്ടുന്നു. “സ്വർഗ്ഗപ്രാപ്തിക്ക് ഒരുവനെ അർഹമാക്കുന്ന എട്ടു ഗുണങ്ങളാണുള്ളത്. യജ്ഞം, ദാനം, അദ്ധ്യയനം, തപസ്സ്, ഇന്ദ്രിയനിഗ്രഹം, സത്യം, ആർജ്ജവം, മൃദുലത എന്നിവയാണ് അവ. ഇതിൽ നാലെണ്ണം സജ്ജനങ്ങളിൽ കാണുന്നവയാണ്. ശേഷം നാലെണ്ണം അവർ അനുഷ്ഠാനങ്ങളിലൂടെ നേടിയെടുക്കുന്നവയും.” നല്ലയാളുകളിൽ ജന്മസിദ്ധമായ നാലു ഗുണങ്ങൾ യജ്ഞം, ദാനം, അദ്ധ്യയനം, തപസ്സ് എന്നിവയാണ്. യജ്ഞം എന്നാൽ ത്യാഗമാണ്. തന്നത്താൻ ത്യജിക്കുന്നതിന്റെ ജീവനകല അവരിൽ സ്വഭാവികമാണ്. അവരുടെ ആയുസ്സും അതിന്റെ അദ്ധ്വാനങ്ങളും പൊതു നന്മയെ പുരസ്കരിച്ച് മാത്രമുള്ളതാവും. ത്യാഗമുള്ളിടത്ത് ദാനം ഉണ്ടാകും. അത് പ്രതിഫലേച്ഛകൂടാത്തതുമായിരിക്കും. അദ്ധ്യയനം വിദ്യാഭ്യാസമാണ്. അറിവുകൾ നേടുന്നത് അച്ചടക്കത്തിനാണ്. അച്ചിലമരുന്നതാണ് ആഭരണമാവുക. സമൂഹത്തിന് അലങ്കാരമാകുന്ന വ്യക്തിത്വങ്ങൾ സ്വജീവിതങ്ങളെ അച്ചിലമർത്തിയവരാണ്; അച്ചടക്കം ശീലിച്ചവരാണ്. തപസ്സ് സാമാന്യാർത്ഥത്തിൽ നിഷ്ഠയും ശുദ്ധിയും കുറിക്കുന്നു. ഇത്തരം ഗുണങ്ങൾ സഹജമായുള്ളവർ തങ്ങളുടെ നിരന്തര പ്രയത്നത്തിലൂടെ നേടിയെടുക്കുന്നവയാണ് ഇന്ദ്രീയ നിഗ്രഹം, സത്യം, ആർജ്ജവം, മൃദുലത എന്നിവ.

നമ്മുടെ കപടനിർമ്മിതികളെ വളരെപ്പെട്ടെന്നു തകർക്കേണ്ടതുണ്ട്. ഗുണോന്മുഖമായ ഒരു ഇടപെടലിലൂടെ ആത്മസത്തയെ അന്വേഷിക്കേണ്ടതുണ്ട്. തിരുവെഴുത്തിലെ പ്രസാദത്മക സ്റ്റാറ്റസുകൾ മാതൃകയാകുമ്പോഴാണ് സഖേ, നമ്മുടെ Life Book-ൽ(ജീവന്റെ പുസ്തകം എന്ന് പരിഭാഷ) ദൈവം ഒരു like നല്കുക.

കുറെ കൊല്ലങ്ങളായി സ്റ്റാറ്റസ്-കൊ മെയിന്റയിൻ ചെയ്ത് ചെയ്ത് ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ നമ്മുടെ സ്റ്റാറ്റസ് വല്ലാതെ ജീർണ്ണിക്കുന്നതും ദുർഗന്ധം പരത്തുന്നതും എല്ലാ കക്ഷികളും ഓർത്താൽ നന്ന്! ■


## CATHOLICATE & M.D SCHOOLS

(CORPORATE MANAGEMENT)
**DEVALOKAM, KOTTAYAM-04**

Ph: 0481-2571485, E-mail: ww.cmdschools@gmail.com
Web:cmdschools.org

**WANTED**

Applications are invited from qualified candidates for appointment as Teachers in various Schools under the Corporate Management of Catholicate & M.D Schools, Devalokam, Kottayam.

**Subject**

1. English
2. Malayalam
3. L.G Hindi
4. L.G Arabic
5. Physical Education

Application form can be had from the Management Office & web site (cmdschools.org). Application may submit with self attested copies of certificates and DD for Rs. 100/- in favour of Corporate Manager, Catholicate & M.D Schools, Devalokam, Kottayam. The last date for submission of application will be 27-07-2015.

Sd/-
MANAGER.



50th Year of Blessed Memory
26-July-2015



**Rev. Fr. T. S. Thomas**
**Thengumthottathil**
**Unnakkavu P.O.**
**Ranni**

With Prayers,

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ




# ദൈവീകരണം സാധ്യതകളും പരിമിതികളും

ഫാ. ഡോ. ഒ. തോമസ്
പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം

### g) പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയ്ക്ക് ദൈവീകരണ പ്രക്രിയയിൽ സമുന്നതമായ സ്ഥാനമുണ്ട്

ദൈവീകരണത്തിനുള്ള വളർച്ചയിൽ തടസ്സം നിൽക്കുന്നത് പിശാചാണ്. പിശാചിന്റെ പ്രലോഭനം വ്യക്തിപരവും സാമൂഹ്യവുമായ തലങ്ങളിൽ ശക്തമായി നേരിടേണ്ടിയും വരും. കർത്താവു തന്നെയും ദൈവ രാജ്യപ്രഘോഷ ണത്തിനായി ഒരുങ്ങി പുറപ്പെടാൻ തുടങ്ങുമ്പോഴാണല്ലോ പിശാചിന്റെ അതിശക്തമായ പ്രലോഭനമുണ്ടായത്. മനുഷ്യന്റെ ബുദ്ധികൊണ്ടും, തന്ത്രങ്ങൾകൊണ്ടും പൈശാചിക പ്രലോഭനങ്ങളെ അതിജീവിക്കാനാവുകയില്ല. പുറമെയുള്ള ശത്രുവിന്റെ ഭീഷണിയെനേരിടു വാൻ ആന്തരീകമായ ശക്തി ആവശ്യമാണ്. ദൈവീകരണ പ്രക്രിയയിൽ പ്രാർത്ഥന, നോമ്പ്, ഉപവാസം തുടങ്ങിയവ ശീലിക്കുന്നത് ഉദ്ദിഷ്ടകാര്യ സാദ്ധ്യ ങ്ങൾക്കായിട്ടു മാത്രമല്ല. ബലഹീനനായ മനുഷ്യന് ഭൗതിക ജീവിതത്തിലെ ആവശ്യങ്ങൾക്ക് ഇവയെ ഒക്കെ ആശ്രയിക്കു ന്നതിൽ തെറ്റു പറയാനാവില്ല. ഒരു പരിധിവരെ ആവശ്യവുമാണ്. എന്നാൽ ആത്യന്തിക മായി പ്രാർത്ഥന, നോമ്പ്, ഉപവാസം ഇവ ലക്ഷ്യമിടുന്നത് വിശ്വാസിയുടെ ഇച്ഛയുടെയും പ്രവർത്തിയുടെയും രംഗങ്ങളിൽ പിശാചിന്റെ ഇടപെടലുകളെ തോല്പിക്കാനുള്ള ശക്തി പ്രാപിക്കുന്നതിനാണ്. പൈശാചിക പ്രലോഭനങ്ങളിൽ നിന്നുള്ള വിടുതലിലാണ് ദൈവീകരണ പ്രക്രിയ യഥാർത്ഥത്തിൽ രൂപം കൊള്ളുന്നത്. ഈ പ്രക്രിയയിൽ ആദ്യമാദ്യം അനേകം പരാജയങ്ങളുമുണ്ടാവും. അവയെ നീതീകരിക്കാതെ അനുതാപത്തോടെ ദൈവ സന്നിധിയിൽ നിൽക്കുവാൻ വിശ്വാസിക്കു സാധിക്കണം. നോമ്പും ഉപവാസവും അനു താപത്തിന്റെ തലങ്ങളിലേക്ക് ഉയരുന്നത് ഈ പശ്ചാത്തലത്തിലാണ്. ഭോഗത്വരയുള്ള ഈ കാലഘട്ടത്തിൽ ശാരീരികാരോഗ്യം നിലനിർത്താനുള്ള ഉപാധിയായിട്ടു മാത്രമല്ലാ, നോമ്പിനേയും ഉപവാസത്തേയും കാണേണ്ടത്. തിന്മയുടെ പ്രലോഭനങ്ങളെ ജയിക്കുവാനും, പരാജയപ്പെടുമ്പോൾ, പശ്ചാത്തപിക്കാനും ഇവയൊക്കെ ഫലപ്രദമായി ശീലിക്കുവാൻ വിശ്വാസികൾക്കു സാധിക്കേണ്ടിയിരിക്കുന്നു.

### h) ക്രൂശു വഹിക്കുന്നത് അവകാശമായി മാറുന്നു

വേറെ വഴിയില്ലാത്തതുകൊണ്ടാണ് ഇന്ന് അനേകരുംകുരിശു വഹിക്കുന്നത്. അതും ജീവിതത്തിൽ ഒഴിച്ചു കൂടാനാവത്ത തിനാൽ വേദനയോടെ വഹിക്കുകയാണ്. മറ്റുള്ള വർക്കുവേണ്ടി ക്രൂശു വഹിക്കുക എന്നത് ചിന്തിക്കാനേ സാധിക്കുന്നില്ല. പിന്നെ ജീവിതത്തിൽ എന്തെങ്കിലുമൊക്കെ ആയി ത്തീരാൻ വേണ്ടി നിശബ്ദമായി സഹിക്കുന്നു എന്നു മാത്രം. കുരിശു വഹിക്കുന്നത് ക്രിസ്തീയമായ അവകാശവും സന്തോഷവു മാണെന്ന് അവസ്ഥയിൽ എത്തിച്ചേരണ മെങ്കിൽ ദൈവീകരണത്തിലേക്ക് വിശ്വാസി കൾ വളരേണ്ടിയിരിക്കുന്നു. ആദ്ധ്യാത്മിക വളർച്ചയുടെ ആത്യന്തിക ലക്ഷ്യമായി ദൈവീകരണം സ്വീകരിക്കപ്പെട്ടാൽ സ്വാഭാവി കവും പ്രകടനരഹിതവുമായ നന്മയിലുള്ള വളർച്ച വിശ്വാസികൾക്കും കരഗതമാകും. ഓരോ വിശ്വാസിയുടെയും ജീവിതം, അധികം പ്രസംഗങ്ങൾ കൂടാതെ തന്നെ സാക്ഷ്യമുള്ള തായിത്തീരും.

### ദൈവീകരണത്തിന്റെ പരിമിതികൾ

വളരെ അർത്ഥവത്തായതാണെങ്കിലും സാധാരണവിശ്വാസികളുടെ ആത്മീയ ജീവിതത്തിൽ പോലും ഈ ആശയം ഗൗരവ മായി സംവേദനം ചെയ്തിട്ടു തോന്നുന്നില്ല. ഒരു പക്ഷേ, ദൈവശാസ്ത്രം പഠിക്കുന്ന കാലത്ത് 'THEOSIS' ദൈവീകരണം എന്ന് ഉരുവിടുമെ ങ്കിലും പൗരോഹിത്യ സ്ഥാനികളും ഇടവക യിലെ ശുശ്രൂഷയിൽ ആകുമ്പോൾ ഈ ലക്ഷ്യം മറക്കുന്നതായിട്ടാണ് കാണുന്നത്. കൂദാശക ളെല്ലാം തന്നെ 'ഉദ്ദിഷ്ടകാര്യ സാദ്ധ്യങ്ങൾ ക്കായി' തരംതാണിരിക്കുന്നു. പ്രകടന തല്പരത ഒട്ടും തീണ്ടാനാവാത്ത ദൈവീകരണ പ്രക്രിയയിലേക്കു നയിക്കേണ്ട കൂദാശകൾ പോലും പ്രകടനപരമായിരിക്കുന്നു.

പാശ്ചാത്യരുടെ സുവിശേഷ മാതൃകകൾ അതേപടി സ്വീകരിക്കേണ്ട ആവശ്യമില്ലെങ്കിലും. സഭയെ ദൈവം ഏൽപ്പിച്ചിരിക്കുന്ന ദൗത്യമാണ് സുവിശേഷം. ക്രിസ്തുവിനെ അറിയാത്തവ രോട് പ്രസംഗിക്കുക എന്നത് സുവിശേഷ മാനങ്ങളിലെ ഒരു ചെറിയ ഘടകം മാത്രമാണ്.



അമേരിക്കൻ ഭദ്രാസന സന്ദർശനത്തിന് എത്തിയ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വീതീയൻ കാതോലിക്കാ ബാവായ്ക്ക് ന്യൂയോർക്ക് എയർപോർട്ടിൽ നൽകിയ സ്വീകരണം. ഡോ. സഖറിയാസ് മാർ അപ്രേം, സഖറിയാ മാർ നിക്കോളാവോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ സമീപം.

പ്രസംഗം ആവശ്യ മുള്ളിടത്തു മാത്രം നൽകിയാൽ മതി. സുവിശേഷത്തിന് ഒട്ടനവധി മാനങ്ങളുണ്ട്. എന്നാൽ ഈ ദൗത്യം ഏറ്റെടുക്കുവാൻ ദൈവീകരണം എത്രപേർക്കു പ്രചോദനം നൽകിയിട്ടുണ്ട്? എന്ന ചോദ്യം പ്രസക്തമായിരിക്കുന്നു. 'ദൈവീകരണം' ആത്യന്തികലക്ഷ്യമായി സ്വീകരിച്ചിരിക്കുന്ന ഭാരതത്തിലെ ഓർത്തഡോക്സ് സഭ എന്തുകൊണ്ട് ഈ കാര്യത്തിൽ വളരെ പിന്നിലായിരിക്കുന്നു എന്നതും ചിന്തനീയംതന്നെ. തത്ത്വത്തിലെ ങ്കിലും ദൈവീകരണം ലക്ഷ്യമാക്കിയിരിക്കുന്ന സമൂഹങ്ങൾ നിരന്തരം തെരുവിൽ തമ്മിലടിച്ച് ജീവിതസാക്ഷ്യം നഷ്ടപ്പെടുത്തുമ്പോൾ ഈ ദൈവീകരണമെന്നു പറയുന്നത് ഉട്ടോപ്യൻ സങ്കല്പമാണെന്ന് മറ്റുള്ളവർ ചിന്തിച്ചാൽ തെറ്റു പറയാനാവില്ല.

ശരിക്കും പറഞ്ഞാൽ ദൈവീകരണം ലോകത്തെ രൂപാന്തരപ്പെടുന്നതിൽ സഭയേയും, വിശ്വാസികളേയും സജീവമായി നിലനിർത്തുവാൻസഹായിക്കുന്നതാണ്. എന്നാൽ ഓർത്തഡോക്സ് സഭകൾ, പലപ്പോഴും ഉൾവലിഞ്ഞു നിൽക്കുന്നതായിട്ടാണ് കാണുന്നത്. ആഗോളവൽക്കരണം സൃഷ്ടിച്ച ആഴമേറിയ സാമ്പത്തിക വിടവ്, മാധ്യമങ്ങൾ പരത്തുന്ന അധാർമ്മിക മൂല്യങ്ങൾ, ഘടനാപരമായ അനീതികൾ, ആദിവാസികളും ദളിത് സമൂഹവും അനുഭവിക്കുന്ന ചൂഷണങ്ങൾ, പ്രകൃതിയുടെ മലിനീകരണം, ജാതിഭേദങ്ങൾ സൃഷ്ടിക്കുന്ന വേർതിരിവുകൾ, വർഗ്ഗീയ സംഘർഷങ്ങൾ ഇങ്ങനെ ഒട്ടനവധി വിഷയങ്ങളിൽ ക്രിയാത്മകമായ എന്തെങ്കിലും ചെയ്യുവാൻ ഭാരതത്തിലെ ഓർത്തഡോക്സ് സഭയ്ക്കു സാധിക്കുന്നുവോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. വളരെ ചെറിയ ഒരു സമൂഹത്തിന്റെ പരിമിതികളെ മറന്നുകൊണ്ടല്ലാ ഇത് ചൂണ്ടിക്കാട്ടുന്നത്. ഈ ചെറിയവരിൽ ഒരുവന് ഒരു പാനപാത്രം വെള്ളം കൊടുക്കുക എന്ന നിലയിലെങ്കിലും, ആത്മാർത്ഥമായ ഒരു പങ്കുചേരൽ സാമൂഹ്യ വിഷയങ്ങളിൽ കാര്യമായി ഉണ്ടായതായി കാണുന്നില്ല. ആഡംബരത്തിനും ധൂർത്തിനുമായി വിശ്വാസികളും, ഇടവകകളും ചെലവഴിക്കുന്ന പണത്തിന്റെ ചെറിയ ശതമാനമെങ്കിലും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി ഇന്നു നീക്കി വെക്കാൻ സാധിക്കുന്നുവോ? മറ്റുള്ളവരെ അനു കരിച്ചും, മാധ്യങ്ങളിൽ ചില വാർത്തകൾ വരുവാനുമായി ചെയ്യുന്ന ചില്ലറ കാര്യങ്ങളുമല്ലാതെ ദൈവീകരണം ലക്ഷ്യമാക്കിയിരിക്കുന്ന ഒരു സഭാസമൂഹത്തിന്റെ ലക്ഷണങ്ങൾ നമ്മിൽനിന്നു പുറപ്പെടുന്നുണ്ടോ?

ഈയിടെ ഒരു രാഷ്ട്രീയ പാർട്ടിനയങ്ങളെ പുനരവലോകനം ചെയ്തപ്പോൾ ഉണ്ടായ ഒരു പ്രധാന തർക്കം ഇതായിരുന്നു. അടവുനയംതെറ്റിപ്പോയി എന്ന് ഒരു കൂട്ടരും, നയം നടപ്പാക്കൽ ആണ് തെറ്റിയത് എന്ന് മറ്റൊരുകൂട്ടരും വാദിച്ചു. സഭയ്ക്കും ഒരു പുനർവിചിന്തനംആവശ്യമായിരിക്കുന്നു. 'ദൈവീകരണം' എന്ന തത്ത്വത്തിനാണോ പരിമിതിയുള്ളത്. അതോ അതു നടപ്പാക്കുന്നതിൽ വന്ന രീതികൾക്കാണോ കുറ്റം സംഭവിച്ചത് ഏതായാലും ഈ നിലയിൽ പോയാൽ 'ദൈവീകരണം' എന്നത് ഒരു ഉട്ട്യോപ്യൻ ആയി പരിണമിക്കാനാണ് സാദ്ധ്യത. ■


**Care-taker cum office assistant**

Applications are invited for the above position in Immanuel Orthodox Valiyapally Nariyapuram near Pathanamthitta, belonging to Thumpamon Diocese. Candidates below 45 yrs of age,with relevant experience will be considered.knowledge of computer will be an added advantage. Interested candidates may contact immediately to the vicar-

**9447249010, 9847817906.**

**ശുശ്രൂഷകനെ ആവശ്യമുണ്ട്**

എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിലേയ്ക്ക് ശുശ്രൂഷകനെ ആവശ്യമുണ്ട്. മുൻപരിചയവും, ഇടവക വികാരിയുടെ ശുപാർശ കത്തും ചേർത്ത് അപേക്ഷിക്കുക.

**വികാരി,**
**സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ**
**പാർക്ക് അവന്യു**
**എറണാകുളം–682011**

മട്ടാഞ്ചേരി
**കൂനൻകുരിശു തീർത്ഥാടന കേന്ദ്രം**

മലങ്കര സഭയുടെ അഭിമാനമായി വളർന്നുവന്നുകൊണ്ടിരിക്കുന്ന മട്ടാഞ്ചേരി കൂനൻകുരിശു തീർത്ഥാടനകേന്ദ്രത്തിൽ, പ്രാർത്ഥന, ആരാധന ഇവ മുടങ്ങാതെ നടത്തുക, പള്ളിയും പള്ളിക്കെട്ടിടങ്ങളും പരിസരവും വൃത്തിയായി സൂക്ഷിക്കുക, തുടങ്ങിയ ജോലികൾ കൃത്യമായി ചെയ്യുന്നതിന് **പള്ളിമൂപ്പൻ, ശുശ്രൂഷകൻ** എന്നിവരെ ആവശ്യമുണ്ട്.

താമസസൗകര്യം, ന്യായമായ ശമ്പളം,
മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാണ്.

വിശദവിവരവും 2 ഫോട്ടോയും ഇടവക വികാരിയുടെ ശുപാർശ കത്തുസഹിതം കാതോലിക്കേറ്റ് ഓഫീസുമായോ മലങ്കര സഭാ ഓഫീസുമായോ നേരിട്ട് ബന്ധപ്പെടുക.

അതിഥി

Guest

ആത്മവിശ്വാസവും നിശ്ചയ ദാർഢ്യവും കഠിനാദ്ധ്വാനവും എത്ര വലിയ സ്വപ്നത്തേയും സാക്ഷാത്കരിക്കുമെന്ന് സ്വന്തം ജീവിതത്തിൽ തെളിയിച്ച 25 വയസ്സുള്ള മെറിൻ ജോസഫ് IPS കാഴ്ചപ്പാട് വ്യക്തമാക്കുന്നു.



# നിശ്ചയദാർഢ്യത്തോടെ മെറിൻ ജോസഫ് ഐ.പി.എസ്.

**എന്തുകൊണ്ട് ഐ.പി.എസ്.**

സിവിൽ സർവ്വീസ് എന്റെ സ്വപ്നമായിരുന്നു. പരീക്ഷാഫലം വന്നപ്പോൾ രണ്ടാമത്തെ ഓപ്ഷനായ IPS ലഭിച്ചു. പിന്തിരിയാൻ തോന്നിയില്ല. സന്തോഷത്തോടെ IPS ലേക്ക് പ്രവേശിച്ചു.

എന്റെ അമ്മയാണ് ധൈര്യവും ആത്മവിശ്വാസവും പകർന്നത്. കിരൺ ബേദിയുടെ കാര്യങ്ങൾ എപ്പോഴും പറഞ്ഞുതരുമായിരുന്നു. എപ്പോഴും എന്നെ പ്രോത്സാഹിപ്പിച്ചിരുന്നതും മുന്നോട്ട് കുതിക്കുവാൻ ഊർജ്ജം പകർന്നതും പിതാവാണ്. സിവിൽ സർവ്വീസ് പാസായപ്പോൾ അമ്മയ്ക്കായിരുന്നു എന്നെക്കാൾ സന്തോഷം.

**വനിതാ ഐ.പി.എസ്. ഓഫീസർ എന്ന നിലയിൽ...**

ഒരു സ്ത്രീ എന്ന നിലയിൽ സമൂഹം കൂടുതൽ ശ്രദ്ധിക്കുകയും പ്രവർത്തനത്തെ വീക്ഷിക്കുകയും അതേ സമയം ഒരു പുരുഷനേക്കാൾ കൂടുതൽ പ്രതീക്ഷിക്കുകയും ചെയ്യുന്നു എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. സ്ത്രീകളോടും കുട്ടികളോടും അടുത്ത് ഇടപെടുവാൻ സാധിക്കുന്നതും, പാർശ്വവൽക്കപ്പെട്ടിരിക്കുന്നവരോടും അടിച്ചമർത്തപ്പെട്ടവരോടും കൂടുതൽ കരുണയോടെ ഇടപെടുവാൻ സാധിക്കുന്നതും ഒരു സ്ത്രീ ആയതുകൊണ്ടാണെന്ന് ഉറച്ചു വിശ്വസിക്കുന്നു.

**സോഷ്യൽ മീഡിയായിലെ പരാമർശങ്ങൾ**

ഹൈദ്രബാദിൽ ട്രെയിനിംഗിൽ ആയിരുന്നപ്പോൾ കൊച്ചി അസി. കമ്മീഷണറായി എന്നെ നിയമിച്ചു എന്ന ഫേസ്ബുക്ക് വരികൾ-അത് 'വൈറലായി' പടരുകയും ചെയ്തു. യാതൊരു ഔദ്യോഗിക അറിവോടെയുമല്ല ഇത് സംഭവിച്ചത്. ഇത്തരം കാര്യങ്ങൾ തെറ്റിധാരണ പരത്തുന്നതും, നിരുത്തരവാദപരവുമാണ്. എന്നാൽ ഫേസ്ബുക്ക് വഴി എന്റെ മുഖം ഏവർക്കും പരിചിതമായി എന്ന ഒരു പോസിറ്റീവ് വശം അതിൽ ഉണ്ട്. പബ്ലിസിറ്റി ആവശ്യത്തിലധികം കിട്ടി. അതുകൊണ്ട് തന്നെ പൊതു ചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ എന്റെ സന്ദേശം കേൾക്കാൻ ആളുകൾ എത്തുന്നു. യുവതലമുറ പ്രത്യേകിച്ചും ശ്രദ്ധിക്കുന്നു എന്നതിൽ സന്തോഷം ഉണ്ട്. അവർക്ക് നല്ല സന്ദേശം കൊടുക്കാൻ സാധിക്കുന്നത് ആഹ്ലാദം നൽകുന്നുണ്ട്. ഒരു തരത്തിൽ പറഞ്ഞാൽ സംഭവിച്ചതിനെ പോസിറ്റീവായി കാണുന്നുവെങ്കിലും അവാസ്തവമായ കാര്യങ്ങൾ സോഷ്യൽ മീഡിയായിൽ കൂടി പ്രചരിപ്പിക്കുന്നത് ഒഴിവാക്കണം.

സോഷ്യൽ മീഡിയായിൽ എന്റെ കാര്യം വന്നതിൽ പിന്നെ ഫോൺ കോളുകളുടെ ബഹളം ആയിരുന്നു. രണ്ട് ദിവസം കൊണ്ട് 300-ൽ നിന്ന് 35000 ഫോളോവേഴ്സ് എന്റെ ഫേസ്ബുക്ക് അക്കൗണ്ടിൽ ഉണ്ടായി. ഫേസ്ബുക്ക് ഡിആക്ടിവേറ്റ് ചെയ്യുകയും ഫോൺ സ്വിച്ചോഫ് ചെയ്യുകയും ചെയ്തു. ആ സമയത്ത് എന്തുകൊണ്ട് ഇങ്ങനെ മനുഷ്യർ പ്രവർത്തിക്കുന്നു എന്ന് ആശ്ചര്യപ്പെട്ടിട്ടുണ്ട്. വല്ലാത്ത ശല്യമായി അന്ന് തോന്നിയിട്ടുണ്ട്. എന്നാൽ ആ പ്രശ്നത്തെ ഞാൻ ഫലപ്രദമായി തന്നെയാണ് കൈകാര്യം ചെയ്തത്. ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്താൽ തീർച്ചയായും ജനപിന്തുണയും പ്രശസ്തിയും ഉണ്ടാകും. എന്റെ കാര്യത്തിൽ പബ്ലിസിറ്റി

അല്പം നേരത്തേ ലഭിച്ചു എന്ന് മാത്രം.

**പോലീസ് സേനയുടെ പ്രവർത്തനം**

വളരെ ഉത്തരവാദിത്തവും അതോടൊപ്പം അപകടം പിടിച്ച പണിയുമാണ് പോലീസിന്റേത്. പോലീസ് സേനയിൽ അംഗങ്ങളുടെ കുറവുണ്ട്. സമൂഹത്തിന്റെ സർവ്വ മേഖലകളിലും അതീവ ശ്രദ്ധ ചെലുത്തുന്ന സേനയാണ് പോലീസ്. സേനാംഗങ്ങളെ നയിക്കുന്ന ഓഫീസർ എന്ന നിലയിൽ അവരെ പ്രോത്സാഹിപ്പിക്കുകയും ആത്മാർത്ഥതയോടെ ജോലി ചെയ്യുവാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം ഭാരിച്ചതാണ്.

**കേരളത്തിലെ സ്ത്രീ സുരക്ഷാ പദ്ധതികൾ**

കേരളത്തിൽ ഇപ്പോൾ 'നിർഭയ പ്രോജക്റ്റ്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയെപ്പറ്റി പഠിക്കുവാനുള്ള ചുമതലയുണ്ട്. ഇതിന്റെ റിപ്പോർട്ട് ആഭ്യന്തര മന്ത്രിക്ക് നൽകേണ്ടതാണ്. സ്ത്രീ വോളണ്ടിയർമാരെ തിരഞ്ഞെടുത്ത് പഠിപ്പിച്ച് സ്ത്രീകൾക്ക് നേതൃത്വം നൽകുന്ന പദ്ധതിയാണിത്. പോസ്റ്റിംഗ് ലഭിക്കുന്ന സ്ഥലത്ത് ഈ പദ്ധതി ശക്തമായി നടപ്പാക്കുവാൻ ആഗ്രഹിക്കുന്നു. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ ഹെൽപ്പ് ലൈൻ എന്നിവയുടെ പ്രവർത്തനവും ശക്തമാക്കും. ഇതു കൂടാതെ ലഭിക്കുന്ന വേദികളിലെല്ലാം ഈ കാര്യങ്ങളെപ്പറ്റി ബോധവൽക്കരിക്കാൻ ശ്രമിക്കാറുണ്ട്.

**സ്ത്രീ ശാക്തീകരണം**

സ്ത്രീ ശാക്തീകരണം കടലാസ്സിൽ ശക്തമാണെങ്കിലും യാഥാർത്ഥ്യത്തിൽ അങ്ങനെയല്ല. ഇന്ന് ഇത് ഡിബേറ്റ് നടത്താനുള്ള വിഷയമായി മാറി. ഇത് പഠനത്തിന്റെ ഭാഗമാക്കേണ്ട ഒന്നാണ്. സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം വലുതാണ് എന്ന് കുട്ടികളെ ചെറുപ്പം മുതൽ പഠിപ്പിക്കേണ്ടത് ആവശ്യമല്ല; അത്യാവശ്യമാണ്. സ്ത്രീയെ ബഹുമാനിക്കണം എന്ന് ചെറുപ്രായം മുതൽ കുഞ്ഞുങ്ങളെ പഠിപ്പിക്കണം. സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ വൈകാരികമായും സത്യസന്ധമായും പ്രശ്നങ്ങളെ സമീപിക്കാനാവും. സമൂഹത്തിൽ സ്ത്രീകളോടുള്ള കാഴ്ചപ്പാടിലാണ് വ്യത്യാസം വരേണ്ടത്. അത് വരാത്തതുകൊണ്ടാണ് സാക്ഷരത കൂടുമ്പോഴും സത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നത്.

**സിവിൽ സർവീസ് എന്ന ആഗ്രഹം**

ആറാം ക്ലാസ്സ് മുതൽ വ്യക്തമായ തയ്യാറെടുപ്പുണ്ടായിരുന്നു. ചിട്ടയായ പഠനം, പ്രശസ്തരുടെ ജീവിതാനുഭവങ്ങൾ ശ്രദ്ധിക്കുക എന്നിവ പതിവായിരുന്നു. സിവിൽ സർവ്വീസ് പരീക്ഷ മുന്നിൽ കണ്ടാണ് ഇത് ചെയ്തിരുന്നത്. ജീവിതത്തിൽ ആരാവണം എന്നതിനെ സംബന്ധിച്ച് മറ്റൊരു ഓപ്ഷൻ ഇല്ലായിരുന്നു. National Eligibility Test (NET) പാസ്സായി കോളേജ് അധ്യാപികയാവാനുള്ള യോഗ്യത നേടിയിരുന്നു. എങ്കിലും സിവിൽ സർവ്വീസ് എന്ന സ്വപ്നത്തിൽ നിന്നും ഒരിക്കലും പിന്നോട്ട് പോയില്ല, എന്നാൽ സിവിൽ സർവീസ് പരീക്ഷാ പരിശീലന ക്ലാസ്സുകളിലൊന്നും പങ്കെടുത്തിട്ടില്ല.

**ഐ.പി.എസ്. ട്രെയിനിംഗ്**

നിശ്ചയമായും പ്രയാസമുള്ളതാണ് എന്ന് ഊഹിക്കാമല്ലോ. നമ്മുടെ സ്വന്തം കാര്യത്തിന് സമയം കിട്ടില്ല എന്നു വരും. കഠിനമായ പരിശീലനം വഴി നമ്മെ ഏത് കാര്യത്തിലും സജ്ജരാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കുതിരസവാരി, നീന്തൽ, ആയുധ പരിശീലനം മുതലായവ പഠിക്കണം. ഒരിക്കലും ഇത്രയും സജ്ജീകരണങ്ങളോടു കൂടിയ ഒരു പരിശീലനം മറ്റൊരിടത്തും ലഭിക്കും എന്ന് തോന്നുന്നില്ല. അക്കാദമിക്ക് വെളിയിൽ നേടിയ പരിശീലനം രസകരമായിരുന്നു. 'ഭാരത് ദർശൻ' പോലുള്ള പ്രോഗ്രാമുകൾ, സി.ആർ.പി.എഫിന്റെ കൂടെയുള്ള പരിശീലനം, ജമ്മു കാശ്മീരിലെ അതിശൈത്യ സമയത്തുള്ള പരിശീലനം, ആന്ധ്രാപ്രദേശ്, ത്രിപുര, ബീഹാർ എന്നിവിടങ്ങളിൽ മാവോയിസ്റ്റുകളെ നേരിടുവാനുള്ള ഗറില്ല യുദ്ധമുറപോലെയുള്ള പരിശീലനം... പ്രതികൂല സാഹചര്യങ്ങളിൽ ലഭിക്കുന്ന പരിശീലനം നമ്മുടെ വീക്ഷണത്തെ അല്പം കൂടി വിശാലമാക്കും. ഇതൊക്കെ കഠിനമായിരുന്നു എങ്കിലും പരിശീലനകാലം ശരിയായി ആസ്വദിച്ചു. 128 പേരുള്ള ഞങ്ങളുടെ ബാച്ച് 2014 ഒക്ടോബർ 31-ന് പാസ്സൗട്ട് ആയി.

**ആത്മീയ ജീവിതം**

ജോലിത്തിരക്കുള്ളതിനാൽ പലപ്പോഴും കൃത്യസമയത്ത് പ്രാർത്ഥിക്കുവാൻ കഴിയാറില്ല, എങ്കിലും ദിവസവും പ്രാർത്ഥിക്കാറുണ്ട്. ആത്മീയ ജീവിതം ഔദ്യോഗിക ജീവിതത്തെ വളരെയേറെ സഹായിക്കാറുണ്ട്. ഒരുപാട് പ്രതിസന്ധികൾ കടന്നു വരുന്ന, അപകടസാധ്യതയുള്ള തൊഴിൽ മേഖലയാണ് പോലീസിന്റേത്. അവിടെയെല്ലാം പിടിച്ചു നിൽക്കാൻ ആത്മീയ ജീവിതം വളരെയേറെ സഹായിക്കുന്നു. പ്രധാന ദിവസങ്ങളിലെല്ലാം ദേവാലയത്തിൽ കൃത്യമായി പോകാറുണ്ട്.

**സിവിൽ സർവ്വീസ് ആഗ്രഹിക്കുന്നവരോട്...**

ആത്മവിശ്വാസം വേണം. ചിട്ടയായ പഠനം ആവശ്യമാണ്. കഠിനാധ്വാനം ചെയ്യുവാൻ സാധിക്കുന്ന ആർക്കും ഇത് കരസ്ഥമാക്കാവുന്നതാണ്. നല്ല വായന, നിരീക്ഷണ പാടവം, എന്നിവ കൈവരുത്തണം.

**– ഫാ. ദീപു ഫിലിപ്പ്**

*deepu.ellalayil@gmail.com*



**മെറിൻ ജോസഫ് ഐ.പി.എസ്.**

ഇൻഡ്യൻ ഇക്കണോമിക് സർവ്വീസ് (IES) ഉദ്യോഗസ്ഥനായ ജോസഫ് ഏബ്രഹാമിന്റേയും മെറീനാമ്മയുടേയും മകളായി 1990 ഏപ്രിൽ 20-ന് ഡൽഹിയിൽ ജനനം. 2008-ൽ സി.ബി.എസ്.ഇ. ബോർഡ് പരീക്ഷയിൽ ഒന്നാം സ്ഥാനം. ഡൽഹി സെ. സ്റ്റീഫൻസ് കോളേജിൽ നിന്ന് ചരിത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും സ്വർണ്ണമെഡലോടെ കരസ്ഥമാക്കി. 2013-ൽ ആദ്യ തവണ തന്നെ സിവിൽ സർവ്വീസ് പരീക്ഷ പാസ്സായി. ഇപ്പോൾ അസി. സൂപ്രണ്ട് ഓഫ് പോലീസ് (under training).

കോട്ടയം ഭദ്രാസനത്തിലെ പൊങ്ങന്താനം സെ. തോമസ് ഓർത്തഡോക്സ് ഇടവകാംഗമായ വെള്ളിക്കുന്നേൽ ഡോ. ക്രിസ് ഏബ്രഹാമിന്റെ ഭാര്യ.



# Breaking The Word

# വേദമൊഴികൾ

ഫാ. ഫിലിപ്പ് തരകൻ തേവലക്കര

**2015 ജൂലൈ 12**
**പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായർ**
**വി: മർക്കോസ് 3:20 – 30**

യേശുതമ്പുരാന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്ന രണ്ട് വിഭാഗക്കാരെ നമുക്കീ ഭാഗത്ത് കാണുവാൻ കഴിയും. ഭക്ഷണ കാര്യംപോലും വിസ്മരിച്ച് ശുശ്രൂഷയിൽ വ്യാപരിക്കുന്ന യേശുതമ്പുരാനെ അവന്റെ ചാർച്ചക്കാർ യേശുവിന് ബുദ്ധിഭ്രമമുള്ളവനായി വിലയിരുത്തുന്നു. യെരുശലേമിൽ നിന്നുള്ള ശാസ്ത്രിമാർ യേശുവിന്റെ കഴിവുകൾ പിശാചിൽനിന്നുള്ളതാണെന്ന് സമർത്ഥിക്കാൻ ശ്രമിക്കുന്നു. നന്മകൾ തിരിച്ചറിയാൻ സാധിക്കാത്ത സമൂഹത്തിന്റെ പ്രതിനിധികളാണ് ഇരുകൂട്ടരും. 'അവർക്ക് പൂക്കൾ ഇറുത്തുമാറ്റാൻ പറ്റും. വസന്ത കാലത്തെ ഇല്ലായ്മ ചെയ്യാൻ പറ്റില്ല' എന്ന നെരൂദയുടെ വാക്കുകൾ ഇത്തരുണത്തിൽ പ്രസക്തമാണ്. ആത്യന്തികമായ സത്യത്തേയും നന്മയേയും ബുദ്ധികൊണ്ടോ, യുക്തികൊണ്ടോ, സമ്പത്തുകൊണ്ടോ അധികാരംകൊണ്ടോ ഇല്ലായ്മചെയ്യാൻ സാധിക്കുകയില്ല. ഈ സത്യമാണ് മേൽ പ്രസ്താവിച്ച രണ്ട് കൂട്ടരും മറക്കുന്നത്.

### 1. ശുശ്രൂഷാ നിബദ്ധമായ ജീവിതം

'അവൻ വീട്ടിൽവന്നു. അവർക്ക് ഭക്ഷണം കഴിക്കുവാൻപോലും വയ്യാത്തവണ്ണം പുരുഷാരം പിന്നെയും തിങ്ങിക്കൂടി വന്നു. അവന്റെ ചാർച്ചക്കാർ അതുകേട്ട് അവന് ബുദ്ധിഭ്രമം ഉണ്ടെന്ന് പറഞ്ഞു. (വി. മാർക്കോ 3:20, 21)

തന്റെ ശാരീരിക ആവശ്യങ്ങളെ മറന്ന് മറ്റുള്ളവർക്കായി ഉഴിഞ്ഞിവച്ചിരിക്കുന്ന ജീവിതം മറ്റുള്ളവരിൽപ്പോലും അസൂയജനിപ്പിക്കുന്നു. 'പാതകൾ നയിക്കുന്നിടത്തേക്കല്ല പോകേണ്ടത്. ഒരു വഴിയുമില്ലാത്തിടത്തേയ്ക്ക് പോവുക. എന്നിട്ടൊരു പാത വെട്ടിത്തെളിക്കുക' എന്ന എമേഴ്സണിന്റെ വാക്കുകൾ പോലെ ശുശ്രൂഷയുടെ ജീവിതമൊരുക്കുകയായിരുന്ന യേശു. എന്നാൽ ഇന്ന് പലരും ജീവിതത്തിന്റെ ശുശ്രൂഷയാണ് ആഗ്രഹിക്കുന്നത്. ക്രിസ്തു ജീവിതത്തിൽ നിന്നകലുന്നതാണ് പുതിയ കാലത്തിന്റെയും ആത്മീയതയുടേയും പ്രശ്നം. വ്യക്തിപൂജ, പാദസേവ, മുഖ്യാസനങ്ങൾ, അധികാര തർക്കങ്ങൾ ഇവയെല്ലാം ശുശ്രൂഷാമുഖരിതമായ ജീവിതത്തിൽനിന്ന് മനുഷ്യർ അകലുമ്പോഴുണ്ടാകുന്ന കുഴപ്പങ്ങളാണ്. 'ജനങ്ങൾക്കുവേണ്ടിയുള്ള ജീവിതം' അത് വിരചികിക്കുകയായിരുന്നു ക്രിസ്തു. ശുശ്രൂഷയുടെ കടലിരമ്പം ക്രിസ്തുവിലൂടെ ലോകം കേട്ടു. അതിലെ നന്മ തിരിച്ചറിയാൻ കഴിയാതെവരുന്ന ചാർച്ചക്കാർ പരിഹാസത്തിന്റെ മുൾമുനയുമായി ക്രിസ്തുവിന് നേരെ ചാടിവീഴുന്നു. നല്ല വാക്കുകൾ ആത്മാവിന്റെ ഭക്ഷണമാണ്. പരിഹാസ വാക്കുകൾ ദുരാത്മാവിന്റെ ഭക്ഷണമാണ്. പരിഹസിക്കുന്നവർ ദുരാത്മാവിന് വിരുന്നൊരുക്കുന്നവരാണ്. സ്വന്തശരീരത്തിന്റെ വിഭജിച്ചുനൽകലിനേക്കാൾ വലിയൊരു ശുശ്രൂഷയില്ല. തടികേടാകാതെയുള്ള ആത്മീയതയെപ്പറ്റി ചിന്തിക്കുന്ന പുതിയ കാലത്ത് തടിമുറിച്ചുനൽകിയാണ് അമർത്യതയുടെ ഔഷധം ലോകത്തിന് യേശു സമ്മാനിച്ചത്.

നമ്മൾ മൊഴിയുന്ന നല്ല വാക്കുകൾ, മറ്റുള്ളവർക്കായി വിനിയോഗിക്കുന്ന നിമിഷങ്ങൾ, കടമകളുടെ നിറവേറ്റൽ എല്ലാം ശുശ്രൂഷയായി പരിണമിക്കുമ്പോൾ ലോകം നമ്മളെ ചിത്തഭ്രമക്കാർ എന്ന് വിശേഷിപ്പിക്കാം. കാലത്തിൽ ഏതാണ് ചിത്തഭ്രമം എന്ന് തെളിയിക്കപ്പെടും.

### 2. അറിവുകൾ നന്മയ്ക്കായി വിനിയോഗിക്കണം

'യെരുശലേമിൽനിന്ന് വന്ന ശാസ്ത്രമാരും അവന് ബെയ്ത് സബൂൽ ഉണ്ട്, ഭൂതങ്ങളുടെ തലവണക്കൊണ്ട് അവൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്ന് പറഞ്ഞു.' ( വി മാർക്കോസ് 3:22)

ശാസ്ത്രിമാർ അറിവ് സാമ്പാദിച്ചവരാണ്. എന്നാൽ അവർ അറിവിനെ വിനിയോഗിക്കുന്നത് സത്യത്തെ വളച്ചൊടിക്കാനാണ്. യേശുക്രിസ്തുവിലൂടെ ലോകത്തിന് ലഭ്യമാക്കുന്ന നന്മയെ ഉൾക്കൊള്ളാനും അംഗീകരിക്കാനും കഴിയുന്നില്ല. മറ്റുള്ളവരെ അംഗീകരിക്കാനും കഴിയുന്നില്ല. മറ്റുള്ളവരെ അംഗീകരിക്കുവാനും ഉൾക്കൊള്ളാനും കഴിയാത്ത ജീവിതങ്ങൾ സാമൂഹ്യവിപത്താണ്. കഴിവുകളെ ക്രിയാത്മകമായും നന്മയ്ക്കായും വിനിയോഗിച്ചില്ലായെങ്കിൽ അത് ലോകത്തിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയാണ്. പച്ചക്കറിയിലും ഭക്ഷണപദാർത്ഥങ്ങളിലും മാത്രമല്ല വിഷം. ആത്മീയതയിലും വിഷമുണ്ട്. മറ്റുള്ളവരിലെ നന്മ കാണാൻ കഴിയാത്തത് ആത്മീയതയിലെ വിഷമാണ്.

ശാസ്ത്രിമാർ ക്രിസ്തുവെന്ന സത്യത്തെ വളച്ചൊടിക്കുമ്പോൾ അവരുടെ അറിവും വക്രീകരിക്കപ്പെടുന്നു. അറിവിന്റെ പ്രകാശനം നാവിൽക്കൂടിയാണ്. സത്യത്തിൽനിന്ന്



വളരെ ദൂരത്തിലാണ് ശാസ്ത്രിമാരുടെ വാക്കുകൾ നിലകൊള്ളുന്നത്.

കാലത്തെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് കപടശാസ്ത്രിമാർ നടത്തുന്നത്. ധാരണകൾ ഉണ്ടാകുന്നതാണ് അറിവ്. ധാരണാപിശകിലേക്ക് നയിക്കുന്നതല്ല അറിവ്. എന്നാൽ ക്രിസ്തുവിന്റെ വാക്കുകൾ സമൂഹത്തെ നല്ല ധാരണയിലേക്ക് നയിക്കുന്നു. സാത്താന് എങ്ങനെ സാത്താനെ പുറത്താക്കുവാൻ കഴിയും. ഒരു രാജ്യം തന്നിതന്നെ ഛിദ്രിച്ചു എങ്കിൽ ആ രാജ്യത്തിന് നിലനിൽക്കുവാൻ കഴിയില്ല. ഒരു വീട് തന്നിൽ തന്നെ ഛിദ്രിച്ചുവെങ്കിൽ ആ വീടിന് നില നിൽക്കാൻ കഴിയില്ല (വി. മാർക്കോസ് 3:23, 24,25)നന്മ ശൂന്യമാകുന്നിടത്താണ് തിന്മ വാഴുന്നത്. നന്മ നമ്മളിൽ നിറയേണ്ടത് ആവശ്യമാണ്. തിന്മയ്ക്ക് കീഴടങ്ങാത്തൊരു സമൂഹത്തിന്റെ സൃഷ്ടിയാണ് ക്രിസ്തു ആഗ്രഹിക്കുന്നത്.

'ഇരുട്ടടഞ്ഞ ലോകത്തിൽ ഒരാൾക്ക് തന്റെ മനഃപ്രകാശത്തിന്റെ സഹായത്തോടുകൂടി മുന്നോട്ട് പോകുവാൻ സാധിക്കുന്നു. മനസ്സിൽ വെളിച്ചമില്ലാത്ത മറ്റൊരാളാവട്ടെ പകൽ വെളിച്ചത്തിൽപ്പോലും വഴി കാണാതെ നട്ടം തിരിയുന്നു' എന്ന കെ.പി. കേശവമേനോന്റെ വാക്കുകൾപോലെ യഥാർത്ഥ അറിവ് മനസ്സിൽ വെളിച്ചമായാണ് പകരുന്നത്.

### 3. പരിശുദ്ധാത്മാവിനെതിരെയുള്ള പാപം

ദൈവാത്മാവിനെതിരെ ദൂഷണം പറയുന്നത് പരിശുദ്ധാത്മാവിനെതിരെയുള്ള പാപമാണ്. 'മനുഷ്യനോടുള്ള സകല പാപങ്ങളും അവർ ദുഷിച്ച് പറയുന്ന സകല പാപങ്ങളും ക്ഷമിക്കും. പരിശുദ്ധ സകല ദൂഷണങ്ങളും ക്ഷമിക്കും. പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവരോ ഒരുനാളും ക്ഷമ കിട്ടാതെ നിത്യശിക്ഷയ്ക്ക് വിധേയനാകും' (3.28,29)

പരിശുദ്ധാത്മാവിന് വിരോധമായ പാപങ്ങളുടെ പട്ടിക വി.കുമ്പസാര ക്രമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

a. ഏത് പാപം ചെയ്താലും ദൈവം കരുണ ചെയ്തുകൊള്ളുമെന്നുള്ള അനർഹമായ ചിന്ത, b. നിരാശ, c. സത്യനിഷേധം, d. അപരന്റെ ആത്മീയ പുരോഗതിയുള്ള അസൂയ, e. മനഃപൂർവ്വമായ പാപാസക്തി, f. സമ്പൂർണ്ണ അനുതാപത്തിനുള്ള വിമുഖത.

ഈ ആറുഭാവങ്ങളും ക്രിസ്തുവിനെതിരെ ദൂഷണം പറയുന്ന ശാസ്ത്രിമാരിൽനിറയുന്നു. ഇതിൽ ഏതെങ്കിലുമൊക്കെ ഭാവങ്ങൾ അറിഞ്ഞോ അറിയാതെയോ പലപ്പോഴും ഓരോരുവനിലും കടന്നുവരാറുണ്ട്. ഇതിനെ നമ്മളിൽനിന്ന് ഉന്മൂലനം ചെയ്യാൻ ശ്രമിക്കണം. പരിശുദ്ധാത്മാവിനെതിരെയുള്ള പാപത്തെക്കുറിച്ച് തികഞ്ഞ ജാഗ്രത പുലർത്തണം.

നിരാശപ്പെടാത്ത ആരും ഈ ലോകത്തിൽ ഉണ്ടാവില്ല. എന്നാൽ ഒരു ക്രിസ്ത്യാനിക്ക് നിരാശപ്പെടാൻ അർഹതയില്ല. ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷ ദൈവത്തിലർപ്പിച്ച് ജീവിക്കുന്നവനാകണം ക്രിസ്ത്യാനി. ദൈവം തന്ന ജീവിതത്തോട് മനുഷ്യൻ കാണിക്കുന്ന നിരാശ ഉൾപ്പടെയുള്ള വിമുഖത ദൈവത്തിനെതിരെയുള്ള പിറുപിറുക്കലാണ്.

**2015 ജൂലൈ 19**

## പെന്തിക്കോസ്തിക്കുശേഷം എട്ടാം ഞായർ

**വി: യോഹന്നാൻ 6:47 – 59**

യേശുതമ്പുരാൻ അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച സംഭവം യഹൂദന്മാരെ ചൊടിപ്പിച്ചു. പ്രസ്തുത അത്ഭുതത്തെ ഇകഴ്ത്തി കാണുവാൻ അവർ ശ്രമിച്ചു. മരുഭൂമിയിൽ മോശ മന്ന നൽകിയതിനെ അപേക്ഷിച്ച് യേശുതമ്പുരാൻ ചെയ്ത സംഭവം നിസ്സാരമാണെന്ന് അവർ വിലയിരുത്തി. ആയതിന്റെ പശ്ചാത്തലത്തിലുള്ള യേശുവിന്റെ പ്രതികരണമാണ് ധ്യാനഭാഗത്തിന്റെ ഇതിവൃത്തം. വി കുർബ്ബാന അനുഭവത്തിന്റെ നന്മ പ്രകാശിപ്പിക്കപ്പെടുന്ന ഭാഗമാണിത്. 'മാംസം ഭക്ഷിക്കുക, രക്തം പാനം ചെയ്യുക എന്നീ പ്രയോഗങ്ങൾ യഹൂദ പാരമ്പര്യത്തിൽ പ്രതിഷേധാർഹമാണ്. ആയതിനാൽ ആ പ്രയോഗങ്ങൾ വി കുർബ്ബാനയെക്കുറിച്ച് സൂചിപ്പിക്കാനാണ് ഉപയോഗിച്ചിരിക്കുന്നത്.'

### 1. വിശ്വാസം നിത്യജീവനിലേക്കുള്ള പാത

'വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്' (വി. യോഹന്നാൻ 6:47) ഭക്തിയുടെ അടിസ്ഥാനം വിശ്വാസമാണ്. പെയ്തിറങ്ങുന്ന മഴ ഭൂമിയിൽ ഉറവുകൾ പൊട്ടുവാൻ സഹായിക്കുന്നതുപോലെ വിശ്വാസത്തിന്റെ നിറവ് നിത്യജീവനിലേക്കുള്ള പാതകൾ സൃഷ്ടിക്കും. വിശ്വാസത്തിലൂടെ നിത്യജീവനെ കണ്ടെത്തുന്ന ജനത ക്രിസ്തുവിന്റെ സ്വപ്നമായിരുന്നു. മാർട്ടിൻ ലൂഥർ കിംഗ് പറയുന്നു: 'എനിക്കിന്നൊരു സ്വപ്നമുണ്ട്. എല്ലാ താഴ്വരകളും ഉയർത്തപ്പെടുമെന്നും എല്ലാ കുന്നുകളും എല്ലാ പർവ്വതങ്ങളും നിരത്തപ്പെടുമെന്നും എല്ലാ വളവുകളും നിവർത്തപ്പെടുമെന്നും അങ്ങനെ ദൈവത്തിന്റെ മഹത്വം വെളിവാക്കപ്പെടുമെന്നും ഓരോ ജീവാണുവും അതൊന്നിച്ച് തിരിച്ചറിയുമെന്നും എനിക്ക് പ്രത്യാശയുണ്ട്. ഇതാണ് നമ്മുടെ പ്രത്യാശ. ഇതാണ് നമ്മുടെ വിശ്വാസം. ഈ വിശ്വാസംകൊണ്ട് നമ്മൾ നിരാശയുടെ കരിമ്പാറ പർവ്വതത്തിൽനിന്നും പ്രത്യാശയുടെ ഒരു വെള്ളാരങ്കല്ല് കൊത്തിയെടുക്കും.' കറുത്ത വർഗ്ഗക്കാരന്റെ വിമോചനത്തിനായുള്ള വിശ്വാസത്തോയെയുള്ള പോരാട്ടമാണ് മാർട്ടിൻ ലൂഥർ കിംങിനെ അനശ്വരനാക്കിയത്. പിശാചിന്റെ അടിമത്തത്തിൽനിന്നു ക്രിസ്തുവിലേക്കുള്ള സ്വാതന്ത്ര്യത്തിന്റെ പ്രതീക്ഷയിലേക്ക് വളരണമെങ്കിൽ വിശ്വാസത്തിന്റെ ഉറപ്പ് ആവശ്യമാണ്.

പ്രതിസന്ധികളിലും പ്രലോഭനങ്ങളിലും വിശ്വാസം ആടിയുലയാറുണ്ട്. 'ക്രൈസ്തവസഭയുടെ പീഡനങ്ങളുടെ കാലഘട്ടത്തിൽ അനേകർ രക്തസാക്ഷിത്തത്തിലേക്ക് ധീരതയോടെ നടന്ന് കയറിയത് വിശ്വാസത്തിന്റെ കരുത്തിലായിരുന്നു. നിത്യജീവനെക്കുറിച്ചുള്ള അവരുടെ സ്വപ്നമാണ് രക്തസാക്ഷിത്തത്തെ നിസ്സാരമായി കാണാൻ പ്രേരിപ്പിച്ചത്. കാണിപ്പാനിരിക്കുന്ന ദേശത്തേയ്ക്ക് സുരക്ഷിതത്വത്തിന്റെ യാതൊരു മാനദണ്ഡവും കൂടാതെ അബ്രഹാം ഇറങ്ങിത്തിരിച്ചത് വിശ്വാസത്തിന്റെ ബലത്തിലാണ്. സ്കാനിംഗിൽ ഗർഭസ്ഥശിശുവിന് മുച്ചുണ്ടെന്നും ബുദ്ധിവളർച്ചയുണ്ടാകില്ലെന്നറിഞ്ഞിട്ടും ആ ശിശുവിനെ നശിപ്പിച്ച് കളയാതെ പിറക്കാനവസരം നൽകിയ അമ്മ അതിന് മുതിർന്നത് ദൈവത്തിലേക്കുള്ള അടിയുറച്ച വിശ്വാസത്തിലായിരുന്നു.' പ്രഭാതം ഇരുണ്ടതായിരിക്കുമ്പോഴും പാടുന്ന പക്ഷിയേയാണ് വിശ്വാസം എന്ന് പറയുന്നത് എന്ന് ടാഗോർ പറയുന്നു.

വിശ്വാസിയുടെ ജീവിതം പോരാട്ടത്തിന്റേതാണ്. 'എന്റെ മജ്ജ മുഴുവൻ അഴുകി പോയാലും ഞാൻ

പറയും ദൈവം എന്റെ പക്ഷത്താണ്.' (ജോബ് 19:26) എന്ന് നീതിമാനായ ഇയ്യോബ് പറയുന്നത് വിശ്വാസത്തിന്റെ ബലത്തിലാണ്.

വിശ്വാസം ഐഹിക ലോകത്തിൽനിന്ന് നിത്യലോകത്തിലേക്ക് മനുഷ്യനെ നയിക്കുന്നതാണ്. ശരിയായ കൗദാശിക അനുഭവത്തിലേക്ക് ഭക്തനെ വഴി നടത്തുന്നത് വിശ്വാസമാണ്. വിശ്വാസം നഷ്ടപ്പെട്ടവന് വി കൂദാശകൾ ചടങ്ങുകൾ മാത്രമാണ്. വി കുർബ്ബാനയുൾപ്പെടെയുള്ള കൗദാശിക അനുഭവത്തിന്റെ പൂർണ്ണത പ്രാപിക്കുവാൻ ഓരോരുവരും വിശ്വാസത്തിന്റെ നിറവുള്ളവരായി തീരണം.

### 2. വി കുർബ്ബാന സംസർഗ്ഗത്തിലൂടെ വളരേണ്ട ആദ്ധ്യാത്മിക ജീവിതം

വി കുർബ്ബാന അനുഭവത്തിലൂടെ ലഭിക്കുന്ന നിത്യജീവൻ, ക്രിസ്തുവുമായുള്ള ഐക്യം, ഉത്ഥാനത്തിന്റെ അനുഭവം എന്നിവയെപ്പറ്റി ഈ വേദഭാഗത്ത് പ്രതിപാദിക്കുന്നു. കഴിഞ്ഞ കാല ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനും വർത്തമാനകാലത്തിൽ വഴി നടത്തുന്നതിനും യുഗാന്ത്യത്തോളം വളരേണ്ട ആത്മീയത വളർച്ച നൽകുന്നതിനും ജീവന്റെ അപ്പത്തിന്റെ സംസർഗ്ഗത്തിലൂടെ സാദ്ധ്യമാകുന്ന ഈ വേദഭാഗം നമ്മളെ ബലിപീഠത്തിന്റെ സാധ്യതകളിലേക്ക് കൂട്ടിക്കൊണ്ട് പോകുന്നതാണ്.

എൺപത്തിനാലാം സങ്കീർത്തനം വ്യാഖ്യാനിച്ചുകൊണ്ട് വി അപ്രേം ഇപ്രകാരം എഴുതി: ' ഈ സങ്കീർത്തനത്തിലെ പക്ഷി സഭയാണ്. കുരുകിൽ ഒരു വീടും മീവൽപ്പക്ഷികുഞ്ഞുങ്ങൾക്ക് ഒരു കൂടും കണ്ടെത്തിയിരിക്കുന്നു. എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ യഹോവേ നിന്റെ യാഗപീഠങ്ങളെ തന്നെ' (സങ്കീ: 84:3) സഭയുടെ ആശ്വാസസങ്കേതവും പോഷണകേന്ദ്രവും ബലിപീഠമാണ്. പുതിയ നിയമത്തിലെ ബലിപീഠം യേശുവിന്റെ കാൽവറി ബലിയേയും കുരുശിലെ മരണത്തേയും, കല്ലറേയും, ഉയിർപ്പിനെയും, വിശ്വാസികളുടെ മുൻപിൽ സജീവമാക്കുന്നു. ഇസ്രായേൽകാർക്ക് മന്ന എന്നത് ദൈവത്തിന്റെ വചനത്തിൽ വിശ്വസിച്ചു എന്ന് കാണിക്കാനുള്ള പദപ്രയോഗമല്ലായിരുന്നു. അത് വിശപ്പടക്കുന്ന ഭക്ഷണമായിരുന്നു. അനുദിനജീവിതത്തിൽ അതാവശ്യമായിരുന്നു.

വി. കുർബാന ഒരു ആദ്ധ്യാത്മിക ജീവിതത്തിന്റെ നിരന്തരമായ വളർച്ചയുടേ അനിവാര്യതയാണ്. മന്നയുടെ വളർച്ച ഈ ലോകംകൊണ്ട് അവസാനിക്കുന്നതാണ്. എന്നാൽ വി കുർബാനയിലൂടെ ഒരു വിശ്വാസിയിൽ നടക്കുന്ന വളർച്ച നിത്യതയിലേക്ക് വ്യാപരിക്കുന്നതാണ്. ക്രിസ്തുവുമായുള്ള ഒരു ഇഴുകിച്ചേരലിന്റെ ആവശ്യകത ക്രിസ്ത്യാനിയെ വി യോഹന്നാൻ ഓർമ്മിപ്പിക്കുന്നു.


**ST. MARY'S EMBROIDERY**

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO
✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388

**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**


### 3. സ്നേഹം നിറയുന്ന കരുതൽ

'നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല.' ( വി. യോഹ. 6:53)

ഭൂമിയിൽ പിറക്കുന്ന ഓരോ ജീവനോടുമുള്ള കരുതലാണ് ക്രിസ്തുവിന്റെ മനുഷ്യാവതാരം. തന്റെ തിരുശരീരരക്തങ്ങൾ വിഭജിച്ചുനൽകുന്നതിലൂടെ ആ കരുതൽ പൂർണ്ണമായി ഇവിടെ പ്രകാശിപ്പിക്കപ്പെടുന്നു. പൂഴിയിൽ രൂപപ്പെടുത്തിയ മനുഷ്യന് തന്റെ ശ്വാസം പകുത്തുനൽകി ജീവൻ ഏകി. ദൈവത്തിന്റെ കരുതൽ വിസ്മരിച്ചവൻ പിശാചിന്റെ പുറകെ പോയി, നദിയുടെ ഒഴുക്കിന്റെ തുടർച്ചപോലെ ദൈവത്തിന്റെ കരുതലിനും നൈരന്തര്യമുണ്ട്. നൈരന്തര്യത്തിലെ തടസ്സം നദിയുടെ അസ്തിത്വം തകർക്കും. ദൈവത്തിന്റെ ഉൺമ സ്നേഹത്തിന്റെ നൈരന്ത്യര്യത്താൽ സമൃദ്ധമാണ്.

കരുതുന്ന ദൈവം നിന്നിൽനിന്ന് പ്രതീക്ഷിക്കുന്നത് എന്താണ്?

ദൈവത്തിന്റെ കരുതൽ ഏറ്റുവാങ്ങുന്ന മനുഷ്യൻ അത് മറ്റുള്ളവർക്ക് പകുത്ത് നൽകണം. 'എന്റെ നാട്ടുകാരെ സ്നേഹിക്കുന്നതുപോലെ മുഴുവൻ മാനവരാശിയേയും സ്നേഹിക്കുന്നു. എന്തുകൊണ്ടെന്നാൽ ഓരോ മനുഷ്യന്റെ ഹൃദയത്തിലും ദൈവം വസിക്കുന്നു.' എന്ന് ഗാന്ധിജി അഭിപ്രായം ദൈവസ്നേഹത്തിന്റെ കരുതൽ മനുഷ്യരിലൂടെ പങ്ക് വയ്ക്കപ്പെടണമെന്ന ചിന്തയുടെ പ്രസ്ഫുരണമാണ്. ദൈവത്തിന്റെ കരുതലിന്റെ അടിസ്ഥാനം സ്നേഹമാണ്. സ്നേഹം മനുഷ്യരിൽ നിറയണം. വിഭജിക്കപ്പെട്ട തിരുശരീരരക്തങ്ങളിൽനിന്ന് കവിഞ്ഞൊഴുകുന്നത് ദൈവസ്നേഹമാകുന്ന തീർത്ഥമാണ്. സ്നേഹശൂന്യമായതൊന്നിനും ഈ ലോകത്തിന് കരുതൽ നൽകാൻ സാധിക്കില്ല. പിറന്ന് വീണ കുഞ്ഞ് മുതൽ കിടക്കയോട് വറ്റിയ വൃദ്ധന്മാർ വരെ കരുതൽ അന്വേഷിക്കുന്നുണ്ട്. 'നമ്മെപ്പോലെയുള്ള ചെറുജീവികൾക്ക് ഈ പ്രപഞ്ചത്തിന്റെ വിശാലത ഉൾക്കൊള്ളാൻ ഒറ്റ വഴിയേയുള്ളൂ, സ്നേഹം എന്ന കാൾസാഗന്റെ വാക്കുകൾ ഓർക്കുക.'

അപ്പത്തോളം അനുഭവമെത്തുമ്പോൾ അപ്പംപോലെ വിഭജിക്കപ്പെടേണ്ടവരെല്ലേ വിശ്വാസികൾ.

**2015 ജൂലൈ 26**

## പെന്തിക്കോസ്തിക്കു ശേഷം ഒമ്പതാം ഞായറാഴ്ച

**വി: ലൂക്കോസ് 14:7 – 11**

യഹൂദാസമൂഹത്തെ ഗ്രസിച്ച വലിയ വിപത്തായിരുന്നു അഹന്ത. വിശ്വാസസമൂഹത്തെ വഴിപിഴപ്പിക്കുന്ന വിഷവിത്താണിത്. യഹുദസമൂഹത്തിൽ മാത്രമല്ല, നാം അധിവസിക്കുന്ന ലോകവും ഈ വിഷത്താൽ ഗ്രസ്തമാണ്. സ്വയത്തെ പുകഴ്ത്തുവാനും ആ പുകഴ്ചയിൽ അഭിരമിക്കാനും താൽപ്പര്യപ്പെടുന്ന ലോകത്തിന് ക്രിസ്തു നൽകുന്ന സന്ദേശം കൂടിയാണ് ധ്യാനവിഷയം. 'കസേര' അധികാരത്തിന്റെ പ്രതീകമാണ്. അപ്പക്കഷണത്തിനുവേണ്ടി നായ്ക്കൾ നടത്തുന്ന കടിപിടി നമ്മുടെ മനസ്സിലെ മായാത്ത പ്രതീകമാണല്ലോ. കസേരയ്ക്കുവേണ്ടിയും കസേര ഉറപ്പിക്കാനും പരക്കംപായുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. പ്രസ്തുത പ്രവണതയിൽ സാമൂഹിക-രാഷ്ട്രീയ മേഖലയിൽ മാത്രമല്ല ആത്മീയരംഗത്തും ക്രമാതീതമായി വർദ്ധിച്ചുവരുന്നു. 'ഞാൻ യോഗ്യനെന്ന്' ഉച്ചത്തിൽ പറഞ്ഞുനടക്കേണ്ടിവരുന്നതിലെ വൈരുദ്ധ്യത ആത്മീയലോകത്തിലെ കല്ലുകടിയാണ്. താഴ്മ അഭിനയിക്കാനുള്ളതല്ല. അത് ഉണ്മയുടെ ഭാഗ

മായി തീരണം. ഭൂമിയോളം കുനിയുന്നവനെ സ്വർഗ്ഗത്തോളം ഉയർത്തപ്പെടുകയുള്ളൂ. അഹന്തയുടെ അടയാഭരണങ്ങൾ അഴിച്ചുവച്ച് താഴ്മയുടെ പുതപ്പ് അണിയുവാനുള്ള ആഹ്വാനത്തിന് ചെവികൊടുക്കാം. നശ്വരമായ ഒരു ലോകമാണ് നമ്മുടെ നാലുഭാഗത്തും ഉള്ളത്. ഏത് നിമിഷത്തിലാണ്, ആരെ കാണുമ്പോഴാണ് നമുക്ക് ജീവിതസത്യം മനസ്സിലാവുന്നത് എന്ന് അറിയുകയില്ല. ഓരോ ദിവസവും ആരെങ്കിലുമൊക്കെ മരിക്കുന്നതായി നാം കാണുന്നുണ്ട്. എന്നാൽ ഒരു ദിവസം നാമും മരിക്കും എന്ന സത്യത്തെ അംഗീകരിക്കാൻ തയ്യാറാകുന്നിടത്താണ് അഹന്തയുടെ ആടയാഭരണങ്ങൾ അഴിഞ്ഞുവീഴുന്നത്.

### 1. ഔചിത്യബോധം ആത്മീയതയിലെ അവിഭാജ്യഭാവം

'ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തിരഞ്ഞെടുക്കുന്നത് കണ്ടിട്ട് അവൻ അവരോട് ഉപമ പറഞ്ഞു' (വി. ലൂക്കോസ് 14:7)

യേശുതമ്പുരാനെ അസ്വസ്ഥമാക്കിയ കാഴ്ചയെപ്പറ്റിയാണ് പ്രസ്തുതവാക്യം പറയുന്നത്. ഒരു കൂട്ടം ജനങ്ങൾ ഔചിത്യബോധമില്ലാത്തവരായി ഇടപെടുകയാണിവിടെ. നിത്യജീവിതത്തിലെ ഒരു നേർക്കാഴ്ചയാണിത്. സത്യത്തിന്റെ നേർകാഴ്ചകളെ അജ്ഞതയുടെ തിമിരം കൂടുമ്പോഴാണ് ഔചിത്യബോധം നഷ്ടമാകുന്നത്. സന്ദർഭം, സംസ്കാരം, പരിസരം, മാന്യത, നന്മ, കരുതൽ, വിവേകം ഇവയെല്ലാം ഔചിത്യബോധത്തിൽ വിലയിക്കുന്നു.

അനന്യാസും സഫീറയും ഉൾപ്പെട്ട സഭാസമൂഹം പുലർത്തുന്ന മാന്യതയും നന്മയും കരുതലും ഉൾക്കൊള്ളാൻ ആ ദമ്പതികൾക്ക് സാധിക്കുന്നില്ല. ഔചിത്യബോധം നഷ്ടപ്പെട്ട അവർ തങ്ങൾക്കായി ചിലത് കരുതുമ്പോൾ അവർ ദൈവകോപത്തിന് പാത്രീഭവിക്കുന്നു. ദേവാലയമെന്താണെന്നുള്ള ബോധം നഷ്ടപ്പെട്ടവർക്കെതിരെ ക്രിസ്തു ചാട്ടവാർ എടുക്കുന്നു. സഹോദര ഭാര്യ ആരാണെന്നുള്ള ഔചിത്യബോധം നഷ്ടപ്പെട്ട ഹെറോദാവിന് നേരെ യോഹന്നാൻ സ്നാപകൻ ശബ്ദിക്കുന്നു.

അതിഥികളായി വന്ന മൂന്ന ദൈവപുരുഷന്മാരെ സത്കരിക്കുന്ന അബ്രഹാമിന്റെ മാന്യത അദ്ദേഹത്തിന് തന്നെ അനുഗ്രഹത്തിന് മുഖാന്തരമായി മാറുന്നു. ഔചിത്യബോധത്തിലേക്ക് നടന്നുകയറുവാൻ ആത്മവിശ്വാസം അനിവാര്യമാണ്. 'ആത്മവിശ്വാസത്തിൽനിന്നും ഉടലെടുക്കുന്ന ഒന്നാണ് വ്യക്തമായ കാഴ്ചപ്പാടുകൾ, നല്ല ഭാവങ്ങളിലൂടെയാണ് ഇത് ജനിക്കുന്നത്' എന്ന ഡോ. ഗുലാബ് കോത്താരിയുടെ വാക്കുകൾ ഇത്തരുണത്തിൽ പ്രസക്തമാണ്.

ബുദ്ധി ഉണരണമെങ്കിൽ വിവേകവും ജാഗ്രതയും അനിവാര്യമാണ്. ഔചിത്യബോധമുള്ളവരായി മാറണമെങ്കിൽ വിവേകവും ജാഗ്രതയും നമ്മളിൽ ജ്വലിക്കണം. ഇടം കയ്യും വലം കയ്യും അറിയാതെ പോകുന്ന നിനുവയിലെ ജനത അനുതാപത്തിലൂടെ പ്രാപിച്ചെടുക്കുന്നത് ഔചിത്യബോധമാണ്.

ഫലം ആഗ്രഹിച്ചെത്തുന്ന ക്രിസ്തുവിന്റെ മുമ്പിൽ നിരാശപ്പെടുത്തുന്ന അത്തി മരങ്ങളായി നാം മാറുകയാണോ. നിന്റെ മുമ്പിൽ പ്രതീക്ഷകളുമായി എത്തുന്നവന്റെ മുമ്പിൽ നിനക്ക് എന്ത് മര്യാദകാട്ടുവാനുണ്ട് എന്ന് ആ അത്തി നമ്മെ ഓർമ്മിപ്പിക്കുന്നു.

സൃഷ്ടികൾ മനുഷ്യനിൽ ഏൽപ്പിക്കുന്നത് സ്വന്തം അടയാളങ്ങളാണ്. ഓരോരുവന്റെ പെരുമാറ്റങ്ങൾ അവനവന്റെ സ്വഭാവത്തിന്റെ അടയാളങ്ങളാണ്. നല്ല അടയാളങ്ങൾ അവശേഷിപ്പിക്കുവാൻ നമുക്ക് സാധിക്കണം.

### 2. ഒടുവിൽ നിന്ന് മുമ്പിലേക്ക് വരേണ്ട ജീവിതം

'നിന്നെ വിളിച്ചാൽ ചെന്ന് ഒടുക്കത്തെ സ്ഥലത്ത് ഇരിക്കുക. നിന്നെ ക്ഷണിച്ചവൻ വരുമ്പോൾ നിന്നോട് സ്നേഹിതാ മുമ്പോട്ട് വന്ന് ഇരിക്കുക എന്ന് പറയുവാൻ ഇടവരട്ടെ' ( വി.ലൂക്കോസ് 14:10)

'മുൻപിൽ നിന്ന് മുമ്പോട്ട് എന്നാണ് പുതിയ ലോകത്തിന്റെ മുദ്രാവാക്യം. എപ്പോഴും മുമ്പിലായിരിക്കുക. അവിടെ ജീവിതം മത്സരമാകുന്നു. പിൻപിൽനിന്ന് മറ്റുള്ളവരോടൊപ്പം മുമ്പിൽ ആകുന്നവന്റെ മനസ്സിൽ മത്സരത്തേക്കാൾ സൗഹൃദത്തിനാണ് പ്രാമുഖ്യം. മറ്റുള്ളവർക്കൊപ്പം ഞാനും മുൻപനാകുക, ഇത് സൗഹാർദ്ദമുള്ള സമൂഹത്തിന്റെ കെട്ടുപണിക്ക് ആവശ്യമായ സമവാക്യമാണ്.'

മുമ്പിൽ ഒഴിഞ്ഞ ഇരിപ്പിടങ്ങൾ കിടക്കുമ്പോൾ പിന്നിലിരിക്കാനുള്ള മനോഭാവം തന്നേക്കാൾ മറ്റുള്ളവരെ ശ്രേഷ്ഠരെന്ന് കരുതാനുള്ള തന്റേടമാണ്. 'ഓരോരുത്തവന് വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അന്യോന്യം ശുശ്രൂഷിപ്പിൻ' (പത്രോസ് 4:10) എന്ന് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ക്രൈസ്തവ ജീവിതം ശുശ്രൂഷയാണ്. ഒടുവിൽനിന്ന് മുമ്പിലേക്കുള്ള യാത്ര ആരോഗ്യകരമായ വളർച്ചയാണ്.

പിന്നോട്ട് മടക്കാവുന്ന കാലുകൊണ്ടാണ് മുമ്പോട്ട് മനുഷ്യന് പോകാൻ കഴിയുന്നതെന്ന് കുഞ്ഞുണ്ണി മാഷിന്റെ ഓർമ്മപ്പെടുത്തൽ എത്ര പ്രസക്തമാണ്. പിന്നോട്ട് പോയിരിക്കുന്നവൻ വരാനിരിക്കുന്നവർക്ക് സ്ഥലമൊരുക്കുന്നവരാണ്. ആർത്തിയോടെ പ്രകൃതിയെ ചൂഷണം ചെയ്യുന്നവർ വരാനിരിക്കുന്ന തലമുറയുടെ സ്ഥലമാണ് അപഹരിക്കുന്നത്. പിന്നിലിരിക്കുന്ന നീ മുമ്പോട്ട് ആതിഥേയനാൽ ക്ഷണിക്കപ്പെടുമ്പോൾ വ്യക്തിത്വത്തിന്റെ മഹത്വം പ്രശോഭിക്കും. മനുഷ്യമനസ്സിന്റെ എളിമ വ്യക്തിത്വത്തിന്റെ തേജസ്കരണത്തിലേക്കുള്ള ചവിട്ടുപടിയാണ്.

മനുഷ്യബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിന്റെ പ്രാധാന്യം ഒടുവിൽനിന്ന് മുന്നിലേക്കുള്ള യാത്രയ്ക്കാണ്. ഇരിക്കുവാൻ ഒടുവിലേക്ക് വരുന്നവന് നിർബന്ധബുദ്ധിയില്ല. പലപ്പോഴും മനുഷ്യബന്ധങ്ങൾ തകരുന്നതിന്റെ കാരണം നിർബന്ധബുദ്ധിയാണ്. എന്റെ ചിന്തയ്ക്കനുസരിച്ച് മറ്റുള്ളവർ പ്രവർത്തിക്കണമെന്നുള്ള നിർബന്ധം ബന്ധങ്ങളുടെ തകർച്ചയ്ക്ക് വഴി തെളിക്കും. സമൂഹത്തിന്റെ ഭിന്നതയ്ക്കല്ല, കെട്ടുപണിയ്ക്കായാണ് മനുഷ്യനെ ദൈവം വിളിച്ചിരിക്കുന്നത്. പലരേയും മുമ്പോട്ട് കൊണ്ടുപോകാൻ നീ ഒരുങ്ങുമ്പോൾ നിന്നെ ദൈവം മുൻനിരയിലേക്ക് വഴിനടത്തും.

വിരുന്നുവീട്ടിലെ ഒഴിഞ്ഞ കസേരകൾ സംസാരിക്കുന്നുണ്ട്. നമ്മുടെ അഹന്തയ്ക്ക് നേരേയുള്ള ചൂണ്ടുവിരലാണത്. കസേരകളുടെ സംസാരം നാം കേൾക്കണം. 'ശുശ്രൂഷ എന്ന വാക്കിനർത്ഥം തന്നെ കേൾക്കാനുള്ള തീവ്രമായ ഇച്ഛ എന്നാണ്' എന്ന് ഡോ. കെ.രാജശേഖരൻനായർ പറയുന്നു. സമൂഹത്തിലെ ഓരോ പ്രതീകങ്ങൾക്കും നമ്മോട് പലതും സംസാരിക്കാനുണ്ട്. മുമ്പിലത്തെ ഒഴിഞ്ഞ കസേരകൾ നമ്മോട് പറയുന്നു നിന്റെ ജീവിതം ഒടുവിൽനിന്ന് മുമ്പോട്ട് ഒഴുകേണ്ട സൗഹൃദയാത്രയാണ്. അത് സ്വയം താഴ്ത്തുന്നവന്റെ പ്രയാണമാണ്.

*2015 ആഗസ്റ്റ് 2*

## പെന്തിക്കോസ്തിക്കു ശേഷം പത്താം ഞായറാഴ്ച

**വി: മത്തായി 18:1–14**

യേശുക്രിസ്തു നൽകുന്ന ഈ പ്രബോധനഭാഗത്ത് പ.

സഭയുടെ ഐക്യം, അച്ചടക്കം അതിലെ വിശ്വാസികൾ തമ്മിൽ പുലർത്തേണ്ട ബന്ധത്തെപ്പറ്റിയും പ്രതിപാദിക്കുന്നു. പ്രത്യേകിച്ച് ആദിമസഭയിൽ യഹൂദമതത്തിൽനിന്ന് വന്നവരും യഹൂദേതരുമുണ്ടായിരുന്നു. ഇവർ തമ്മിലുള്ള യോജിച്ചുള്ള പ്രവർത്തനം ക്രൈസ്തവ സഭയെ സംബന്ധിച്ച് വെല്ലുവിളി ആയിരുന്നു. ഞങ്ങൾ ക്രിസ്തുവിൽ ഒന്നാണ് എന്ന ബോധം അവരിൽ തെളിക്കേണ്ടത് അക്കാലത്തെ അനിവാര്യതയായിരുന്നു. പ്രസ്തുത ബന്ധം സംരക്ഷിക്കണമെങ്കിൽ അതിനുതകുന്ന ഒരു ബിംബം (Image) ആയിട്ടാണ് 'ശിശു'വിനെ അവതരിപ്പിക്കുന്നത്. എല്ലാ വ്യക്തിബന്ധങ്ങളുടേയും വിജയം അതിനിടയിൽ കാത്ത് സൂക്ഷിക്കപ്പെടേണ്ട നിർമ്മലതയും നിഷ്കളങ്കതയുമാണ്. അത് ദൈവാശ്രയ ബോധത്തിൽ ആയിരിക്കണം. ഇവ നഷ്ടപ്പെടുമ്പോൾ വിശ്വാസികൾ തമ്മിലുള്ള ബന്ധം ബന്ധനമായി മാറുന്നു. ഇന്നത്തെ പല ദേവാലയങ്ങളിലും ചേരി തിരിഞ്ഞുള്ള പോരാട്ടം ക്രിസ്തു ഉയർത്തിക്കാട്ടിയ 'ശിശു' എന്ന 'Image' നഷ്ടമായി പോകുന്നതുകൊണ്ടാണ്. യഹൂദസമഹൂത്തിൽ തന്നെ സ്ഥാനവലിപ്പം നിലനിന്നിരുന്നു. അവരുടെ ഉള്ളിലെ മനുഷ്യത്വത്തെ പണയം വച്ചുകൊണ്ടാണ് സ്ഥാനമാനങ്ങൾക്കുവേണ്ടി അവർ നിലനിന്നത്.

**1. ഭൗമിക ജീവിതത്തിലെ എളിമ സ്വർഗ്ഗരാജ്യത്തിലെ വളർച്ച**

'സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയൻ ആർ എന്ന് ചോദിച്ചു. അവൻ ഒരു ശിശുവിനെ വിളിച്ച് അവരുടെ നടുവിൽ നിർത്തി. നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി തീരുന്നില്ല. എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടപ്പാൻ കഴിയില്ല' (വിമത്തായി 18:1,2,3)

വളർച്ചയുടെ ആദ്യപടവ് ശൈശവമാണ്. നിഷ്കളങ്കത്വവും ആശ്രിത ബോധവും വിശുദ്ധിയും നിറഞ്ഞു നിൽക്കുന്ന ഭാവമാണ്. വീണ്ടും ജനനത്തിലൂടെ (പരിശുദ്ധ മാമോദീസ) തിരുസഭയിലേക്ക് ചേർക്കപ്പെടുന്ന ഓരോ വ്യക്തിയും ശിശുവാണ്. പാരമ്പര്യവും പറയുന്നതിനുസരിച്ച് യേശുക്രിസ്തു കാണിച്ച ശിശു അന്തോഖ്യയിലെ വി ഇഗ്നാത്തിയോസ് ആയിരുന്നു. ദൈവം വഹിച്ചവൻ എന്നർത്ഥത്തിൽ തെയോഫോറസ് എന്ന പേരിലും അദ്ദേഹം അറിയപ്പെട്ടതിന്റെ കാരണം യേശു എടുത്തവൻ എന്ന നിലയിലാകാം.

വി മാമോദീസായിലൂടെ ക്രിസ്തുവിലേക്ക് വരുന്ന ഓരോരുത്തനേയും പിതൃവാത്സല്യത്തോടെ യേശു വഹിക്കുന്നു. താഴ്മയുടെ നെല്ലിപ്പടിയാണ് ശൈശവം. ഈ ലോക ജീവിതത്തിൽ ശൈശവത്തേക്കാൾ ആർക്കും താഴുവാൻ കഴിയില്ല. എല്ലാവരുടേയും ഉള്ളിൽ ഒരു കുട്ടിയുണ്ട്. എന്നാൽ മുതിരുംതോറും കുട്ടിത്തവും അതിലെ നിഷ്കളങ്കതയും കൈമോശം വരുകയാണ്. സമ്പത്തിന്റെയും അധികാരത്തിന്റെയും ആഡംബരങ്ങളുടേയും അടിസ്ഥാനത്തിലാണ് ഭൗമലോകത്ത് ഒരുത്തന്റെ വലുപ്പം നിശ്ചയിക്കുന്നത്. എന്നാൽ ആത്മീയ ലോകത്തെ വളർച്ചയുടെ അടിസ്ഥാന ഏകകം വിനയപ്പെടാനുള്ള മനസ്സാണ്.

ആത്മപ്രശംസ അഹങ്കാരത്തിന്റെ പ്രതീകമാണ്. എളിമപ്പെടാത്തവന് സ്വർഗ്ഗരാജ്യത്തിൽ ഇടമില്ല എന്ന പ്രബോധനം ഇവിടെ മുഴങ്ങി നിൽക്കുന്നു.

തന്നെത്താൻ ത്യജിക്കാത്തവന് കുരിശെടുക്കാൻ കഴിയില്ല എന്ന് യേശുതമ്പുരാൻ പറയുന്നത് നാം ശ്രദ്ധിക്കണം. കുരിശില്ലാതെ ഉയിർപ്പുമില്ല. നമ്മുടെ ഉയിർപ്പ് ദൈവരാജ്യത്തോളം വളേരണ്ടതാണ്. ഭൗമജീവിതത്തിലെ എളിമപ്പെടലാണ് കുരിശ്. കുറ്റവാളികൾക്കൊപ്പം ക്രിസ്തു കുറ്റമില്ലാത്തവനായി എളിമപ്പെട്ടു. പാപികൾക്കുവേണ്ടി പാപമില്ലാത്തവനായി ജീവനെ സമർപ്പിച്ച് എളിമപ്പെട്ടു. മരണമില്ലാത്ത താൻ മരണം വരിച്ച് എളിമപ്പെട്ടു. തന്റെ ജീവിതവഴികളിൽ എളിമപ്പെടലിലൂടെ സ്വർഗ്ഗരാജ്യത്തിൽ വലിയവനാകാനുള്ള വഴി ക്രിസ്തു ലോകത്തെ പഠിപ്പിച്ചു.

'ഡംഭം, അഹങ്കാരം, ദുർമാർഗ്ഗം, വക്രതയുള്ള വായ് എന്നിവയെ ഞാൻ പകയ്ക്കുന്നു' (സദൃശവാക്യങ്ങൾ 8: 13) എന്ന് ജ്ഞാനിയായ ശലോം ഓർമ്മിപ്പിക്കുന്നു.

എളിമപ്പെട്ടവരുടെ പ്രാർത്ഥനയും നിലവിളിയും ദൈവം കേൾക്കും. എന്റെ നിലവിളിക്ക് ചെവിതരണേ. ഞാൻ ഏറ്റവും എളിമപ്പെട്ടിരിക്കുന്നു. (സങ്കീർത്തനങ്ങൾ 42:6) എന്ന് സങ്കീർത്തനത്തിലൂടെ ദാവീദ് പാടുന്നു. എളിമയുടെ വസന്തകാലം വി.മറിയാം സൃഷ്ടിച്ചിടത്താണ് ഗബ്രിയേൽ ദൂതൻ ഇറങ്ങിവന്നത്. മക്കളില്ലായ്മയുടെ വറുതിയിൽ നിന്നുള്ള ഹന്നായുടെ നിലവിളി എളിമപ്പെടലിന്റെ തേങ്ങൽ ആയിരുന്നു. അവിടെ നിന്നാണ് ശമുവേലിനെപ്പോലെയൊരു മകനെ അമ്മയ്ക്ക് ലഭിക്കുന്നത്.  എളിമപ്പെടലിലൂടെ ഭൂമിയിലും സ്വർഗ്ഗം സൃഷ്ടിക്കാം. സ്വർഗ്ഗം സൃഷ്ടിക്കുക എന്നത് ഓരോ ഭക്തന്റെയും ധർമ്മമാണ്. അത് മരണാനന്തര ലോകത്ത് മാത്രമല്ല, ഇഹത്തിലും അത് തീർക്കുവാൻ കഴിയും.

അഹങ്കാരത്തിൽ നിമിഷങ്ങൾ തല്ലിക്കൊഴിച്ചെങ്കിൽ ധന്യമാക്കാമായിരുന്ന എത്രയോ നിമിഷങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടായിട്ടുണ്ട്. കഴിഞ്ഞതിനെ ഓർത്ത് വിലപിക്കണ്ട. വരാനിരിക്കുന്ന കാലത്തിൽ നന്മയുടെ സ്വർഗ്ഗം തീർക്കാനുള്ള നിമിഷങ്ങളെ എളിമപ്പെടലിലൂടെ വിനിയോഗിക്കാം.

'നീ മറഞ്ഞാലും തിരയടിക്കും
നീലക്കുയിലെ നിൻ ഗാനമെന്നും' (ചങ്ങമ്പുഴ)

എന്ന ഈരടികൾപോലെ ഭൗമജീവിതത്തിനുശേഷവും എളിമപ്പെടുന്ന ജീവിതത്തിന്റെ സുഗന്ധം ഇവിടെ അവശേഷിക്കും. സ്വർഗ്ഗരാജ്യത്തിൽ അത് നന്മയായി വളരും.

2. ക്രിയാത്കമായ ഇടപെടലുകൾ

വിവേക ശക്തികൊണ്ട് ദൈവം മനുഷ്യനെ അനുഗ്രഹിച്ചിരിക്കുന്നു. അതിനെ ഭംഗിയായി ഉപയോഗിച്ച് ജീവിക്കാൻ മനുഷ്യന് സാധിക്കുന്നുണ്ടോ? 'ഇടർച്ച വരുത്തുന്ന മനുഷ്യന് അയ്യോ കഷ്ടം നിന്റെ കയ്യോ കാലോ നിനക്ക് ഇടർച്ച ആയാൽ അതിനെ വെട്ടി അറഞ്ഞുകളയുക' (വിമത്തായി 18:7,8)

അധിവസിക്കുന്ന ലോകത്ത് ക്രിയാത്മകമായി ഇടപെടുവാനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. അതായത് ദൈവത്തിന്റെ കരങ്ങളായി മാറുവാനുള്ളവനാണ് മനുഷ്യൻ. ഇടർച്ച വരുത്തുന്നത് പൈശാചികധർമ്മമാണ്. ഒരു സമൂഹത്തിന്റെ താളാത്മക തകർക്കുന്ന പ്രവർത്തനങ്ങൾ പിശാചിൽനിന്നാണ് ഉത്ഭവിക്കുന്നത്. ഇടർച്ച വരുത്തുന്നവൻ പിശാചിന്റെ കരങ്ങളായി മാറുന്നു. ക്യാൻസർ ബാധിച്ച കോശങ്ങളെ നിലനിർത്തിക്കൊണ്ട് ജീവിക്കുക അസാധ്യമാണ്. അതിനെ ഉന്മൂലനം ചെയ്യണം. ഇടർച്ചകളെ ഒഴിവാക്കണമെന്ന് ക്രിസ്തു പറയുന്നത് അതുകൊണ്ടാണ്.

അവനവന്റെ പ്രവർത്തികളെ സ്വയം വിലയിരുത്തണം. ഇടർച്ചകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അവ തിരുത്തണം. ഇടർച്ചകൾ ഉൽപ്പാദിപ്പിക്കുന്നവനെ സഭയ്ക്ക് ആവശ്യമില്ല. അവൻ സഭാ ഗാത്രത്തിലെ ക്യാൻസറാണ്. ആദ്യ കുടുംബത്തിന്റെ സ്വസ്ഥതയിലേക്ക് ഇടർച്ചയുടെ വിഷവിത്ത് വിതച്ചത് സാത്താനാണ്. അന്നത്തെ ഇടർച്ചയിലൂടെ നഷ്ടപ്പെട്ട താളം വീണ്ടെടുത്തത് ക്രിസ്തുവിന്റെ രക്ഷണ്യ പ്രവർത്തനത്തിലൂടെയാണ്. ഇടർച്ച വരുത്തുന്നതിൽ ഭേദം മരിക്കു

ന്നതാണെന്ന വചനത്തിലൂടെ ഇടർച്ചകാർക്കെതിരെ ശക്ത മായ ഒരു നിലപാട് ക്രിസ്തു സ്വീകരിക്കുകയാണ്.

ദൈവത്തിൽ നിന്ന് ലഭിച്ച താലന്തുകളെ എത്ര ക്രിയാത്കമായി വിനിയോഗിക്കാം. കഴിവുകളുടെ ദുർവിനിയോഗം അപകടകരമാണ്. ശരിയായ ആത്മീയ ജീവിതത്തിന്റെ അഭ്യസനത്തിലൂടെ ക്രിയാത്മക വ്യക്തിത്വങ്ങളെ വാർത്തെടുക്കാൻ സാധിക്കും. സഭാഗാത്രത്തിൽ മാത്രമല്ല, ജീവിതത്തിന്റെ നാനാതുറകളിലും ഇടർച്ച സൃഷ്ടിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. കലാകാരന്മാർക്കിടയിലെ കള്ള നാണയങ്ങൾ, ധനത്തിനുവേണ്ടി ചികിത്സാമേഖലയുടെ മഹത്വം കൊള്ളയടിക്കുന്ന ഭിഷഗരന്മാർ, കൈക്കൂലിക്കുവേണ്ടി ന്യായം മറിച്ചുകളയുന്നവർ, ആത്മീയതയെ വ്യാപാരമാക്കുന്നവർ, രാഷ്ട്രീയം എന്ന പദത്തിന്റെ വിശുദ്ധിയെ നശിപ്പിക്കുന്ന രാഷ്ട്രീയക്കാർ, ചോദ്യക്കടലാസുകൾ വിൽപ്പന ചരക്കാക്കുന്നവർ, എന്നിങ്ങനെ ഇടർച്ചക്കാരുടെ പട്ടിക നീണ്ടുപോകുന്നുണ്ട്.

ശരിയായ ധാർമ്മികതയുടെ അഭാവമാണ് ഇടർച്ചക്കാരുടെ എണ്ണം വർദ്ധിക്കുന്നതിന്റെ മറ്റൊരു കാരണം. 'ഓരോ കാര്യത്തിന്റെയും പിന്നിലുള്ള കാരണം കണ്ടുപിടിക്കാൻ ഉഷ്ണിച്ച് തുടങ്ങിയ പാടെയാണ് മനുഷ്യൻ തന്റെ പദവിക്ക് അർഹനായി തുടങ്ങിയത്. അതിന്റെ തുടർച്ചയായിട്ടാണ് മനുഷ്യനിൽ ധർമ്മബോധം അങ്കുരിച്ചത്. ഞാൻ ചെയ്യുന്ന കർമ്മത്തിന്റെ ഫലം അന്യനിലേക്ക് നീളുന്നു. അതിന്റെ ആഘാതം എങ്ങനെ ആയിരിക്കുമെന്ന് ആലോചിച്ച് തുടങ്ങുമ്പോഴാണ് ധാർമ്മിക ബോധം ഉറയ്ക്കുന്നത്.......മനുഷ്യജീവിതത്തിന്റെ ഭദ്രതയും സൗന്ദര്യവും ധർമ്മബോധത്തിൽ അധിഷ്ഠിതമാണ്." (എം തോമസ് മാത്യൂ, ലേഖനം ധർമ്മബോധത്തോട് വിട പറയുന്ന പുതുയുഗം)

ഇടർച്ചയുള്ള സമൂഹത്തിൽ പ്രസ്തുത സൗന്ദര്യം കാണുവാൻ കഴിയില്ല. ധാർമ്മിക ബോധത്തിന്റെ ഏറ്റവും ഉയർന്ന തലമാണ് കാണാതെപോയ ഒരാടിനെ തേടിയലഞ്ഞ് കണ്ടുപിടിക്കുന്ന ഇടയൻ. കാണാതെ പോകൽ ഇടർച്ചയാണ്. കണ്ടെത്തൽ ക്രിയാത്മകതയും. ഇടർച്ച തളർച്ചയാണ്. നന്മ വളർച്ചയും. സമൂഹത്തിന്റെ കെട്ടിപണിക്കായി ക്രിയാത്മകമായ ഇടപെടീൽ നടത്താം. നല്ല ഇടയനെപ്പോലെ.......

■

## ഡോക്ട്രേറ്റ്



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും പൊളിറ്റിക്കൽ സയൻസിൽ പി.എച്ച്.ഡി. നേടിയ ജേക്കബ് ജോൺ. കരീപ്ര തോട്ടയ്ക്കാട്ട് യോഹന്നാന്റെയും കുഞ്ഞമ്മയുടെയും മകൻ. പത്തനംതിട്ട കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ പ്രിൻസിപ്പാളാണ്. കരീപ്ര സെ. ജോർജ് ഇടവകാംഗം. കുണ്ടറ പ്ലാവറ മേലേതിൽ പുത്തൻ വീട്ടിൽ സൂസൻ പി. തോമസാണ് ഭാര്യ. മക്കൾ: അരുൺ, അരുണിമ

## ഡോക്ട്രേറ്റ്



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും സുവോളജിയിൽ ഡോക്ട്രേറ്റ് നേടിയ സൂസി മാത്യു. പത്തനംതിട്ട കാതോലിക്കേറ്റ് ഹയർസെക്കണ്ടറി സ്ക്കൂൾ അധ്യാപിക. പത്തനംതിട്ട തെങ്ങുംതറയിൽ ജോൺ വർഗീസിന്റെ ഭാര്യ.

## ഡോക്ട്രേറ്റ്




ആന്ധ്ര സർവ്വകലാശാലയിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ ഡോക്ട്രേറ്റ് നേടിയ ഏബ്രഹാം വർഗീസ് (ശാസ്ത്രജ്ഞൻ, NSTL, DRDO). കാരയ്ക്കൽ സെ. ജോർജ് ഓർത്തഡോക്സ് ഇടവകയിൽ മട്ടയ്ക്കൽ എം.എ. വർഗീസിന്റെയും ഏലിയാമ്മ വർഗീസിന്റെയും മകൻ. ഇപ്പോൾ വിശാഖപട്ടണം സെന്റ് സ്റ്റീഫൻസ് പള്ളിയിൽ.

## സൺഡേസ്ക്കൂൾ വിജയികൾ



സൺഡേസ്ക്കൂൾ സെൻട്രൽ സോൺ സഹപാഠ്യ മത്സരത്തിൽ ജൂണിയർ വിഭാഗം സമൂഹഗാനത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ പുറമറ്റം സെന്റ് മേരീസ് ഊർശ്ലേം സൺഡേസ്ക്കൂൾ വിദ്യാർത്ഥികളായ റോമിയാ അന്നാ ജോസ്, ജൂനിയാ അന്നാ ജോൺ, അൻസു റേച്ചൽ വിജു.


സൺഡേസ്കൂൾ സഹപാഠ്യമത്സരത്തിൽ നോർത്ത് സോൺ സീനിയർ വിഭാഗം സമൂഹഗാന മത്സരത്തിൽ ഒന്നാം സ്ഥാനവിജയികൾ: എമി എബ്രാഹാം, ഏൽന എബ്രാഹാം, മേഘ സാബു. കൊച്ചി ഭദ്രാസനത്തിൽപ്പെട്ട മുളന്തുരുത്തി മാർത്തോമ്മൻ പള്ളി സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾ..

Cover story

# വിശുദ്ധ കന്യകമറിയാം തിരുവചന വരികളിൽ...

ഫാ. റിഞ്ചു പി. കോശി
വടക്കേത്തലയ്ക്കൽ




> **‘പുരുഷനെ അറിയാത്തതിനാൽ ഇത് എങ്ങനെ സംഭവിക്കും എന്ന് ഈ ചെറിയ പെൺകുട്ടിയുടെ പ്രസ്താവന നിസാരമല്ല. ദൈവാലയത്തിൽ വസിച്ചുകൊണ്ട് നേടേണ്ട അറിവ് പ്രായത്തിനൊത്ത് നേടിയവൾ ആണ് അമ്മ.’**

വിശുദ്ധ കന്യകമറിയം അമ്മയിൽ വൈവിധ്യമുള്ള സ്വഭാവ സവിശേഷതകൾ നിറഞ്ഞ് നിന്നിരുന്നു. വി.അമ്മയ്ക്ക് സഭ ഒരിക്കലും ഒരു ദൈവപരിവേഷം നല്കുന്നില്ല. എന്നാൽ പരിശുദ്ധത്രിത്വം കഴിഞ്ഞാൽ പരമോന്നതസ്ഥാനം സഭ നൽകുന്നത് മാതാവിനു തന്നെയാണ്. പരിശുദ്ധ അമ്മയെ മാതൃകയാക്കുവാൻ നമുക്കു കഴിയണം എന്ന ലക്ഷ്യത്തോടെ കന്യക മറിയാം അമ്മയുടെ ചില പ്രത്യേകതകളിലേക്ക്.

**1. ത്യാഗം:** “എനിക്ക് എന്ത് പ്രയോജനം ലഭിക്കും?” എന്ന ചിന്തയില്ലാതെ അന്യർക്കുവേണ്ടി സ്വന്ത ഇഷ്ടങ്ങളെ മാറ്റി വയ്ക്കുകയും കഷ്ടതകൾ സഹിക്കുകയും ചെയ്യുന്നതാണ് ത്യാഗം (വി.ലൂക്കോ 1:38). കന്യക ഗർഭിണി ആയതുമുതൽ ഈ ലോകജീവിതം അവസാനിക്കുന്നതുവരെയും വേദനകളെ ഏറ്റെടുത്തവളാണ് അമ്മ. പ്രതിസന്ധികൾ ഒഴിവാക്കുവാൻ പ്രാർത്ഥനായജ്ഞങ്ങൾ പോലും നടക്കുന്ന ഈ കാലഘട്ടത്തിൽ സ്വന്തജീവിതത്തിൽ മുന്നേറുവാൻ നിശ്ചയമായും അനുഭവിക്കേണ്ടിവരുന്ന ത്യാഗങ്ങൾക്ക് നേരെപോലും മുഖംതിരിക്കുന്ന നമ്മളിൽ നിന്ന് മാതാവ് എത്ര ഉന്നതി നേടിയവൾ ആണ്.

**2. താഴ്മ :** മാതാവിൽ എപ്പോഴും താഴ്മ മാത്രമേ നിഴലിച്ചിരുന്നുള്ളൂ. (വി.ലൂ ക്കോ1:38) ‘ദാസി’ എന്ന പ്രയോഗം വേലക്കാരിയിൽ നിന്ന് വേറിട്ട് നിൽക്കുന്നു. സ്വന്തം വ്യക്തിത്വമില്ലാതാക്കുവാൻ തയ്യാറാകുന്ന ഒരാൾക്ക് മാത്രമേ ദാസിയാകുവാൻ കഴിയൂ. പരി. അമ്മ അതിനാലാണ് ദാസി എന്ന് സ്വയം അഭിസംബോധന ചെയ്തത്.

**3. ശുശ്രൂഷ :** (വി.ലൂക്കോ 1:50) അന്യന്റെ വേദനകളിൽ, പ്രയാസങ്ങളിൽ ഒരു സഹായം ചെയ്തുകൊടുക്കുവാൻ കഴിയണം എന്ന് മാതാവ് പഠിപ്പിച്ചു. ചുക്കിച്ചുളുങ്ങിയ മേനിയെ ശുശ്രൂക്ഷിക്കുവാൻ ആർക്കും സമയമില്ലാത്ത സാഹചര്യത്തിൽ ഒരു ബുദ്ധിമുട്ടും തോന്നാതെ അമ്മ ചാർച്ചക്കാരിയെ മൂന്നുമാസം ശുശ്രൂക്ഷിച്ചു.

**4. കരുതൽ:** (വി.യോഹ2:3) ആവശ്യക്കാരന്റെ മുമ്പിൽ കൊട്ടിഘോഷിച്ചു അല്പം അന്നം നല്കുകയും ‘Like’ കിട്ടുവാനുള്ള ആക്ഷൻ ചിത്രങ്ങളായി അത് തീരുകയും ചെയ്യുമ്പോൾ ആരുമറിയാതെ വീഞ്ഞിന് വഴി ഉണ്ടാക്കി മണവാളനെയും ഭവനക്കാരെയും കരുതുന്ന ഒരു അമ്മയെ കാനാവിലെ ഭവനത്തിൽ നമുക്ക് കാണാം.

**5. ദൈവബോധം:** (വി.ലൂക്കോ 1:46-52) വി. മറിയാമിന് ദൈവാവബോധം ഉണ്ട് എന്ന മറിയാമിന്റെ പാട്ടിലൂടെ വ്യക്തമാക്കുന്നു. ജീവിക്കുന്ന കർത്താവ്, രക്ഷിതാവായ കർത്താവ്, ശക്തനായ കർത്താവ്, തലമുറതലമുറയായും വംശങ്ങൾ വംശങ്ങളായും വിശ്വസ്തനായിരിക്കുന്ന കർത്താവ്, നീതിയുള്ള കർത്താവ്... എന്നിങ്ങനെയുള്ള വർണ്ണനകൾ ഇതിന്റെ ഉദാഹരണങ്ങളാണ്.

**6. ഹൃദയസംഗ്രഹം:** (വി.ലൂക്കോ 2:51) മകനെക്കുറിച്ച് ശ്രദ്ധയോടെ ആരാഞ്ഞറിയുകയും ഹൃദയത്തിൽ സംഗ്രഹിക്കുകയും ചെയ്യുന്നു. മക്കൾക്കുവേണ്ടി ആണെങ്കിലും ജന്മം നല്കിയതിന്റെ മൂന്നാം ദിവസം മക്കളെ ഉപേക്ഷിച്ച് വിമാനം കയറുകയും ഏറിയകാലം കഴിയും മുമ്പേ തെറ്റിപോയ തലമുറയെ ഓർത്തു വിലപിക്കുകയും ചെയ്യുന്നവർക്ക് അമ്മയെ ജീവിതമാതൃകയാക്കാം.

**7. മദ്ധ്യസ്ഥത :** (വി.യോഹ 2:3) കാനാവിലെ കല്ല്യാണ വിരുന്നിൽ വീഞ്ഞ് ഉണ്ടാകേണ്ടതിന്റെ ആവശ്യകത മനസിലാക്കി പരപ്രേരണ കൂടാതെ മകനോട് മദ്ധ്യസ്ഥത അണയ്ക്കുന്നു. അവശ്യ അവസരങ്ങളിൽ ഇന്നും മാതാവ് മദ്ധ്യസ്ഥത അണയ്ക്കുന്നു എന്നത് അനേകവായിൽ നിന്ന് ഉയരുന്ന സാക്ഷ്യമാണ്.

**8. പാലനം :** നിയമങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതല്ല, പാലിക്കുവാനുള്ളതാണെന്ന് മാതാവ് കാണിച്ചു തരുന്നു. സമൂഹ അധികാരികളുടെ കല്പന സമൂഹത്തിൽ ജീവിക്കുമ്പോൾ പാലിച്ചുകൊണ്ട് പേർവഴി ചാർത്തുവാനായി കഷ്ടത സഹിച്ച് പോകുന്നു(വി. ലൂക്കോ 2,4,5). മതനിയമങ്ങളും പാലിക്കപ്പെടേണ്ടവ എന്ന ബോധ്യത്തോടെ ശിശുവിനേയും കൊണ്ട് ദൈവാലയത്തിൽ പോകുന്നു (വി.ലൂക്കോ 2:22,41).

**9. ശ്രദ്ധ :** (വി.യോഹ 2:3) ചുറ്റുപാടുകളെ ശ്രദ്ധിക്കുന്നത് നല്ല വ്യക്തിത്വത്തിന് ഉദാഹരണമാണ്. കല്ല്യാണ വീട്ടിൽ വീഞ്ഞ് തീർന്ന കാര്യം ശ്രദ്ധാപൂർവ്വം മനസിലാക്കുന്ന അമ്മ ടി.വിയിൽ കണ്ണുനട്ടിരിക്കുമ്പോൾ ഭവനത്തിൽ കള്ളൻ കയറിയാൽ പോലും മനസിലാക്കാത്ത നമ്മളിൽ നിന്ന് വ്യത്യസ്തയാണ്.

**10. അച്ചടക്കം** (വി.മാർക്കോ 3:31) ജനത്തിന്റെ പിന്നാലെ മകനുവേണ്ടി കാത്തുനില്ക്കുന്നു എന്നത് അച്ചടക്കത്തിന്റെ ലക്ഷണമാണ്. സ്വന്തം മകനെ കാണാൻ അമ്മയ്ക്ക് ആരുടെയും അനുവാദം വേണ്ട, 'ക്യൂ'വിൽ നിൽക്കേണ്ട ആവശ്യവുമില്ല. എന്നിട്ടും അമ്മ അച്ചടക്കം പാലിക്കുന്നു.

**11. സ്വയാവബോധം:** (വി.ലൂക്കോ 2:48,50) ദൈവാലയത്തിൽ വച്ച് കണ്ട മകനെ വഴക്കു പറഞ്ഞു; പിന്നീട് മകൻ അമ്മയ്ക്ക് കീഴടങ്ങുന്നു. ഭർത്താവിന്റെ നാമം ആദ്യം ഉച്ചരിച്ച് വിധേയത്വം പ്രകടമാക്കുന്നു. ഒരു അമ്മയും ഭാര്യയുമാണ് താൻ എന്ന അവബോധം അമ്മയിൽ ഉണ്ട് എന്ന് വ്യക്തമാക്കുന്ന സന്ദർഭങ്ങളാണിവ.

**12. ജിജ്ഞാസ:** (വി.ലൂക്കോ 2:26 –38) തന്റെ അറിവ് പരിമിതമെന്ന തിരിച്ചറിവോടെ കൂടുതൽ അറിയുവാൻ വേണ്ടി ദൈവത്തിന്റെ മാലാഖയോട് പോലും ചോദിച്ചു മനസിലാക്കുന്നു. അറിയുവാനുള്ള ആഗ്രഹമാണ് നമ്മെ വിജയത്തിൽ എത്തിക്കുന്നത്.

**13. ആജ്ഞാശക്തി:** (വി.ലൂക്കോ 2:51) തന്റെ മകനെ ആയാലും തന്നോട് വ്യക്തിപരമായി ബന്ധമില്ലാത്ത കാനാവിലെ വേലക്കാരെ ആയാലും തന്റെ ആജ്ഞാശക്തി മുഖാന്തിരം മാതാവ് നിയന്ത്രിച്ചു. ഒരു വ്യക്തിയിൽ ആജ്ഞാശക്തി ഉണ്ടാകണമെങ്കിൽ പല ഘടകങ്ങൾ അതിന്റെ പിന്നിൽ ഉണ്ടാകണം. ഉദാഹരണമായി സാക്ഷ്യം ഉള്ളവർ പറയുന്നതേ മറ്റുള്ളവർ അനുസരിക്കൂ.

**14. നിലപാട്:** (വി.ലൂക്കോ 2:46.52) സന്ദർഭത്തിനനുസരിച്ച് നിലപാടുകൾ മാറ്റാത്തവർ വിപ്ലവാത്മക നിലപാട് മനസിൽ സൂക്ഷിക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്നു. സമൂഹത്തിലെ തിന്മകളെ മനസിലാക്കി അതിനെതിരെ പ്രതികരിക്കുവാൻ വളരെ പ്രയാസം തന്നെയാണ്.

**15. ധൈര്യം:** (വി.യോഹ 19:25) ലോകർ മുഴുവനും തിന്മപ്പെട്ടവൻ എന്ന് മുദ്ര കുത്തി യേശുവിനെ കുരിശിൽ തറച്ചിരിക്കുമ്പോൾ സ്നേഹിച്ച ശിഷ്യന്മാർ ഓടിയിട്ടും മാതാവ് ധൈര്യമായി കുരിശിന്റെ ചുവട്ടിൽ നില്ക്കുന്നു. ആദിമ സഭയിലും പീഡനങ്ങളെ ഭയക്കാതെ മാതാവ് അവരോടൊപ്പം ഉണ്ടായിരുന്നു. (അപ്പോ.പ്ര.1:14)

**16. 'അമ്മ' :**(വി.യോഹ 19:27) കുരിശിന്റെ ചുവട്ടിൽ നിൽക്കുന്ന യോഹന്നാനെ സഭയുടെ പ്രതീകമായിട്ടാണ് വിശദീകരിക്കുന്നത്. യോഹന്നാനോട് യേശു പറയുന്നു. ഇത് നിന്റെ അമ്മയാണ്. അങ്ങനെ ആണെങ്കിൽ മറിയാമിനെ സഭാമക്കൾ അമ്മ എന്ന് തന്നെ വിളിക്കണം.

**17. ആദരവ്:** (വി.യോഹ 2:3) മകന്റെ ആദരവ് അമ്മയ്ക്ക് ലഭിച്ചിരുന്നു. സമയമായിട്ടില്ല എന്ന് പറഞ്ഞിട്ടും യേശു വീഞ്ഞുണ്ടാക്കി കൊടുത്തു. ചരിത്രപ്രകാരം വാങ്ങിപ്പിന്റെ സമയത്ത് അമ്മയെ യേശു സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി. ഇതൊക്കെ മകൻ അമ്മയെ ആദരിച്ചിരുന്നു എന്നതിന്റെ ചില ഉദാഹരണങ്ങളാണ്.

**18. കന്യക:** (യെശയ്യാ 7:14) പഴയനിയമത്തിൻ പ്രവാചകന്മാരും പുതിയനിയമത്തിൽ സുവിശേഷകരും (വി.ലൂക്കോ 1:27) ദൈവനിശിതമായി സാക്ഷിക്കുന്നു മറിയാം കന്യകയാണ്. 'അവിഹിത'ങ്ങൾ യോഗ്യതകളായി വ്യാഖ്യാനിക്കുന്ന തിന്മയ്ക്ക് അമ്മ വിപരീതമാണ്.

**19. അറിവ് :**(വി.ലൂക്കോ 1:34) പുരുഷനെ അറിയാത്തതിനാൽ ഇത് എങ്ങനെ സംഭവിക്കും എന്ന് ഈ ചെറിയ പെൺകുട്ടിയുടെ പ്രസ്താവന നിസാരമല്ല. ദൈവാലയത്തിൽ വസിച്ചുകൊണ്ട് നേടേണ്ട അറിവ് പ്രായത്തിനൊത്ത് നേടിയവൾ ആണ് അമ്മ.

**20. ഇതികർത്തവ്യത:** (വി.ലൂക്കോ 1:39) എലിസബത്ത് ഗർഭിണിയാണെന്ന് അറി ഞ്ഞപ്പോൾ സ്തോത്രം ചൊല്ലി ദൈവം കരുതിക്കൊള്ളും എന്ന ആശംസാസന്ദേശവും അയച്ച് വീട്ടിൽ ഇരിക്കാതെ ബദ്ധപ്പെട്ട് ചെന്ന് ശുശ്രൂക്ഷിക്കുന്നു. വീഞ്ഞില്ലെന്ന് മനസ്സിലാക്കി മകനോട് പറയുന്നു. വീണ്ടും ജോലിക്കാരെയും തയ്യാറാക്കി നിർത്തി 'അടയാളങ്ങളുടെ ആരംഭം' ഉണ്ടാക്കി. സാഹചര്യത്തിനൊത്ത് പ്രവർത്തിക്കുന്നവനാണ് മനുഷ്യൻ.

**21. മകന്റെ അമ്മ :** ദൈവാലയത്തിൽ നിന്ന് തിരികെ വരുമ്പോൾ മകനെ ശ്രദ്ധിക്കാതിരുന്ന അമ്മയെ കുറിച്ച് ലേഖകനും കേട്ടിട്ടുണ്ട്. എന്നാൽ ഉത്തമയായ അമ്മ പറയുന്നു (വി.ലൂക്കോ 2:44) എന്റെ മകന്റെ അല്പം വളർന്ന പ്രായത്തിൽ അവൻ എപ്പോഴും തന്റെ കൂടെ സാരിതുമ്പിൽ പിടിച്ചു നില്ക്കണ്ടാ മറിച്ച്, സഹയാത്രികരുടെയും ബന്ധുക്കളുടേയും സ്നേഹിതരുടേയും കൂടെ സഹകരിച്ച് വളരണം. എന്നാൽ, ആ ദിവസം വൈകാറായപ്പോൾ തന്റെ മകൻ തന്റെ കൂടെ തന്നെ വരണം. സന്ധ്യമയങ്ങിയാൽ പത്തും പന്ത്രണ്ടും മക്കളുണ്ടായാൽ പോലും എല്ലാവരും തന്റെ കൂടെ ഭവനത്തിൽ കാണണമെന്ന് വാശിയുള്ളവരായിരുന്നു പഴയകാല മാതാപിതാക്കൾ.

**22. പരസ്പരവിശ്വാസം:** (വി.ലൂക്കോ 2:4) ഗർഭിണിയായിരുന്നപ്പോഴും (വി.മത്താ 2:13) ദൈവപുത്രന്റെ ജനനശേഷവും തനിക്ക് ദൈവം ചേർത്ത് വച്ചവനെ വിശ്വസിച്ച് ഓടിനടക്കുന്ന ഒരു സ്ത്രീയെ പ്രത്യേകം ശ്രദ്ധിക്കണം. (ജനനത്തെക്കുറിച്ച് എന്നെ അറിയിച്ച മാലാഖ എന്നോട് ഓടിപ്പോകണം എന്ന് പറയട്ടെ എന്നിട്ട് ഞാൻ വരാം എന്നും മാതാവ് പറയുന്നില്ല)

**23. സംതൃപ്തി:** ശിഷ്യന്മാർക്ക് തന്റെ മകൻ നല്കിയ പദവികളോ അധികാരങ്ങളോ സിംഹാസനങ്ങളോ തനിക്ക് ലഭിച്ചില്ല എന്ന പരാതി അമ്മയ്ക്കില്ല. ആദിമസഭയോട് ചേർന്ന് (അപ്പോ.പ്ര1:14) ജിവിക്കുന്നവളായി മാതാവിനെ കാണാം. സമത്വവും സ്ത്രീ പൗരോഹിത്യവും ഒക്കെ അവകാശപ്പെടുന്നവർക്ക് മാതാവ് വിപരീതമല്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

**24. സത്യസ്നേഹി:** പ്രവചനം നടത്തിയ ശിമോൻ മാതാവിനോട് പറയുന്നു (വി:ലൂക്കോ 2:34,35) നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും കൈനോട്ടക്കാരന്റെ 'നല്ലകാലം വരും' എന്ന വർണ്ണനയിൽ സന്തോഷിച്ച് അവനെ പ്രീതിപ്പെടുത്തുന്നവരുടെ മുമ്പാകെ ഹൃദയഭേദകമായതാണെങ്കിലും സത്യം വിളിച്ചു പറഞ്ഞ പ്രവാചകന്റെ അനുഗ്രഹം നേടുന്ന മാതാവ് വ്യത്യസ്തയാണ്. സുഖിപ്പിക്കുന്നവരിൽ ഉപരിയായി സത്യം പറയുന്നവരിൽ ആത്മാർത്ഥതയുണ്ട് എന്ന് തിരിച്ചറിയുവാൻ നമുക്ക് കഴിയണം.

**25. ഭാഗ്യവതി:** (വി.ലൂക്കോ 1:28) ദൈവത്തിന്റെ മാലാഖയാൽ ദൈവത്തിൽ നിന്നും തലമുറയുടെ വായിൽകൂടി (വി.ലൂക്കോ 2:48) മനുഷ്യനിൽ നിന്നും ഭാഗ്യവതി എന്ന് വിശേഷണം ലഭിച്ചവളാണ് പരി.അമ്മ. ഇതുപോലെ ഭാഗ്യം ഉള്ള മറ്റൊരു മനുഷ്യജീവിതം ഇതുവരെ ഇല്ലെന്ന് സംശയലേശമന്യേ പറയുവാൻ കഴിയും.

പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥത നമുക്ക് കാവലാകട്ടെ. പരിശുദ്ധ അമ്മയുടെ മാതൃക കാതലുള്ള ഉദാഹരണമാകട്ടെ. പരിശുദ്ധ അമ്മയെ അനുകരിക്കാൻ നമുക്ക് ഇടയാകട്ടെ. ■

# ബാലികാഗ്രാം

**പൂന:** ദേഹു റോഡിൽ കുഷ്ഠരോഗികളുടെ പെൺകുഞ്ഞുങ്ങൾക്കായുള്ള സ്ഥാപനമാണ് സെന്റ് ജോർജ് ബാലികാഗ്രാം.

മദ്ധ്യപ്രദേശിലെ 'സേന്തുവാലപ്രസി' കോളനിയിൽ നിന്നും മുംബയിലെ ഉല്ലാസ് നഗറിൽ നിന്നുമാണ് കുഷ്ഠരോഗികളുടെ മക്കൾ താമസിച്ച് പഠിക്കുവാനായി ഇവിടെ എത്തുന്നത്. സർക്കാർ അനുമതിയോടെ ഇവിടെ പെൺകുട്ടികൾ താമസിച്ച് ഉപരി പഠനം നടത്തുന്നു.

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ബാലികാഗ്രാം 1993 ൽ ആരംഭിച്ചു. ഇപ്പോൾ മൂന്നു വയസു മുതലുള്ള 50 ലധികം കുട്ടികൾ പഠിക്കുന്നു. BSc, BSc Nursing, BTech എന്നീ തലങ്ങളിൽ പഠിക്കുന്ന കുട്ടികളും ബാലികാഗ്രാമിലുണ്ട്. പഠനവും ഫീസും താമസവും എല്ലാം ബാലികാഗ്രാം വഹിക്കുന്നു. ഇതിനോടനുബന്ധിച്ചുള്ള സ്ക്കൂളിൽ 1200 കുട്ടികൾ പഠിക്കുന്നു. കഴിഞ്ഞ വർഷവും 100 ശതമാനം വിജയം പത്താക്ലാസ്സിൽ കരസ്ഥമാക്കി.

ഹയർ സെക്കണ്ടറി സ്ക്കൂളും, ടെയിലറിങ് സ്ക്കൂളും അടുത്ത വർഷം ആരംഭിക്കുവാൻ പദ്ധതിയുണ്ടെന്ന് സിസ്റ്റർ എലിസബത്ത് പറഞ്ഞു. സിസ്റ്റർ ക്രിസ്റ്റീനയും സിസ്റ്റർ എൽസായും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ചേപ്പാട് രാമപുരം കന്നീലേത്ത് തോമസ് ജോർജ് സംഭാവന ചെയ്ത 2 ഏക്കർ ഉൾപ്പെടെ 4 ഏക്കർ സ്ഥലം സ്വന്തമായുണ്ട്. മിഷൻ ബോർഡിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനത്തിന്റെ ഡയറക്ടർ കെ.ഐ. ഫിലിപ്പ് റമ്പാനാണ്.

St. George Balakagram, St. thomas Colony, Mamurdi, P.B. No. 1, Dehu Road Cantt. P.O., Pune-412101, Maharastra, India.
Ph: +9102027673783/27671066
balikagram.stgeorge@gmail.com
www.balikagram.org

ഓർമ്മ: ജൂലൈ 20



ദിവ്യ. ശ്രീ. എം. സി. കുറിയാക്കോസ് റമ്പാൻ, പാത്താമുട്ടം

Science of Life



# Gravitational Forces and Escape Velocity of our lives

**DR. BIJU JACOB**
(Chief Controller, VSSC)

"Above all else, guard your heart,
for it is the wellspring of life." Proverbs 4: 23

"All objects thrown up will come down. But rockets do not. Why?" This was how Professor T. C. Thomas started his lecture on gravity to us – eighty 1st year pre degree students -three decades back at Baselious College, Kottayam.

All objects thrown up, come back to the earth immediately. No one bothered to ponder much about this occurrence, till it caught the attention of Sir Isaac Newton. He observed this phenomenon carefully, studied it and subsequently developed the theories of gravity that gave insight into the magic pulling power of the earth.

*How can the understanding of earth's gravity help us?*

An understanding of the ground-ward pulling force inspired the scientists to come up withnovel ideas to overcome the pull. They discovered that any object thrown up with a speed of about 7 miles per second, or 25,000 miles per hour can completely escape Earth's gravity. This magical figure – escape velocity – was the greatest breakthrough in the space odyssey of mankind.

For me – as an MBBS student and later as a Civil servant- the laws of gravitydid not have much use. It remained dormant –till I joined VSSC. Joining VSSC on 23 March 2015 was the second radical shift in my life – first from the field of medicine to that of accounts and audit; now from accounts and audit to rockets and satellites! More than that - it was a journey back to the Pre-degree (Plus one and two) Physics syllabus, especially Kinetics.

In the last week of May police located the body of a young lady in the sea shore near Thumpa in Thiruvanthapuram. Later the body was identified to be that of a second year student of the Engineering College under Department of Space- IIST. She had failed to clear the first semester supplementary exam. Two failures – one after the other in an exam –were too unbearable for

the youngster. The tragic and untimely death disturbed me. The gravitational pull of the negative thoughts following failure blocked the upward journey of a bright student forever.

Later in the month, all Malayalam TV Channels announced the suicide attempt of three rowing athletes at the SAI center, Alappuzha. Why?

These young girls were tortured emotionally by their seniors as a part of ragging. India, especially Kerala, lost one budding rowing star – as one out of the three succumbed to death. The negative attitude of seniors pulled back the upward journey of these athletes.

Then came the news of the cruel murder of three members of a family – father, mother and their adult son – at Kottayam by Jai Singh;  a migrant worker. Why? He had a personal loan of about two lakh rupees and wanted to clear it. The negative forces which worked in the heart of a migrant worker quenched the dreams of a family.

Every day we come across such tragedies – propelled by the  power of negative thoughts in us.

Somehow, I could not ignore these events. They kept haunting me, raising some unpleasant questions.

- How can a young lady consider herlife less important than a pass in the semester exam?
- Why do teenagers consider the emotional trauma from teasing more significant than their lives?
- How can Jai Singh value three lives' at rupees two lakhs? Does it mean that the worth of one life is only Rs 67,000/-????

Animals and other living creatures are controlled by the external circumstances. But, God has created human beings with a unique gift – an inner capacity to think. Why?

God wanted us to use the power of thoughts to transform our external circumstances. In fact the inner world of thoughts are more powerful than the external circumstances.

Jesus warned that thoughts are the real source of all action – including evil.

"*For from within, out of men's hearts, come evil thoughts, sexual immorality, theft, murder, adultery, greed, malice, deceit, lewdness, envy, slander, arrogance and folly. (Mark 7:21-22).*"

Our minds - being a unique endowment from God - are extremely fertile grounds for thoughts.Normally we don't give much importance to our thoughts and ignoreit like an unattended garden – where weeds dominate. The unattended garden of mind has an overgrowth of negative thoughts and emotions. At times of stress and strain from the outside, we are pulled further down – like the earth's gravity- and we crumble.

## What are the life lessons that laws of gravity teach us?

Sir Isaac Newton's careful study of the earth's downward pull paved the way for discovering the escape velocity to overcome it. Similarly, we have to keep on monitoring our thoughts and its impact. Slowly we will be able to differentiate between negative and positive thoughts in us and their impact. Then, we should start replacing our negative thoughts with the positive thoughts.

St. Paul's teaches these principles through his life. He had a very difficult life strewn with torture and persecution beyond our imagination. He had every reason to be sad and negative. But he is not depressed or dejected. He gave the secret of overcoming the negativities of life.

*"We live in this world, but we don't fight our battles in the same way the world does. [4] The weapons we use are not human ones. Our weapons have power from God and can destroy the enemy's strong places. We destroy people's arguments, [5] and we tear down every proud idea that raises itself against the knowledge of God.* ***We also capture every thought and make it give up and obey Christ.*** *(2 Corinthians 10:3-5 - ERV Translation)*

Yes – the secret of overcoming the negative views and thoughts is to make them surrender to Jesus and obey his teachings.

And lo...We are on our way to attain the escape velocity – the inner power to over come the gravitational pull of negative thoughts.

Let us transform our thoughts – and transform our lives.

Then we are ready for takeoff  - for the space odyssey of life.

■

## VSSC ചീഫ് കൺട്രോളർ



വിക്രം സാരാഭായി സ്പേസ് സെന്റർ ചീഫ് കൺട്രോളറായി നിയമിതനായ ഡോ. ബിജു ജേക്കബ്. ഇൻഡ്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസ് (IA&AS) ഓഫീസറാണ്. കേരളത്തിലെ അക്കൗണ്ട്സ് ജനറലായിരുന്നു. മീനടം സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗമാണ്.

**BRIDE WANTED**

Orthodox Parents invite proposals for son 29/165 fair complexion B.Tech. Software Engineer MNC Bangalore from parents of employed professional girls.

Contact No:

**9446070834**
**m4 ID 4119368**

**BRIDE GROOM WANTED**

Orthodox parents invite proposals for their daughter 26/165cms, Bpharm, MSC Pharmacology, OSPAP trainee. Pharmacist. U.K u.reg., fair and smart; working in London. Seek suitable alliance

Contact No:

**0473 4266105, 9446913306**

**BRIDE WANTED**

ഓർത്തഡോക്സ് യുവാവ്, 30/165, PDC, ഇടത്തരം കുടുംബം. സഭാ കേന്ദ്രത്തിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Contact No:

**9947166067**

**BRIDE GROOM WANTED**

Orthodox teacher parents, ancient family, Central Kerala invites proposals for their daughter 27/150, BSc Nurse, working in Dubai. from suitable boys. Preferably Orthodox/Jacobite working in U.A.E.

Contact No:

**9744633342, 0469-2681889**

**BRIDE WANTED**

ഓർത്തഡോക്സ് യുവാവ്, 29/173, MBA (Private Bank). അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Contact No.

**9747434848, 0481-2497085**
**M4marry: 4020404**

**BRIDE GROOM WANTED**

ഓർത്തഡോക്സ് പാരമ്പര്യത്തിൽ വളർന്ന, ആഗസ്റ്റ് പകുതിയോടെ ലീവിന് നാട്ടിൽ എത്തുന്ന യു.കെ. സിറ്റിസൺ, MSc ഫിസിയോ തെറാപ്പിസ്റ്റ് ആയ ബാധ്യതകളില്ലാത്ത സ്മാർട്ട് യുവതി. 36/153 പുനർ വിവാഹം ആഗ്രഹിക്കുന്നു. സഭയുടെ പുനർവിവാഹ അനുവാദം ലഭിച്ചിട്ടുണ്ട്. യു.കെ. യിൽ ജോലി ചെയ്യുന്ന അനുയോജ്യരായ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

Contact No. : **9446014554**

**BRIDE WANTED**

തെക്കൻ ഭദ്രാസനത്തിൽപെട്ട സാധാരണ കുടുംബത്തിലെ ഓർത്തഡോക്സ് യുവാവ് 32/168, നാട്ടിൽ പ്രൈവറ്റ് സ്ഥാപനത്തിൽ ഇലക്ട്രിക്കൽ സൂപ്പർവൈസർ. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

ബന്ധപ്പെടേണ്ട നമ്പർ:

**99957472119**

**BRIDE GROOM WANTED**

Middle class Orthodox parents from Central Travancore invites proposals for their daughter 28/163, M.Sc IT working in Wipro, Banglore, from parents of professionally qualified boys.

Contact No:

**M4:4019974**
**Ph: 9447569082**

**33-ാം ചരമ ദിനം**
**11-06-2015**



**മോസസ് റമ്പാൻ**
**മൗണ്ട് താബോർ ദയറാ**
**പത്തനാപുരം**

**25-ാം ചരമ വാർഷികം**
**15-07-2015**



**മറിയാമ്മ അബ്രഹാം**
**പാലംപൊയ്കയിൽ**

**10-ാം ചരമ വാർഷികം**
**14-07-2015**



**അബ്രഹാം**
**പാലംപൊയ്കയിൽ**

Inserted By:- പി.എ. വർഗീസ്, പാലംപൊയ്കയിൽ, അറബി



# പുസ്തകശാല


## ശ്ഹീമാ നമസ്ക്കാരം

പരിഭാഷ: ഫാ. കോനാട്ട് അബ്രഹാം മല്പാൻ



മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ ശീമാ നമസ്ക്കാരം സുറിയനിയും മലയാളവും ചേർന്നത്. നമസ്ക്കാരത്തിന് മാത്രമല്ല താരമ്യ പഠനത്തിനും സഹായകരം. പരിഭാഷകൻ മലങ്കര മല്പാൻ കോനാട്ട് അബ്രഹാം കത്തനാർ. എഡിറ്റർ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, എം.ഒ.സി., കോട്ടയം, പേജ് 410, വില: 200.

## നേർവഴി




മാധ്യമങ്ങളുടെ നന്മയും തിന്മയും തിരിച്ചറിയുവാൻ പരിശീലിപ്പിക്കുന്ന മാധ്യമ സാക്ഷരതയ്ക്കുള്ള മാർഗ്ഗരേഖ. കുടുംബങ്ങൾക്ക് സമീകൃത മാധ്യമ സാക്ഷരതയ്ക്കുള്ള നേർവഴി പ്രബോധിപ്പിക്കുന്ന ലേഖനങ്ങളുടെ സമാഹാരം. പ. കാതോലിക്കാ ബാവായുടെ അനുഗ്രഹ സന്ദേശം. മലങ്കര ഓർത്തഡോക്സ് സഭ മാനവ ശാക്തീകരണ വിഭാഗം, ദേവലോകം, കോട്ടയം, പേജ് 224, വില. 100.

## പരുമല തിരുമേനി...


ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി



പരിശുദ്ധ പരുമല തിരുമേനി സ്വന്തം കുടുംബത്തിന് അയച്ച കത്തുകളുടെ സമാഹാരം-പരുമല തിരുമേനി ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും. കല്പനകളുടെ കൈയക്ഷരത്തിലുള്ള യഥാർത്ഥ രൂപവും അവയുടെ വിവരണങ്ങളും ഉണ്ട്. അവലോകനം: യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഡി.സി. ബുക്സ്, കോട്ടയം, പേജ് 422, വില: 595 രൂപ.


## പാമ്പാടി തിരുമേനി...

ഡോ. എം. കുര്യൻ തോമസ് (എഡിറ്റർ)



പരിശുദ്ധ പാമ്പാടി തിരുമേനിയെക്കുറിച്ച് നേരിട്ടു അറിയാവുന്നവരുടെ രചനകൾ ക്രോഡികരിച്ചിരിക്കുന്ന, 26 ലേഖനങ്ങളുടെ സമാഹാരം. പാമ്പാടി തിരുമേനിയുടെ ജീവിതവും ദർശനവും അടുത്തറിയുവാൻ സഹായിക്കും. അവതാരിക: തോമസ് മാർ അത്താനാസിയോസ്, എം.ഒ.സി. കോട്ടയം, പേജ്-152, വില. 80

# വാ|യ|ന




## വിശുദ്ധിയുടെ വിരിക്കൂട്ടം

എഡി.: ഡോ. എം. കുര്യൻ തോമസ്

പൗരസ്ത്യ ആധ്യാത്മികതയിൽ പിതാക്കന്മാരെപ്പറ്റിയുള്ള പഠനങ്ങൾക്കും (Patristics) വിശുദ്ധന്മാരെക്കുറിച്ചുള്ള ജീവചരിത്ര ഗ്രന്ഥങ്ങൾക്കും (hagiography) ഏറെ പ്രാധാന്യമുണ്ട്. ദൈവരാജ്യത്തിനുവേണ്ടി ലൗകിക ഇമ്പങ്ങളെ പരിത്യജിച്ച് വിശുദ്ധിയുടെ നിറകുടങ്ങളായി ജീവിച്ചവരുടെ ഉദാത്തമാതൃകകൾ വരുംതലമുറകളെ ഉദ്ബുദ്ധരാക്കും എന്നതിനാൽ ക്രൈസ്തവ സഭകൾ പൊതുവേ വിശുദ്ധന്മാരെക്കുറിച്ചുള്ള പഠനങ്ങൾ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്. ജീവിച്ചിരുന്നപ്പോൾത്തന്നെ പുണ്യവാൻ എന്ന് ജാതിമത ഭേദമന്യെ ആളുകൾ കരുതി ബഹുമാനിച്ച പരിശുദ്ധ പാമ്പാടി തിരുമേനിയെപ്പറ്റിയുള്ള പഠനഗ്രന്ഥങ്ങൾ പലതുണ്ട്


എന്നാൽ 'വിശുദ്ധിയുടെ വിരിക്കൂട്ടം' ഇവയിൽനിന്നൊക്കെ ഒരു കാര്യത്തിൽ വ്യത്യസ്ഥമാണ്. പരിശുദ്ധ പാമ്പാടി തിരുമേനിയുമായി നേരിട്ടു ബന്ധപ്പെട്ടിട്ടുള്ള സമകാലീനരുടെ നേർക്കാഴ്ചകളുടെ സമാഹരണമാണ്.

പാമ്പാടി തിരുമേനിയുടെ ജീവിതമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗമെന്ന് സുപ്രസിദ്ധ വാഗ്മിയും ഗുരുക്കന്മാരുടെ ഗുരുവുമായ ബഹു. റ്റി. ജെ. ജോഷ്വാ അച്ചൻ അനുസ്മരിക്കുന്നു. സ്വാനുഭവത്തിൽനിന്ന് പറയുമ്പോഴാണ് പ്രസംഗം അർത്ഥപൂർണ്ണവും ഹൃദയസ്പർശിയുമാകുന്നത്. അതായിരുന്നു പാമ്പാടി തിരുമേനിയുടെ പ്രസംഗവും ജീവിതവുമായുള്ള ബന്ധമെന്ന് ലേഖകൻ സമർത്ഥിക്കുന്നു. ബാല്യകാലത്ത് പൊത്തൻപുറം കുന്നുകയറി തിരുമേനിയെക്കണ്ട് കാഴ്ചകൾ സമർപ്പിച്ച് അനുഗ്രഹം പ്രാപിച്ച അവസരങ്ങളും, കർതൃപ്രാർത്ഥന ശരിയായി ചൊല്ലാൻ തിരുമേനി പഠിപ്പിച്ചതുമൊക്കെ ഓർമ്മയിൽനിന്ന് പകർത്തിയിരിക്കുകയാണ് വൈദിക സെമിനാരി മുൻപ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജ്ജ്.

മലങ്കരസഭയിലെ പിതാക്കന്മാരിൽ തനിക്ക് ഏറ്റവും മതിപ്പുണ്ടായിരുന്ന ഒരു മെത്രാപ്പോലീത്തായായിരുന്നു പരിശുദ്ധ പാമ്പാടി തിരുമേനിയെന്നും, ആയതിന്റെ കാരണം അദ്ദേഹത്തിന്റെ അഗാധമായ ആദ്ധ്യാത്മികതയാണെന്നും വിശ്വപ്രസിദ്ധനായിരുന്ന ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും അനുസ്മരിക്കുന്നു.

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ പ്രസംഗങ്ങൾ, സൂക്തങ്ങൾ, ജീവചരിത്രത്തിലെ നാഴികക്കല്ലുകൾ എന്നിവയൊക്കെ അനുബന്ധമായി ചേർത്തിട്ടുള്ള ഈ ഗ്രന്ഥത്തിന്റെ മുഖചിത്രമായി കൊടുത്തിരിക്കുന്നത് തിരുമേനിയുടെ ഒരു ഐക്കൺ ചിത്രമാണ്. പൗരസ്ത്യ ക്രൈസ്തവ സൗന്ദര്യശാസ്ത്രത്തിന്റെയും ഐക്കൺ ചിത്രങ്ങളുടെയും പ്രതീകാത്മകത വിശദീകരിച്ചുകൊണ്ട് മുഖചിത്രത്തിന് ഒരു വാങ്മയ വ്യാഖ്യാനം നൽകിയിട്ടുണ്ട് ഫാ. സഖറിയ നൈനാൻ (സഖേർ) : "ഒരു ദേശത്തിന്റെ വിശുദ്ധൻ" എന്ന പരിശുദ്ധ കാതോലിക്കാബാവായുടെ പ്രസംഗ സംഗ്രഹത്തോടെയാണ് പുസ്തകം സമാപിക്കുന്നത്. "നമ്മുടെ സഭയിൽ ദേശത്തിന്റെ പേര് ചേർത്തുവച്ചാണ് രണ്ട് മഹാപരിശുദ്ധന്മാരെ നാം പലപ്പോഴും പറയാറുള്ളത്: പരിശുദ്ധ പരുമല തിരുമേനിയും പരിശുദ്ധ പാമ്പാടി തിരുമേനിയും." പാമ്പാടി തിരുമേനി ഈ ദേശത്തു താമസിക്കുന്ന നാനാജാതി മതസ്ഥരായ എല്ലാവരുടെയും തിരുമേനിയാണെന്ന സങ്കല്പംകൊണ്ടാണ് അങ്ങനെ വിളിക്കുന്നതെന്നും ബാവാ തിരുമേനി വിശദീകരിക്കുന്നുണ്ട്.

**പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്**



## ആബോ അലക്സിയോസ്...

*29-ാം പേജിൽ നിന്നു തുടർച്ച...*

സംഘാടകനുമായിരുന്നു.

സാമൂഹിക പ്രതിബദ്ധത, ധീരമായ നേതൃത്വപാടവം, ഉറച്ച ഇച്ഛാശക്തി എന്നിവയാൽ അനേകരെ സഭയിൽ ഉറപ്പിച്ചു. ഭാരതീയവും പൗരസ്ത്യവുമായ വേദദർശനങ്ങളിലും ആഗോളതലത്തിലുള്ള വിവിധ സഭാപാരമ്പര്യങ്ങളിലും അഗാധമായ പാണ്ഡിത്യം നേടിയ ആ പുണ്യാത്മാവ് ഉറച്ച ഓർത്തഡോക്സ് വിശ്വാസത്തിന്റെ കാവൽഭടനായിരുന്നു.

1965 ആഗസ്റ്റ് 6-ന് വെള്ളിയാഴ്ച കൂടാരപ്പെരുന്നാൾ ദിനത്തിൽ രാവിലെ 8-ന് 78-ാം വയസ്സിൽ കാലം ചെയ്തു. ഭൗതികശരീരം ബഥനി പള്ളിയിൽ പൊതുദർശനത്തിന് വച്ചു.

മലങ്കരയിൽ സന്യാസപ്രസ്ഥാനത്തിനും എക്യുമെനിക്കൽ ദർശനത്തിനും ഇന്ത്യയുടെ വിവിധ സ്ഥലത്തും വിദേശത്തും പള്ളികളുടെയും സ്ഥാപനങ്ങളുടെയും വളർച്ചയ്ക്കും ധീരനേതൃത്വം പകർന്ന ബഥനിയിലെ വടവൃക്ഷമായ അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ കർമ്മയോഗിയായ പുണ്യാത്മാവാണ്.

*- JTK*

## പുരസ്ക്കാരം



Kerala Council For Historical Research ന്റെ ആഭിമുഖ്യത്തിൽ രാജ്യത്തിനകത്തും പുറത്തും ഉള്ള കുട്ടികൾക്കായി സംഘടിപ്പിച്ച പ്രബന്ധ രചന മത്സരത്തിൽ 'B' grade -ന് അർഹയായ റോഷിനി റെജു. ബഹുമാനപ്പെട്ട കേരളാ ഗവർണർ ശ്രീ. പി. സദാശിവത്തിൽ നിന്നും പുരസ്ക്കാരം ഏറ്റുവാങ്ങുന്നു. മാതൃ ഇടവകയായ ശൂരനാട് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിലെയും, ഹൈദരാബാദ് ജീഡിമെറ്റലാ സെന്റ് ജോർജ് ഇടവകയിൽ റെജുവിന്റെയും ഓമന റെജുവിന്റെയും മകളാണ്.

*Advt.*




# മരുഭൂമിയിലെ നീരുറവ

## സെൻറ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ – STOC

### (മണലാരണ്യത്തിലെ മാതൃ കോൺഗ്രിഗേഷൻ – സ്ഥാപിതം 1975)

**ജീവകാരുണ്യ സഹായം - 2015**

**ഭാഗ്യസ്മരണീയനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ 1975 സെപ്ററംബർ 12 –ാം തീയതി സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻ (STOC) 2015** ലെ ജീവകാരുണ്യ ധനസഹായങ്ങൾക്ക് അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ചികിത്സാ സഹായത്തിന് ജാതിമത ഭേദമന്യേ ആർക്കും അപേക്ഷിക്കാം. മററു സഹായങ്ങൾ ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് മാത്രം നൽകുന്നു. എല്ലാ സഹായങ്ങൾക്കും ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശ ഉണ്ടായിരിക്കണം.

**1. മാർ ഒസ്താത്തിയോസ് ചികിത്സാ ധനസഹായം: ക്യാൻസർ, കിഡ്നി, ഹാർട്ട് സംബന്ധമായതും മററ് മാരകമായ രോഗങ്ങൾ** ബാധിച്ചതുമായ നിരാലംബരും സാധുക്കളുമായ രോഗികൾക്കായിരിക്കും ധനസഹായം നൽകുന്നത്. ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് അതാത് പള്ളിവികാരിയുടെയും അല്ലാത്തവർക്ക് സമീപത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെയും ശുപാർശ ഉണ്ടായിരിക്കണം. രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തി കൊണ്ടുള്ള ചികിൽസിക്കുന്ന ഡോക്ടറുടെ **ആറു (6)** മാസത്തിനുള്ളിൽ വാങ്ങിയ ഒറിജനൽ സർട്ടിഫിക്കററും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. **ഒറിജനൽ സർട്ടിഫിക്കററ് ഇല്ലാത്ത സാഹചര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കററിൻെറ കോപ്പി അപേക്ഷ ശുപാർശ ചെയ്യുന്ന വൈദികൻ സാക്ഷ്യപ്പെടുത്തി (അററസ്ററേഷൻ) അയ്ക്കേണ്ടതാണ്.** പരുമല, ശാസ്താംകോട്ട, കാര്യമ്പാടി എന്നീ സ്ഥലങ്ങളിലെ സഭാവക മിഷൻ ആശുപത്രികൾ വഴിയായും സാധുക്കളായ രോഗികളെ സഹായിച്ചു വരുന്നു. കൂടാതെ 'ശീലോഹാം ഗഗീവ് സൈററ് പ്രോജക്ററിലൂടെ അന്ധതാനിവാരണത്തിനുള്ള സൗകര്യവും ലഭിക്കുന്നതാണ്.

**2. വിവാഹ ധനസഹായം:** സാമ്പത്തിക പരാധീനതമൂലം വിവാഹം നടത്താൻ സാധിക്കാതെ വരുന്ന കുടുംബത്തിലെ 25 പെൺകുട്ടികളുടെ വിവാഹത്തിന് **50,000** രൂപ വീതം നൽകുന്നു. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ശുപാർശയോടൊപ്പം ദേശകുറിയുടെ അല്ലെങ്കിൽ വിളിച്ചുചൊല്ലിൻെറ കോപ്പി അയ്ചിരിക്കണം. രക്ഷിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു മുൻഗണന നൽകുന്നു. വിവാഹ **തീയതിയ്ക്കുശേഷം മൂന്നു മാസത്തിനുള്ളിൽ അപേക്ഷ** താഴെ കൊടുത്തുരിക്കുന്ന വിലാസത്തിൽ കിട്ടിയിരിക്കണം.

**3. ജീവസന്ധാരണ ധനസഹായം:** അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിമിതമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ശുപാർശയോടു കൂടി അപേക്ഷിക്കുക.

**4.1 വിദ്യാഭ്യാസ സ്കോളർഷിപ്:** നിർധനരും നിരാലംബരും പഠനത്തിൽ സമർത്ഥരുമായ **+2** കഴിഞ്ഞ **41** കുട്ടികൾക്ക്, ഒരു കുട്ടിക്ക് 12,500/- രൂപ നിരക്കിൽ വിദ്യാഭ്യാസ സ്കോളർഷിപ് നൽകുന്നതാണ്. ഫൈനൽ പരീക്ഷയുടെ മാർക്ക് ലിസ്ററും കോഴ്സ് സർട്ടിഫിക്കേററും (ഇടവക വികാരി അററസ്ററ് ചെയ്ത പകർപ്പ്) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം കൂടാതെ അപേക്ഷകൻെറ കുടുംബ പശ്ചാത്തലം, ചുററുപാടുകൾ, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനയിലെ പ്രവർത്തനം, മററു നേട്ടങ്ങൾ എന്നിവയെ കുറിച്ച് വിശദമായി അറിയിക്കുന്നതു നന്നായിരിക്കും. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ **2015 ഓഗസ്ററ് 31-ന്** മുൻപ് കിട്ടിയിരിക്കണം.

**4.2 വിദ്യാഭ്യാസ ധനസഹായം:** നിർധനരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥികൾക്കു **+2** നു ശേഷമുള്ള വിദ്യാഭ്യാസത്തിനോ, സ്കൂൾ ഫൈനൽ കഴിഞ്ഞ് Technical Education ന് പോകുന്നതിനോ ധനസഹായം നൽകുന്നു. ഫൈനൽ പരീക്ഷയ്ക്ക് 50%-ൽ കൂടുതൽ മാർക്കു കരസ്ഥമാക്കിയതും ആദ്യ ചാൻസിൽ ജയിച്ചതുമായ അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളു. ഫൈനൽ പരീക്ഷയുടെ മാർക്കുലിസ്ററും ഇപ്പോഴത്തെ കോഴ്സു സർട്ടിഫിക്കററും (ഇടവക വികാരി അററസ്ററു ചെയ്ത കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 2015 **ഓഗസ്ററ് 31-ന്** മുൻപ് കിട്ടിയിരിക്കണം.

**5.1 ഭവന നിർമ്മാണ ധനസഹായം: കൊല്ലം, ചെങ്ങന്നൂർ, നിരണം, തൃശൂർ** എന്നീ ഭദ്രാസനങ്ങളിൽ ഉൾപ്പെട്ട ഭവനരഹിതരായ ഓരോ വ്യക്തികൾക്ക് ഭവനനിർമ്മാണ സഹായമായി **1,50,000** രൂപ വീതം നൽകുന്നു. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറെറടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും, അപേക്ഷകനു സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിൻെറ തെളിവായി കരമടച്ച രസീതിൻെറ കോപ്പിയും സഹിതം അപേക്ഷകൾ **2015 ഓഗസ്ററ് 31-നു** മുൻപ് കിട്ടിയിരിക്കണം.

**5.2 പ്രത്യേക ഭവനനിർമ്മാണ ധനസഹായം:** മലങ്കരസഭയിലെ ഭവനരഹിതരായ വിധവകൾക്കു ഭവനം വെച്ചുകൊടുക്കുക എന്ന ആശയത്തിലൂന്നി, 46 വയസിൽ താഴെയുള്ള വിധവകളുടെയോ പരിപൂർണമായി ശയ്യാവലംബരായി കിടക്കുന്ന വ്യക്തികളുടെ ഭാര്യമാരുടെയോ അപേക്ഷകളിൽ നിന്നും STOC മർത്തമറിയം സമാജം ഭവനനിർമ്മാണ സഹായമായി **1,50,000** രൂപ നൽകുന്നു. ഇതിലേക്കു കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും അപേക്ഷിക്കാവുന്നതാണ്. സഹായം ലഭിച്ചാൽ പണിയുടെ പൂർണ ചുമതല ഏറെറടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടേയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും അപേക്ഷകയ്ക്ക് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിൻെറ തെളിവായി കരമടച്ച രസീതിൻെറ കോപ്പിയും സഹിതം അപേക്ഷകൾ **2015 ഓഗസ്ററ് 31-ന്** മുൻപ് കിട്ടിയിരിക്കണം.

**നിർദേശങ്ങൾ** 1) അപേക്ഷാഫോറവും മററു നിബന്ധനകളും മലങ്കരസഭയുടെ മാർച്ച് ലക്കത്തിൽ നിന്നോ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ നിന്നോ ലഭിക്കുന്നതാണ് 2) Advertisement-ൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. 3) അപൂർണ്ണവും ആവശ്യപ്പെട്ടിട്ടുള്ള രേഖകളില്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. 4) അപേക്ഷകനേയും ശുപാർശ ചെയ്യുന്ന പുരോഹിതനേയും ബന്ധപ്പെടാനുള്ള Telephone number അപേക്ഷയിൽ ഉണ്ടായിരിക്കണം. 5) ആർക്കുവേണ്ടിയാണോ അപേക്ഷിക്കുന്നത് അവരുടെ പൂർണ്ണ വിവരം അപേക്ഷയിൽ ഉണ്ടായിരിക്കണം.

**അപേക്ഷ ശുപാർശ ചെയ്യുന്ന ബഹു. വികാരിയുടെ ശ്രദ്ധയ്ക്ക്:** അപേക്ഷകൾ സസൂക്ഷ്മം പരിശോധിച്ച് ആവശ്യപ്പെട്ടിരിക്കുന്ന രേഖകളെല്ലാം ഉണ്ടോ എന്നും, അപേക്ഷകൻെറ ഭൂസ്വത്ത്, വരുമാനം, വയസ്, ആശ്രിതരുടെ വിവരങ്ങൾ എന്നിവ വിശ്വസനീയമാണോ എന്നും പരിശോധിച്ച് അർഹതയുള്ളവ മാത്രം അയ്ക്കണമെന്നു താൽപര്യപ്പെടുന്നു. Letter head-ൽ എഴുതിയ ശുപാർശയിൽ പള്ളിയുടെ സീലും, ചികിൽസാ/വിദ്യാഭ്യാസ ധനസഹായം ഒഴികെയുള്ളതിന് ഇടവക മാനേജിംഗ് കമ്മററി അംഗങ്ങളിൽ മൂന്നിൽ രണ്ടു അംഗങ്ങളുടെയെങ്കിലും ഒപ്പും ഉണ്ടായിലിക്കണം.


അയ്ക്കേണ്ട വിലാസം:- The Co-ordinator, STOC office, Betheny Aramana, Tiruvalla-689101, Kerala **Mob: 9446066816**

# ST. GREGORIOS ORTHODOX CHURCH OF TORONTO

6890 Professeional Court, Mississauga
Ontario L4V IX6 Canada, www.sgoctoronto.org

## പുതുക്കിപണിത ടൊറന്റോ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയ കൂദാശ 2015 ജൂലൈ 11-12

### പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും അഭി. സഖറിയാ മാർ നിക്കോളാവോസ് മെത്രാപ്പോലീത്തായുടെയും പ്രധാന കാർമ്മികത്വത്തിൽ



**ടൊറന്റോ:** പുതുക്കിപ്പണിത സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി കൂദാശ 2015 ജൂലൈ 11, 12 തീയതികളിൽ നടത്തും. പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും ഇടവക മെത്രാപ്പോലീത്താ സഖറിയാ മാർ നിക്കോളാവോസ് മെത്രാപ്പോലീത്തായും മുഖ്യകാർമ്മികത്വം വഹിക്കും. 1979-ൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ടൊറന്റോ സന്ദർശിച്ചതിന്റെ ശേഷം ആദ്യമായാണ് മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ ടൊറന്റോ സന്ദർശിക്കുന്നത്. രണ്ട് മില്യൻ ഡോളർ ചെലവിലാണ് പള്ളി പുതുക്കിപ്പണിതിരിക്കുന്നത്.

1960 കളിൽ ആരംഭിക്കുന്നതാണ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ടൊറന്റോയുടെ ചരിത്രം. മലയാളികൾ കാനഡയിലേക്ക് കൂട്ടത്തോടെ കുടിയേറിപ്പാർക്കുവാൻ ആരംഭിച്ച കാലഘട്ടത്തിലാണ് ടൊറന്റോയിൽ ആത്മീക കേന്ദ്രമായി ഒരു പള്ളി നിലവിൽ വരുന്നത്. 1969-ലെ ക്രിസ്തുമസ് ദിനത്തിൽ ഫാ.ഡോ. എം. കെ. തോമസിന്റെ നേതൃത്വത്തിൽ ആദ്യ ദിവ്യബലി അർപ്പിക്കപ്പെട്ടു. 1970-ൽ വടക്കേ അമേരിക്കയിലെ പ്രഥമ ദേവാലയമായി, സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിക്ക് അംഗീകാരം ലഭിച്ചു. പിന്നീട് ഫാ. കെ. സി. ജോർജ് വികാരിയായി. 1970 ഒക്ടോബർ 3-ന് നടന്ന ഇടവക യോഗത്തിൽ ഈ ദേവാലയം പ. പരുമല തിരുമേനിയുടെ നാമത്തിൽ സമർപ്പിക്കുവാൻ ധാരണയായി. തുടർന്ന് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ടൊറന്റോ എന്നറിയപ്പെട്ടു. ആദ്യകാലത്ത് രണ്ടു മാസത്തിലൊരിക്കൽ ടൊറന്റോയിലെ ട്രിനിറ്റി കോളേജ് ചാപ്പലിൽ വി. കുർബ്ബാന നടത്തി. 1970 നവംബർ 7-ന് ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മാർ അത്താനാസിയോസ് (പിന്നീട് പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ) കല്പനയിലൂടെ പള്ളിക്ക് അംഗീകാരം നൽകി. 1970-ൽ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ പുതുതായി രൂപീകൃതമായ അമേരിക്കൻ ഭദ്രാസനത്തിന്റെ അമരക്കാരനായപ്പോൾ കാനഡയിലെ ഈ ദേവാലയവും അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലായി. 1989-ന് ടൊറന്റോയിലുള്ള ബാലന്ത്രേയിൽ (Balantrae) ആദ്യ ദേവാലയം വാങ്ങി. 1996-ൽ പുതിയ സ്ഥലം ടൊറന്റോയിൽ വാങ്ങി ദേവാലയം പണിതത്, 1998 സെപ്റ്റംബർ 27-ന് അഭി


### പ്രോഗ്രാം


**11 ജൂലൈ 2015:**
പരിശുദ്ധ കാതോലിക്കാ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്കും അഭി. സഖറിയ മാർ നിക്കോളാവോസ് മെത്രാപ്പോലീത്തായ്ക്കും സ്വീകരണം. തുടർന്ന് സന്ധ്യാ നമസ്ക്കാരം.

**12 ജൂലൈ 2015:** രാവിലെ ദേവാലയ കൂദാശ, വി. കുർബ്ബാന, പൊതു സമ്മേളനം, സ്നേഹ വിരുന്ന്.

നോർത്ത് ഈസ്റ്റ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ടൊറന്റോ റീജിയനിൽ സപ്തതി പൂർത്തിയാക്കിയ സഭാംഗങ്ങളെ ആദരിക്കുന്നു.



Manu Abraham


Edicheria Eppachen


Ben Varghese


Thomas Joshua


Mariamma Alex


John Mathews



പുതുക്കി പണിത ടൊറന്റോ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി



**H.H. Baselios Marthoma Paulose II Catholicos of The East & Malankara Metropolitan**



**H.G. Zachariah Mar Nicholovas Metropolitan**
(North East American Diocese)

വന്ദ്യ തോമസ് മാർ മക്കാറിയോസ് തിരുമേനി കൂദാശ ചെയ്തു.

1993-ൽ അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ അമേരിക്കൻ ഭരണസാരഥിയായപ്പോൾ ഈ ദേവാലയവും ആ പിതാവിന്റെ നിയന്ത്രണത്തിലായി. പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ നിശ്ചയപ്രകാരം അഭിവന്ദ്യ മക്കാറിയോസ് തിരുമേനി



അധിപനായുള്ള കാനഡ ഉൾപ്പെടുന്ന കാനഡ, യു.കെ., യൂറോപ്പ് ഭദ്രാസനം നിലവിൽ വന്നപ്പോൾ ആ ഭദ്രാസനത്തിലും പിന്നീട് 2010-ൽ അമേരിക്കൻ ഭദ്രാസനം വിഭജിച്ച് നോർത്ത് ഈസ്റ്റ്, സൗത്ത് വെസ്റ്റ് എന്നീ ഭദ്രാസനങ്ങൾ നിലവിൽ വന്നപ്പോൾ ടൊറന്റോ സെന്റ് ഗ്രീഗോറിയോസ് 'നോർത്ത് ഈസ്റ്റ്' ഭദ്രാസനത്തിൻ കീഴിലാവുകയും വീണ്ടും അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ നിയന്ത്രണത്തിൽ എത്തിച്ചേരുകയും ചെയ്തു. 2011-ൽ അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ വിരമിച്ചപ്പോൾ മുതൽ അഭിവന്ദ്യ സഖറിയാ മാർ നിക്കോളാവോസ് തിരുമേനിയാണ് ഈ ദേവാലയത്തിന്റെ ഭദ്രാസന മെത്രാപ്പോലീത്താ.

വിവിധ കാലങ്ങളിലായി ഇടവകയെ ശുശ്രൂഷിച്ച വൈദികർ:

വെരി.റവ. ഗീവർഗീസ് റമ്പാൻ (1970-74), വെരി. റവ. തോമസ് വി. മുണ്ടുകുഴി കോർഎപ്പിസ്ക്കോപ്പാ (1974-90), ഫാ. ജോർജ് ഡാനിയേൽ (1991-92), ഫാ. ഡാനിയേൽ പുല്ലേലിൽ (1992-1993), ഫാ. തോമാ തോമസ് (1993-98), ഫാ. ഫിലിപ്പോസ് ഫിലിപ്പ് തേവർകാട്ടിൽ (1998-2003), വെരി.റവ. ഔസേഫ് പാത്തിക്കൽ കോർഎപ്പിസ്ക്കോപ്പാ (2003-2006).

പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ കല്പന പ്രകാരം 2006 മുതൽ ഫാ. ഡോ. തോമസ് ജോർജ് വികാരിയായി സേവനം അനുഷ്ഠിക്കുന്നു.



John Mathen



Biju Mathew



Alex George



Sonny Thomas
Secretary



Alex P. Chandy
Trustee



Fr. Dr. Thomas George
Vicar

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/July/2015

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

# റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ

## അഭി. തിരുമേനിമാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ




അഭി. അലക്സിയോസ് മാർ തേവോദോസിയോസ് ഒ.ഐ.സി. അഭി. യൂഹാനോൻ മാർ അത്താനാസിയോസ് ഒ.ഐ.സി. അഭി. പൗലോസ് മാർ പക്കോമിയോസ് ഒ.ഐ.സി.

മലങ്കര സഭയിലെ പ്രഥമ സന്ന്യാസ സമൂഹസ്ഥാപകനും, ബാഹ്യകേരളമിഷന്റെ (ഇന്നു 7 ഭദ്രാസനങ്ങളായി സ്ഥിതിചെയ്യുന്നു) പ്രഥമ ഇടയനും, കൊല്ലം ഭദ്രാസനാധിപനുമായിരുന്ന അഭി. അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടേയും അദ്ദേഹത്തിന്റെ പിൻഗാമിയും കോട്ടയം ഭദ്രാസനത്തിന്റെ എപ്പിസ്കോപ്പയുമായിരുന്ന അഭി. യൂഹാനോൻ മാർ അത്താനാസിയോസ് തിരുമേനിയുടെയും, അങ്കമാലി, ഇടുക്കി, മാവേലിക്കര ഭദ്രാസനാധിപനുമായിരുന്ന അഭി. പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെയും സംയുക്ത ഓർമ്മപ്പെരുന്നാൾ 2015 ജൂലൈ 31 മുതൽ ഓഗസ്റ്റ് 6 വരെയുള്ള തീയതികളിൽ റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ വച്ച് നടത്തപ്പെടുന്നു. പെരുന്നാൾ പരിപാടികൾക്ക് പരി.കാതോലിക്കാ ബാവാ തിരുമേനിയും, അഭി. പിതാക്കന്മാരും നേതൃത്വം നൽകുന്നു.

## Programme

**ജൂലൈ 31** വനിതാ സംഗമം

**ഓഗസ്റ്റ് 1** അഭി. പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ മൂന്നാം ഓർമ്മപ്പെരുന്നാൾ, ഗോൾഡൻ ജൂബിലി മെമ്മോറിയൽ ദൈവവിളി കോൺഫറൻസ്, വി. കുർബ്ബാന

**ഓഗസ്റ്റ് 2** യുവജന സംഗമം

**ഓഗസ്റ്റ് 5** ■ നിരണം പള്ളിയിൽ നിന്നും അഭി: അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഛായാചിത്ര വാഹന ഘോഷയാത്ര ■ നിലയ്ക്കൽ, റാന്നി, വടശ്ശേരിക്കര, പെരുനാട്, കനകപ്പലം മേഖലകളിൽ നിന്നുള്ള പദയാത്രകൾ ■ പൊതു സമ്മേളനം ■ മാർ തേവോദോസിയോസ് ചരമ സുവർണ്ണജൂബിലി സമാപനം.
■ മാർ തേവോദോസിയോസ് എക്സലൻസി അവാർഡ് പ്രശസ്ത സാമൂഹിക പ്രവർത്തക ഉമാ പ്രേമന് നൽകുന്നു.

**ഓഗസ്റ്റ് 6** സംയുക്ത ഓർമ്മപ്പെരുന്നാൾ : വി.കുർബ്ബാന പരിശുദ്ധ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ, കബറിങ്കൽ ധൂപപ്രാർത്ഥന, ആശിർവാദം, നേർച്ചവിളമ്പ്

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL
Rs. 15/-